പഞ്ചായത്ത്‌രാജ്

പുസ്തകം 53 ◆ ലക്കം 04 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ജൂലൈ 2013

ഭരണഭാഷ മാതൃഭാഷ

ജൈവവൈവിധ്യം: വെല്ലുവിളികളും സമ്മർദ്ദങ്ങളും

പ്രതീക്ഷയുടെ പുതുനാമ്പുമായി
ദേശീയഭക്ഷ്യ സുരക്ഷാ നിയമം

കുടുംബശ്രീയിലൂടെ സർവ്വതല സ്പർശിയായ പരിണാമം

ഡോ. എം.കെ. മുനീർ

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം

മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6

കുടുംബശ്രീയിലൂടെ സർവ്വതല സ്പർശിയായ പരിണാമം
ഡോ. എം.കെ. മുനീർ

8
പ്രതീക്ഷയുടെ പുതുനാമ്പുമായി ദേശീയഭക്ഷ്യ സുരക്ഷ നിയമം
ടി ഷാഹുൽ ഹമീദ്

ഗ്രാമസഭ പ്രാദേശിക ജനകീയ ഭരണതലം ഭാഗം-4
പി.റ്റി. മാത്യു

12

ആരോഗ്യകരമായ ഉച്ചമയക്കത്തിന് സ്നേഹം കിടക്കകൾ
കെ.എം. മുഹമ്മദ് അനിൽ
15

17

തദ്ദേശ സ്ഥാപനങ്ങളും സ്വകാര്യ പങ്കാളിത്തവും
രഘുരാമൻ

വെറും നേരമ്പോക്കിന് ഒരു വിനോദനികുതി
ജോൺ എസ്. ജയിംസ്
20

ഗ്രാമപഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്
24

26

പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും- ക്വാളിഫൈഡ് സർട്ടിഫിക്കറ്റ്
ഉദയഭാനു കണ്ടേത്ത്

29
യുവജന ഗ്രാമസഭക്ക് ഒരു മാതൃക
ഡോ.ജെ.ബി. രാജൻ

31
നാം അറിയേണ്ട ലോകം
പ:ന്യൂ:സർവ്വീസ്

ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിനു കീഴിൽ ആയുഷ് മുഖ്യധാരയിലേക്ക്
പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

32

ജൈവവൈവിധ്യം: വെല്ലുവിളികളും സമ്മർദങ്ങളും
അജിത് വെണ്ണിയൂർ
35

38
സമന്വയം - റിപ്പോർട്ട്
ജോസ് മാത്യു

പി.എൻ. പണിക്കർ അനുസ്മരണം
41

വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ലക്ഷ്യങ്ങളില്ല

വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയ ലക്ഷ്യങ്ങളില്ലെന്ന് മന്ത്രി ഡോ. എം.കെ മുനീർ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ സമഗ്രവികസന ശില്പശാല മുളംകുന്നത്തുകാവ് കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഞ്ചു വർഷത്തേക്കല്ല മറിച്ച് ഭാവി തലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും മന്ത്രി കൂട്ടിച്ചേർത്തു. കില ഡയറക്ടർ ഡോ.പി.പി ബാലൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ വികസന പ്രവർത്തനങ്ങളുടെ ഏകോപനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടത്തിവരുന്ന സമഗ്രവികസന ശില്പശാലകൊണ്ട് ലക്ഷ്യമിടുന്നതെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ ഡോ. ബാലൻ പറഞ്ഞു. ഗ്രാമസഭാ ശാക്തീകരണത്തിനു വേണ്ടി മന്ത്രി മുനീർ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കിലയിലെ അസോ. പ്രൊഫസർമാരായ ഡോ. പീറ്റർ എം.രാജ്, ഡോ. സണ്ണി ജോർജ്, അസി.ഡയറക്ടർ ഡോ. കെ.എം. സലീം എന്നിവർ സംസാരിച്ചു. കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ചെയർമാൻ കെ. മൊയ്തീൻ കോയ, കാലിക്കറ്റ് അർബൻ ഡെവലപ്മെന്റ് അതോറിറ്റി ചെയർമാൻ അബൂബക്കർ, കില ഡെപ്യൂട്ടി ഡയറക്ടർമാരായ ജോസ്നമോൾ, പ്രേമാജോയ്സ് എന്നിവർ സംബന്ധിച്ചു.

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 24 കോർപ്പറേഷൻ വാർഡുകളിലെ ജനപ്രതിനിധികൾ, തെരെഞ്ഞെടുക്കപ്പെട്ട 28 റസിഡൻസ് അസോസിയേഷനുകളുടെ ഭാരവാഹികൾ, പ്രമുഖ സന്നദ്ധസംഘടനാ പ്രവർത്തകർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപശാലയിൽ പങ്കെടുത്തത്. കൃഷി, വിദ്യാഭ്യാസം, യുവജനക്ഷേമം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, സാമൂഹ്യനീതി, അടിസ്ഥാന വികസന സൗകര്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് മന്ത്രി സംസാരിച്ചു. തുടർനടപടിക്കുള്ള സ്റ്റിയറിംഗ് കമ്മിറ്റിയേയും വർക്കിംഗ് ഗ്രൂപ്പിനേയും തെരെഞ്ഞെടുത്തു.

കില കാമ്പസിൽ സജ്ജീകരിച്ച് ടെറാക്കോട്ട ശിൽപ്പങ്ങളുടെ ഗാർഡൻ മന്ത്രി ഡോ.എം.കെ.മുനീർ ഉദ്ഘാടനം ചെയ്യുന്നു

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2013
പുസ്തകം 53
ലക്കം 04
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

എസ്. ലളിതാംബിക, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എസ്. ലളിതാംബിക, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

ഗ്രാമപഞ്ചായത്തുകൾ കൂടുതൽ കർമ്മ നിരതരാകണം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷ പദ്ധതിനിർവ്വഹണത്തിലേയ്ക്കു കടന്നിരിക്കുകയാണ് ഗ്രാമപഞ്ചായത്തുകൾ. പദ്ധതി നിർവ്വഹണം പുതിയ രീതിയിലേക്ക് മാറിയതിനാൽ ആദ്യ വർഷം തുടക്കത്തിൽ അനുഭവപ്പെട്ട ആശങ്കകൾ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. ലളിതവും സുതാര്യവുമായ നടപടിക്രമങ്ങളിലൂടെ പദ്ധതിരൂപീകരണവും അംഗീകാരം വാങ്ങലും സാധ്യമാകുന്നുണ്ട്. 30.06.2013-ലെ കണക്കുപ്രകാരം 852 ഗ്രാമ പഞ്ചായത്തുകൾ അവരുടെ പദ്ധതികൾക്കു അംഗീകാരം വാങ്ങിക്കഴിഞ്ഞു. ഇതുവരെയും പദ്ധതി അംഗീകാരം വാങ്ങാത്ത ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം നീതീകരിക്കത്തക്കതല്ല. പദ്ധതി അംഗീകാരം നേടിയ ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർവ്വഹണം കുറ്റമറ്റരീതിയിൽ സമയബന്ധിതമായി നിർവ്വഹിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള ഗ്രാമസഭകൾ അതു അർഹിക്കുന്ന ഗൗരവത്തോടെ വിളിച്ചുകൂട്ടി അർഹരെ തന്നെ തിരഞ്ഞെടുക്കുന്നു എന്നു ഉറപ്പുവരുത്തണം. ഗ്രാമസഭയുടെ സജീവതകൊണ്ട് മാത്രമെ പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയൂ എന്നു നാം അറിയണം.

ഗ്രാമപഞ്ചായത്തുകളിൽ പലതിലും തനതു ഫണ്ടിന്റെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട്തന്നെയാണ് 114 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക അനുവദിക്കാൻ കഴിയാതിരുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് വർഷങ്ങളായി മുടങ്ങി കിടന്ന വസ്തുനികുതി പരിഷ്കരണം കൂടുതൽ ലളിതവൽക്കരിച്ചുകൊണ്ട് "നികുതിദായക സൗഹൃദപരം" ആക്കി ഉത്തരവായത്. ഐ.കെ.എം. വികസിപ്പിച്ചെടുത്ത 'സഞ്ചയ' സോഫ്റ്റ് വെയർ ഉപയോഗിച്ച് നികുതി പരിഷ്കരണം നടത്തി തനതുവരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് പൂർത്തീകരിക്കണം. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ലഭിക്കേണ്ട പ്രൊമോഷനുകൾ യഥാസമയം നൽകുകയും ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റായി പ്രമോഷൻ ലഭിച്ചുവന്നവർക്കു യഥാസമയം തന്നെ പരിശീലനം നൽകാനും സാധിച്ചിട്ടുണ്ട്. ഇവയെല്ലാം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിലൂടെ പ്രാദേശിക സർക്കാരുകളായി മാറിയ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജനങ്ങൾ കൂടുതൽ സേവനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട് എന്നു നാം മനസ്സിലാക്കണം. വിവരാവകാശ നിയമവും, സേവനാവകാശനിയമവും ഒക്കെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതും സുതാര്യവും ആയിരിക്കണമെന്ന് നമ്മോട് ആവശ്യപ്പെടുന്നു.

പഞ്ചായത്തു ഭരണസമിതിയുടേയും ജീവനക്കാരുടേയും കൂട്ടായ്മയിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ജനങ്ങൾക്കു നൽകേണ്ട സേവനങ്ങൾ പരാതിയ്ക്ക് ഇടംനൽകാതെ യഥാസമയം നൽകി മറ്റ് സർക്കാർ ആഫീസുകൾക്കു മാതൃകയാകാൻ കഴിയണം, അതിനു വേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കുടുംബശ്രീയിലൂടെ സർവ്വതല സ്പർശിയായ പരിണാമം

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

കേരളീയ സമൂഹത്തിന്റെ സർവ്വതലസ്പർശിയായ പരിണാമത്തിന് ചാലക ശക്തിയായ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ പതിനഞ്ചാം വർഷമാണിത്. സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് അർഹിക്കുന്ന സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹിക-സാമ്പത്തിക-സ്ത്രീശാക്തീകരണത്തിന് രാജ്യത്തിനാകെ മാതൃകയാകാനും കഴിഞ്ഞിട്ടുള്ള പ്രസ്ഥാനമാണ് കുടുംബശ്രീ. അത്യപൂർവ്വങ്ങളായ നേട്ടങ്ങളും പ്രതീക്ഷാനിർഭരമായ അനവധി പുതിയ കർമപദ്ധതികളുമായാണ് കുടുംബശ്രീ ഇപ്പോൾ നിലകൊള്ളുന്നത്. ഒരു ലക്ഷം പേർക്ക് പുതുതായി തൊഴിൽ എന്നതാണ് ഇക്കൊല്ലം കുടുംബശ്രീ മുന്നോട്ടു വയ്ക്കുന്ന ഒരു പ്രധാന ലക്ഷ്യം. അതിനുള്ള വിപുലമായ കർമപദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. വിപുലമായ വികസന ക്യാമ്പയിൻ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനത്തെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനം കഴിഞ്ഞ 2 വർഷമായി നടത്തിവരുകയാണ്. ഇതിന്റെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ വിപുലീകരിക്കാൻ പ്രത്യേക ബാങ്ക് ലിങ്കേജ് ക്യാമ്പയിൻ വഴി 30020 പുതിയ അയൽ ക്കൂട്ടങ്ങൾക്ക് 560 കോടി രൂപയുടെ വായ്പ ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ ആറുമാസത്തെ അയൽക്കൂട്ട പ്രവേശന ക്യാമ്പയിനിലൂടെ രണ്ടരലക്ഷം കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി കുടുംബശ്രീയുടെ അടിത്തറയും വിപുലീകരിക്കുകയുണ്ടായി. 29503 പുതിയ അയൽക്കൂട്ടങ്ങൾ കൂടി പുതുതായി രൂപീകരിച്ചു. അതിൽ 2471 അയൽക്കൂട്ടങ്ങൾ പട്ടികജാതിക്കാർ ഉൾപ്പെടുന്നതാണ്. 905 പട്ടികവർഗ്ഗ കുടുംബങ്ങളെക്കൂടി കുടുംബശ്രീയിൽ ചേർക്കാൻ കഴിഞ്ഞു. മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായ 1257 പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിക്കാൻ സാധിച്ചു. ഇത് സവിശേഷമായ ഒരു നേട്ടമാണ്. പല കാരണങ്ങളാൽ അയൽക്കൂട്ടങ്ങളിൽ അംഗമാകാൻ കഴിയാത്തതു കൊണ്ട് കുടുംബശ്രീയുടെ ഗുണഫലങ്ങൾ അനുഭവിക്കാൻ സാധിക്കാതെ പോയ പാർശ്വവൽകൃത വിഭാഗങ്ങളെ മുഴുവൻ ഉൾക്കൊള്ളുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം. കുടുംബശ്രീ സംവിധാനത്തിലെ പതിനായിരക്കണക്കിന് സ്ത്രീകളുടെ കഠിനാധ്വാനം ഈ ലക്ഷ്യം നേടുന്നതിന് സഹായകമായി.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, മഹിളാ സശാക്തീകരണ പരിയോജന, സംസ്ഥാന സർക്കാരിന്റെ പദ്ധതി സഹായം എന്നിവയിലൂടെ സംരംഭകരുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനും കാർഷികമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള വിപുലമായ സംവിധാനങ്ങൾക്കും തുടക്കം കുറിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷം 1025 പുതിയ തൊഴിൽ സംരംഭങ്ങളിലൂടെ 5410 പേർക്ക് ഉപജീവന മാർഗം നൽകി. കുടുംബശ്രീ സംരംഭകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തും വിപണി വിപുലീകരിക്കുക എന്നതാണ് അടുത്ത ലക്ഷ്യം. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വളവുകൾ മാറ്റിയെടുക്കുമ്പോൾ വരുന്ന അധികം ഭൂമിയിൽ (oxbow land) കുടുംബശ്രീ സംരംഭങ്ങളുടെ നേതൃത്വത്തിൽ വിശ്രമകേന്ദ്രങ്ങളും കുടുംബശ്രീ ഉത്പ്പന്നങ്ങളുടെ വിപണന കേന്ദ്രവും സ്ഥാപിക്കാൻ ഇതിനകം ധാരണയായിട്ടുണ്ട്. ഏതാനും പൊതുമരാമത്ത്

സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് അർഹിക്കുന്ന സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുംസാമൂഹിക–സാമ്പത്തിക–സ്ത്രീശാക്തീകരണത്തിന് രാജ്യത്തിനാകെ മാതൃക യാകാനും കഴിഞ്ഞിട്ടുള്ള പ്രസ്ഥാനമാണ് കുടുംബശ്രീ. അത്യപൂർവ്വങ്ങളായ നേട്ടങ്ങളും പ്രതീക്ഷാനിർഭരമായ അനവധി പുതിയ കർമപദ്ധതികളുമായാണ് കുടുംബശ്രീ ഇപ്പോൾ നിലകൊള്ളുന്നത്.

റസ്റ്റ് ഹൗസുകളിലെ കാറ്ററിംഗും കുടുംബശ്രീ ഏറ്റെടുക്കാൻ തീരുമാനമായി. വ്യാപാര ശൃംഖലകളുമായി കൈകോർത്തുകൊണ്ട് പുതിയ വിപണന സാദ്ധ്യതകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തനിമ–കേരളീയത– പരിശുദ്ധി എന്നിവ ഓരോ ഉല്പന്നത്തിന്റെയും മുദ്രയായിരിക്കും. കുടുംബശ്രീയുടെ അഭിമാനമാണ് കഫേ കുടുംബശ്രീ എന്ന ഭക്ഷ്യ വിപണന ശൃംഖല. കുടുംബശ്രീയുടെ ഏറ്റവും ജനപ്രിയ സംരംഭങ്ങളിൽ ഒന്നായി അതു മാറി. 12 ഭക്ഷ്യമേളകളിലൂടെ മൂന്നു കോടി രൂപയുടെ വിറ്റുവരവ് കഫേ കുടുംബശ്രീ നേടി. 350 പേർക്ക് ഇതിലൂടെ പുതുതായി തൊഴിൽ നൽകാൻ സാധിച്ചു.

സംഘകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്കും പഴങ്ങൾക്കും ഇന്ന് വിപണിയിൽ പ്രിയമേറി വരികയാണ്. വിഷം തീണ്ടാത്ത ഭക്ഷ്യവസ്തുക്കൾക്ക് എത്ര കൂടിയ വിലയ്ക്കും ആവശ്യക്കാരുണ്ട്. ഈ സാഹചര്യം പൂർണമായും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീയുടെ വിശ്വാസ്യത പ്രയോജനപ്പെടുത്തി കാർഷിക വിപണിയിൽ മുൻകൈ നേടാൻ തീർച്ചയായും സാധിക്കും. കുടുംബശ്രീ ഉത്പ്പന്നങ്ങൾ ആവശ്യക്കാർക്ക് അവരുടെ ഭവനങ്ങളിൽ ലഭ്യമാക്കുന്നതിന് കുടുംബശ്രീ വിപണന ശൃംഖല വിപുലീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. തദ്ദേശീയ വിപണിയോടൊപ്പം വിദേശ വിപണിയും നമ്മൾ കണ്ടെത്തും.

കുടുംബശ്രീയുടെ പതിനാലാം വാർഷികത്തിന്റെ ഭാഗമായി അയൽക്കൂട്ടാംഗങ്ങൾ സ്വന്തം ജീവിതാനുഭവങ്ങൾ കുറിച്ച 1072 പുസ്തകങ്ങൾ മറ്റ് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് 'നിർഭയ' ഏറ്റവും താഴേത്തട്ടിൽ ഫലപ്രദമായി എത്തിക്കുന്നതിന് കുടുംബശ്രീ സംവിധാനം മുന്നോട്ടു വന്നു കഴിഞ്ഞു. 77 പഞ്ചായത്തുകളിൽ ക്രൈം മാപ്പിംഗ് ഉൾപ്പെടെയുള്ള നവീന ആശയങ്ങളുമായി ഈ പദ്ധതി സജീവമായി മുന്നേറുന്നു. തിരുവനന്തപുരം, മലപ്പുറം, എറണാകുളം ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. മറ്റു ജില്ലകളിലും ഹെൽപ്പ്ഡെസ്ക് സംവിധാനം ആരംഭിക്കും.

116 കോടി രൂപയാണ് ഇക്കൊല്ലം കുടുംബശ്രീക്കായി ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്. കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾക്കുള്ള തുക കൂടി ചേർത്താൽ 280 കോടി രൂപയാകും.

കുടുംബശ്രീ കൈവരിച്ച ഓരോ നേട്ടങ്ങളുടെയും അവകാശികൾ സമൂഹത്തിൽ ഏറ്റവും താഴേത്തട്ടിൽ അയൽക്കൂട്ടങ്ങളിൽ പ്രവർത്തിക്കുന്ന അനേകായിരം സഹോദരിമാരാണ്. അവരുടെ അധ്വാനവും വിയർപ്പും രക്തവുമാണ് കുടുംബശ്രീയുടെ ശക്തിസ്രോതസ്. സ്ത്രീശാക്തീകരണത്തിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും ലോക സമക്ഷം പുതിയ ഒരു ചരിത്രം അവതരിപ്പിക്കാൻ കേരളത്തെ പ്രാപ്തമാക്കുന്ന ഈ പ്രസ്ഥാനത്തെ നെഞ്ചോട് ചേർക്കുക എന്നത് നമ്മുടെ കടമയാണ്. ■

പ്രതീക്ഷയുടെ പുതുനാമ്പുമായി
ദേശീയ ഭക്ഷ്യ സുരക്ഷ നിയമം

ടി. ഷാഹുൽ ഹമീദ്

ലോകത്തിന് തന്നെ മാതൃകയായി ഒരു പുതിയ നിയമ നിർമ്മാണത്തിന് തയ്യാറെടുക്കുകയാണ് ഭാരതം. (ഈ ലേഖനം പ്രസിദ്ധീകരിക്കുമ്പോൾ ഈ നിയമം പ്രാബല്യത്തിൽ വന്നിരിക്കാം) ജനങ്ങളുടെ ജീവിതക്രമത്തിൽ അടയാളപ്പെടുത്തലുകൾ നടത്തിയ ചില നല്ല നിയമനിർമ്മാണങ്ങൾക്ക് പിന്നാലെ, രാജ്യത്തിലെ സർവ്വരെയും ബാധിക്കുന്ന ഒരു വേറിട്ട നിയമ നിർമ്മാണത്തിന് ഭരണാധികാരികൾ മുന്നോട്ട് വന്നിരിക്കുന്നു. ചർച്ചകളും തിരക്കിട്ട മുന്നൊരുക്കങ്ങളുമായി നിയമനിർമ്മാണ പ്രക്രിയയിൽ സക്രിയമായ ഇടപെടലുകൾ നടത്തുന്ന ഈ ഘട്ടത്തിൽ രാജ്യം ഏറെ പ്രതീക്ഷയോടെയാണ് ഈ നിയമത്തെ നോക്കി കാണുന്നത്. 2013 ൽ ലോകസഭയിൽ അവതരിപ്പിച്ച ബില്ലിന്റെ കരട് കോപ്പി സംസ്ഥാനങ്ങൾക്ക്, അടിയന്തിരമായി നടപടി സ്വീകരിക്കുന്നിന്റെ ഭാഗമായി അയച്ചു കൊടുത്തിരിക്കുന്നു.

രാജ്യം വികസന കുതിപ്പിൽ ബഹുദൂരം മുന്നേറുമ്പോൾ ഇന്ത്യയിലെ ജനങ്ങളിൽ മൂന്നിൽ ഒരാൾ ദരിദ്രനാണ് എന്ന കാര്യം വിസ്മരിക്കുവാൻ പാടില്ല. ലോകത്തിലെ ദരിദ്രരിൽ 33% അധിവസിക്കുന്നത് ഇന്ത്യയിലാണ്, നമ്മുടെ നാട്ടിലെ ജനങ്ങളിൽ 22% പേർക്ക് പോഷകാഹാരം ലഭ്യമല്ല. രാജ്യത്തിലെ 3 വയസ്സിന് താഴെയുള്ള കുട്ടികളിൽ 40.4% ഭാരക്കുറവ് അനുഭവപ്പെടുന്നു. 15 വയസ്സ് മുതൽ 49 വയസ്സ് വരെയുള്ള സ്ത്രീകളിൽ 33% കടുത്ത ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നു. അനീമിയ ബാധിതരായ (വിളർച്ച) കുട്ടികളുടെ എണ്ണം 78.9% മായി ഉയർന്നിരിക്കുന്നു. രാജ്യത്തിലെ ഗ്രാമീണ ജനസംഖ്യയിൽ 46% നഗരപ്രദേശങ്ങളിലെ ജനങ്ങളിൽ 28% ഇന്നും ദരിദ്രാവസ്ഥയിൽ ജീവിക്കുന്നു, ദിാരിദ്ര്യത്തിന്റെ വിവിധ സൂചികകളിൽ രാജ്യത്തിലെ 400 മില്യൻ ജനങ്ങൾ അകപ്പെട്ടിരിക്കുന്നു, കുട്ടികളിൽ 5 വയസ്സിന് താഴെയുള്ളവരിൽ 43% ജീവിക്കാൻ ആവശ്യമായ പോഷകമൂല്യമുള്ള ഭക്ഷണം ലഭ്യമാകുന്നില്ല. ജീവിക്കാൻ ആവശ്യമായ 2400 കലോറി ഊർജ്ജം ലഭിക്കാൻ ഉതകുന്ന ഭക്ഷണം ലഭിക്കാത്തവരായി ഇന്ത്യയിൽ 246 മില്യൻ ജനങ്ങൾ ഉണ്ട്. ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി പഠനപ്രകാരം രാജ്യത്തിലെ 55% ജനങ്ങളും ഏതെങ്കിലും തരത്തിലുള്ള ദരിദ്രാവസ്ഥ അനുഭവിക്കുന്നവരാണ്. ലോകത്തിലെ ദരിദ്രരുടെ പകുതിയും (51%) ഇന്ത്യ അടക്കമുള്ള തെക്കൻ ഏഷ്യൻ രാജ്യങ്ങളിലാണ് അധിവസിക്കുന്നത്. ആഫ്രിക്കയിലെ ദരിദ്രരേക്കാൾ കൂടുതൽ പേർ ബീഹാർ, ഛത്തീസ്ഘഡ്, ജാർക്കണ്ഡ്, മധ്യപ്രദേശ്, ഒറീസ്സ, രാജസ്ഥാൻ, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കഴിയുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 81.4% പട്ടികജാതി വിഭാഗങ്ങളിൽ 65.8% ഒ ബി സി വിഭാഗങ്ങളിൽ 58.3% ഉം ദരിദ്രരാണ്, ഇന്ത്യയിലെ കുട്ടികളിൽ ഏകദേശം 61 മില്യൻ കുട്ടികൾക്കും പലകാരണങ്ങളായി വളർച്ചാ വിഘാതം നേരിടുന്നു, 35% ജനങ്ങൾക്കും ഏതെങ്കിലും രീതിയിലുള്ള കാരണങ്ങൾ കൊണ്ട് ജീവിക്കാൻ ആവശ്യമായ ഭക്ഷണം ലഭിക്കുന്നില്ല, ലഭിക്കുന്ന ഭക്ഷണം പോഷകാഹാര സമ്പന്നവുമല്ല.

ഇന്ത്യൻ ഭരണഘടനയുടെ 47-ാം അനുഛേദത്തിൽ ജനങ്ങൾക്ക് അഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ പോഷകസമ്പന്നമായ, ഭക്ഷണവും, ആരോഗ്യ സൗകര്യവും നൽകേണ്ടത് ഭരണകൂടത്തിന്റെ ഒഴിച്ച് കൂടാനാവാത്ത ഉത്തരവാദിത്തവും കടമയുമാണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പറയുന്നു. ഐക്യരാഷ്ട്ര സഭയുടെ മില്ലേനിയം വികസന ലക്ഷ്യത്തിൽ, അതി ദാരിദ്ര്യം തുടച്ച് മാറ്റുന്നതിനും, ദാരിദ്ര്യം, വിശപ്പ് എന്നിവ ഇല്ലാതാക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കണം എന്ന് രാജ്യങ്ങളോട് ആവശ്യപ്പെടുന്നു. നാളിത് വരെയുള്ള പൊതുക്ഷേമ പ്രവർത്തനങ്ങളിൽ നിന്ന് മാറി ഭക്ഷണം അവകാശമായി മാറുന്നു. ജീവിക്കാൻ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് ലഭിക്കാൻ പൗരന്മാർക്ക് അവകാശാധികാരമുണ്ടെന്ന് 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷ നിയമം ഉദ്ഘോഷിക്കുന്നു. രാജ്യത്തെ പാവപ്പെട്ടവരുടെ ദീർഘനിശ്വാസത്തിന്റെ നൊമ്പരം ഏറ്റ് വാങ്ങിയ സുപ്രധാന നിയമം ആവാൻ പോകുകയാണ് ഭക്ഷ്യ സുരക്ഷ നിയമം. ഈ നിയമം ഉടൻ പാസ്സാക്കും എന്ന ഭരണാധികാരികളുടെ പ്രസ്താവന ഹർഷപുളകിതമായാണ് രാജ്യത്തിലെ ജനങ്ങൾ സ്വീകരിച്ചത്. വിവരാവകാശനിയമം, തൊഴിലുറപ്പ് നിയമം, ഗാർഹികപീഢന നിയമം, ക്രിമിനൽ ഭേദഗതിനിയമം എന്നീ നിയമങ്ങൾ പാസ്സാക്കിയ യു പി എ ഭരണാധികാരികൾക്ക് തീർച്ചയായും മറ്റൊരു പൊൻതൂവലാണ് ഭക്ഷ്യ സുരക്ഷ ബിൽ പാസ്സാക്കുന്നതോടെ ലഭിക്കാൻ പോകുന്നത്, ജനസംഖ്യയിലെ 67%ത്തിനും നിയമം മൂലം ഭക്ഷ്യസുരക്ഷ ഏർപ്പെടുത്തുമ്പോൾ നാളിത് വരെയുള്ള എല്ലാ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടെയും ആകെ തുകയാകും ഈ നിയമം എന്നുള്ള കാര്യത്തിൽ സംശയമില്ല.

രാജ്യം വികസന കുതിപ്പിൽ ബഹുദൂരം മുന്നേറുമ്പോൾ ഇന്ത്യയിലെ ജനങ്ങളിൽ മൂന്നിൽ ഒരാൾ ദരിദ്രനാണ് എന്ന കാര്യം വിസ്മരിക്കുവാൻ പാടില്ല. ലോകത്തിലെ ദരിദ്രരിൽ 33% അധിവസിക്കുന്നത് ഇന്ത്യയിലാണ്, നമ്മുടെ നാട്ടിലെ ജനങ്ങളിൽ 22% പേർക്ക് പോഷകാഹാരം ലഭ്യമല്ല. രാജ്യത്തിലെ 3 വയസ്സിന് താഴെയുള്ള കുട്ടികളിൽ 40.4% ഭാരക്കുറവ് അനുഭവപ്പെടുന്നു. 15 വയസ്സ് മുതൽ 49 വയസ്സ് വരെയുള്ള സ്ത്രീകളിൽ 33% കടുത്ത ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നു.

ദേശീയ ഉപദേശക കൗൺസിൽ അധ്യക്ഷ സോണിയ ഗാന്ധി 27/10/2010 ന് പ്രധാനമന്ത്രിക്ക് ഈ കാര്യത്തിൽ നിയമനിർമ്മാണത്തിന് ആവശ്യപ്പെട്ട് അയച്ച കത്തിനെ തുടർന്ന് ഡോ. സി. രംഗരാജന്റെ നേതൃത്വത്തിൽ വിശദമായ പഠനവും ഗഹനമായ ചർച്ചകളും, രാജ്യത്തിലെ സ്റ്റേക്ക് ഹോൾഡർമാരുമായി നടത്തിയ കൂടിയാലോചനകളുടെയും ഫലമായിട്ടാണ് 2013-ലെ ഭക്ഷ്യസുരക്ഷ ബിൽ പിറന്ന് വീണത്. ദേശീയ ഉപദേശക കൗൺസിലിന്റെ നിർദ്ദേശവും ഇടപെടലും ഈ കാര്യത്തിൽ നിർണ്ണായകമായിരുന്നു. സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം 1990-ൽ രാജ്യത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഉച്ച ഭക്ഷണ പരിപാടി നടപ്പിലാക്കിയത്. ഭക്ഷ്യസുരക്ഷയിലെ ആദ്യ കാൽവെപ്പായി കരുതാം. കാലാവസ്ഥ വ്യതിയാനം, മഴയുടെ കുറവ് എന്നീ കാരണങ്ങളാൽ കാർഷികമേഖല പിറകോട്ടടിക്കുന്നു.

രാജ്യത്തിലെ ജനങ്ങൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ ഗുണനിലവാരവും ഈടുറ്റതുമായ പോഷക സമ്പന്നമായ ഭക്ഷ്യധാന്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ചരിത്രപ്രസിദ്ധമായ നിയമമാണ് ദേശീയ ഭക്ഷ്യസുരക്ഷ ബിൽ -2013. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും ഈ നിയമപ്രകാരം നടപടി സ്വീകരിക്കും. ഭക്ഷ്യധാന്യം എന്നത് കൊണ്ട് അരി, ഗോതമ്പ് മറ്റ് ഭക്ഷ്യധാന്യങ്ങൾ എന്നാണ് വിവക്ഷിക്കുന്നത് രാജ്യത്തിലെ ജനങ്ങളെ മുൻഗണനാ വിഭാഗമായും, ജനറൽ വിഭാഗമായും തരംതിരിക്കുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യം സബ്സിഡി നിരക്കായ അരിക്ക് ഒരു കിലോവിന് 3 രൂപ, ഗോതമ്പ് 2 രൂപ, മറ്റ് ധാന്യങ്ങൾ



1 രൂപ എന്നീ നിരക്കിൽ പൊതു വിതരണ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കും. അന്ത്യോജന അന്നയോജന ഗുണഭോക്താക്കൾക്ക് 35 കിലോ ഭക്ഷ്യധാന്യങ്ങൾ ഒരു മാസത്തേക്ക് നൽകും.(ആദ്യത്തെ 3 വർഷം ഈ സബ്സിഡി നിരക്ക് തുടരും) രാജ്യത്തെ ഗ്രാമീണ ജനങ്ങളിൽ 75%, പട്ടണ പ്രദേശങ്ങളിലെ ജനങ്ങളിൽ 50% ത്തിനും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകും. ഭക്ഷ്യധാന്യം ജനങ്ങൾക്ക് എത്തിക്കേണ്ടത് സംസ്ഥാനങ്ങളുടെ ചുമതലയാണ്. രാജ്യത്തിലെ എല്ലാ ഗർഭിണികൾക്കും സൗജന്യനിരക്കിൽ ഭക്ഷണം അംഗൻവാടികളിലൂടെ ലഭ്യമാക്കും. പ്രസവിച്ച് 6 മാസം വരെ പ്രതിമാസം 1000/ രൂപ പ്രകാരം സഹായധനം ഈ നിയമത്തിലൂടെ ലഭിക്കും. സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരികൾക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല. 14 വയസ്സ് വരെ കുട്ടികൾക്ക് പോഷകസമ്പന്നമായ ഭക്ഷണം ഈ നിയമം മൂലം ഉറപ്പ് നൽകുന്നു. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അംഗൻവാടികളിലൂടെ സൗജന്യ ഭക്ഷണം, 6 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ളവർക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകണം. ഇതിന് ആവശ്യമായ സൗകര്യങ്ങൾ സ്കൂളുകളിൽ സർക്കാർ ഒരുക്കണം. അർഹതപ്പെട്ടവർക്ക് ഭക്ഷണമോ, ഭക്ഷ്യധാന്യമോ എത്തിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടാൽ ഭക്ഷ്യസുരക്ഷ അലവൻസ് സംസ്ഥാന സർക്കാരിൽ നിന്ന് ലഭിക്കുവാൻ അർഹതയുണ്ടാകും, ഇത് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കും. ഈ നിർദ്ദേശം ഈ നിയമത്തിലെ അന്തരാത്മാവാണ്. അർഹതയുള്ള എല്ലാവർക്കും ഒരു കാരണവശാലും ഭക്ഷണമോ, ഭക്ഷ്യധാന്യമോ ലഭിക്കാതിരിക്കാൻ പാടില്ല എന്ന നിശ്ചയദാർഢ്യമാണ് ഇത് വെളിവാക്കുന്നത്. സംസ്ഥാന സർക്കാരിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും, നഗര-ഗ്രാമ പ്രദേശം നിശ്ചയിക്കുന്ന കാര്യത്തിലും പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ബൃഹത്തായ ഈ പരിവർത്തന പദ്ധതിക്ക് മുമ്പിൽ രാജ്യത്തെ പൊതുവിതരണ സമ്പ്രദായം കുറ്റമറ്റതാക്കി നിർത്തുന്നതിനും സുസജ്ജമാക്കുന്നതിനും വേണ്ടി വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യത ഉപയോഗിക്കുന്നതിനും ആധാർ പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിക്കും. സുതാര്യത ഈ പദ്ധതിയുടെ കൂടപ്പിറപ്പാണ്. സ്ത്രീകൾക്ക് മുന്തിയ പരിഗണന ഈ നിയമത്തിൽ ലഭിക്കുന്നു. കുടുംബനാഥയായി സ്ത്രീകളെ മാത്രമേ പരിഗണിക്കുകയുള്ളൂ. 18 വയസ്സ് പൂർത്തീകരിച്ച മുതിർന്ന വനിതാഅംഗമായിരിക്കും കുടുംബനാഥ. 18 വയസ്സ് പൂർത്തിയാക്കിയ ആരുമില്ലെങ്കിൽ പുരുഷന്മാരെ കുടുംബനാഥന്മാരായി പരിഗണിക്കും. തർക്കപരിഹാര സംവിധാനങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ നിയമപ്രകാരം രൂപീകരിക്കും. ജില്ലാതല ഹെൽപ്പ് സെന്റർ, കാൾ സെന്റർ എന്നിവയും ഈ പദ്ധതിയുടെ പ്രത്യേകതകളാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകൾക്ക് പങ്കാളിത്തമുള്ള രീതിയിലാണ് ഈ നിയമം നടപ്പിലാക്കാൻ പോകുന്നത്. കേന്ദ്രം നൽകുന്ന ഭക്ഷ്യധാന്യം കൃത്യമായി എടുക്കുന്നതിനും അത് ഗുണനിലവാരമുള്ള സ്ഥലത്ത് സൂക്ഷിക്കുവാനും അർഹരായവർക്ക് സമയബന്ധിതമായി ലഭ്യമാക്കുവാനും സർക്കാരിന് ചുമതലയുണ്ട്. പദ്ധതിയുടെ നിർവ്വഹണവും നിരീക്ഷണവും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് വിപുലമായ സൗകര്യം ജില്ല-ബ്ലോക്ക് തലങ്ങളിൽ സർക്കാർ സൗകര്യം ചെയ്യണം. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മറ്റ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെയും സുസജ്ജമാക്കി നിർത്തണം. പ്രാദേശിക സർക്കാരുകൾക്കും ഒഴിച്ച് കൂടാനാവാത്ത ഉത്തരവാദിത്തം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും, ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന കാര്യത്തിലും ഉണ്ടാകും. കണ്ണാടി

പദ്ധതിയുടെ നിർവ്വഹണവും നിരീക്ഷണവും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് വിപുലമായ സൗകര്യം ജില്ല-ബ്ലോക്ക് തലങ്ങളിൽ സർക്കാർ സൗകര്യം ചെയ്യണം. സംസ്ഥാന സിവിൽ സപ്ലൈ കോർപ്പറേഷൻ, മറ്റ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെയും സുസജ്ജമാക്കി നിർത്തണം.

രാജ്യത്തിലെ ജനങ്ങൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ ഗുണനിലവാരവും ഈടുറ്റതുമായ പോഷക സമ്പന്നമായ ഭക്ഷ്യധാന്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ചരിത്രപ്രസിദ്ധമായ നിയമമാണ് ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ – 2013. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും ഈ നിയമപ്രകാരം നടപടി സ്വീകരിക്കും.

പോലെ സുതാര്യമാണ് ഈ പദ്ധതിയിലെ എല്ലാ പ്രവർത്തനങ്ങളും. പൊതു ജനഅറിവിലേക്കായി ഓരോ ചുവട് വെപ്പും പ്രസിദ്ധീകരിക്കണം. പ്രാദേശിക ഓഡിറ്റ് പരിശോധനയും സോഷ്യൽ ഓഡിറ്റും അഴിമതിക്ക് സാധ്യതയുള്ള ഈ പദ്ധതിയിൽ കൃത്യമായി നടത്തണം എന്ന് നിർദ്ദേശിക്കുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ അവശതയനുഭവിക്കുന്നവർക്കും പ്രത്യേക പരിഗണന ലഭിക്കേണ്ടവർക്കും സഹായകരമായ നിലപാട് സർക്കാരുകൾ സ്വീകരിക്കണം. ഈ നിയമം നടപ്പിലാക്കുമ്പോൾ പൊതുസേവകരുടെ ഭാഗത്ത് നിന്ന് വല്ല അമാന്തവും ഉണ്ടായാൽ 5000 രൂപ വരെ പിഴ ഈടാക്കാൻ നിയമം അനുശാസിക്കുന്നു.

ലോകത്തിന് മുമ്പിൽ ചൈനയുടെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനവും, ബ്രസീലിയൻ മാതൃകയും നമുക്ക് ഓർക്കാവുന്നതാണ്. 1981 ൽ 64% ദരിദ്രരുള്ള ചൈനയിൽ വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിയത് പ്രകാരം 12% ആയി ദാരിദ്ര്യം കുറഞ്ഞതും ബ്രസീലിൽ ബോൾസാ ഫാമിലി പദ്ധതി പ്രകാരം 20 മില്യൺ പാവപ്പെട്ടവർ ദാരിദ്ര്യത്തിൽ നിന്ന് കരകയറിയും ലോകാനുഭവമാണ്. സമാനതകളില്ലാത്ത ഇത്തരം പദ്ധതി പ്രവർത്തനങ്ങളിലെ ഉൾക്കാമ്പിൽ നിന്നാണ് ഈ പദ്ധതിയുടെ വിഭാവനം. ആരും തന്നെ രാജ്യത്ത് വിശക്കുന്നവർ ഉണ്ടാവരുത്. ഭക്ഷണം ആവശ്യക്കാരന്റെ ജന്മാവകാശമാണ്, ഭരണകൂടം പാവപ്പെട്ടവർക്ക് ഭക്ഷ്യധാന്യം പൊതുവിതരണ കേന്ദ്രത്തിലൂടെ ന്യായവിലയ്ക്ക് എത്തിക്കാനാണ് ഈ നിയമം മൂലം വിഭാവനം ചെയ്യുന്നത്.

ഈ പദ്ധതിക്ക് ഒന്നാംഘട്ടത്തിൽ ആവശ്യമായി വരുന്ന 49.36 മില്യൺ ടൺ ഭക്ഷ്യധാന്യവും അവസാനഘട്ടത്തിൽ 55.59 മില്യൻ ടൺ ഭക്ഷ്യധാന്യവും ആവശ്യമായി വരും. 71837 കോടി രൂപ ഒന്നാം ഘട്ടത്തിലും 79931 കോടി രൂപ അവസാനഘട്ടത്തിലും ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് കാർഷിക രംഗത്ത് ചടുലമായ മാറ്റം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. പഠനവും വൈവിധ്യവത്ക്കരണവും ഈ മേഖലയിൽ നിന്ന് അന്യം നിന്ന് പോകാൻ പാടില്ല. കർഷകർക്ക് മഴ ലഭിക്കാത്തത് കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണം. ഭക്ഷ്യ സുരക്ഷയ്ക്ക് ആവശ്യമായ രീതിയിൽ രാജ്യത്ത് ഇടതടവില്ലാതെ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കണം. എങ്കിൽ മാത്രമേ ഈ പദ്ധതി കൃത്യമായി മുന്നോട്ട് പോകുകയുള്ളൂ. കൂടാതെ ഭക്ഷ്യധാന്യം സൂക്ഷിക്കുന്നതിനുള്ള അതിവിപുലമായ സൗകര്യം സർക്കാർ ഒരുക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുടെ ലിസ്റ്റ് കുറ്റമറ്റതാക്കണം. അർഹരായവരുടെ ഒഴിഞ്ഞ് പോക്കും അനർഹരായവരുടെ കൂട്ടിചേർക്കലും ലിസ്റ്റിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. കൂടാതെ പൊതുവിതരണ സമ്പ്രദായം 2006–ലെ സുപ്രീം കോടതി നിർദ്ദേശ പ്രകാരം ഡി പി വാദ്വാ കമ്മീഷൻ നിർദ്ദേശങ്ങൾ അനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാക്കണം.

നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് പുതിയ വാതായനം തുറക്കുന്നു. ഭക്ഷണം രാജ്യത്തെ ദരിദ്രരുടെ അവകാശമാണ്. ഭരണാധികാരികൾ അത് നൽകുവാൻ സന്നദ്ധമായി മുന്നോട്ട് വന്നിരിക്കുന്നു. ഭരണകൂടം ഈ കാര്യത്തിൽ ജാഗരൂകമായ സമീപനം സ്വീകരിക്കുന്നതിൽ ദരിദ്രനാരായണന്മാർ ആനന്ദാനുഭൂതിയിലാണ്. ഒന്ന് ഉറക്കെ കരയാൻ പോലും സാധിക്കാത്ത, ഒന്ന് കൈ ഉയർത്തി ആംഗ്യം പോലും കാണിക്കാൻ പറ്റാത്ത ദാരിദ്ര്യത്തിന്റെ വിവിധ മുഖങ്ങളിൽ ജീവിതം കുടുങ്ങിപോയ ഹതഭാഗ്യരായവരുടെ ഗദ്ഗദത്തിൽ നിന്നാണ് രാജ്യം പുരോഗമനപരവും, ലോകം ഉറ്റ് നോക്കുന്നതുമായ ഈ നിയമനിർമ്മാണത്തിലൂടെ നടത്തിയിരിക്കുന്നത്. ■

ലേഖകൻ: കുടുംബശ്രീ കണ്ണൂർ ജില്ല അസി. ജില്ലാമിഷൻ കോ-ഓഡിനേറ്ററാണ്

പി.റ്റി. മാത്യു

ഗ്രാമസഭ
പ്രാദേശിക ജനകീയ ഭരണതലം

ഭാഗം - IV

ഭാവിയിൽ പഞ്ചായത്ത് ഓഫീസും ഗ്രാമകേന്ദ്രങ്ങളും പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയെ കമ്പ്യൂട്ടർ നെറ്റ് വഴി ബന്ധിപ്പിക്കുകയും സേവനങ്ങൾ ഗ്രാമകേന്ദ്രങ്ങൾ വഴി ആളുകൾക്ക് ലഭ്യമാക്കാൻ അവസരം ഒരുക്കാം.



ഗ്രാമസഭ - എങ്ങനെ മെച്ചപ്പെടുത്താം

ഗ്രാമസഭയ്ക്ക് നിലവിലുള്ളതിനേക്കാൾ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകണം. ഇതു പറയുമ്പോൾ സ്വാഭാവികമായും ഒരു സംശയം തോന്നാം- നിലവിലുള്ളത് ഫലപ്രദമായി വിനിയോഗിക്കാതെ കൂടുതൽ വേണമെന്ന ആവശ്യം ഉന്നയിക്കുന്നതിൽ അർത്ഥമുണ്ടോ എന്നാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ഭരണാധികാരിയെന്ന നിലയിൽ ജനങ്ങൾക്കിടയിൽ നമ്മുടെ മതിപ്പും അഭിപ്രായവും ഉയർത്തുന്നതിൽ ഗ്രാമസഭയുടെ ഫലപ്രദമായ നടത്തിപ്പിന് വലിയ പങ്കാണുള്ളത്. കൂടാതെ മൊത്തം വികസനത്തിന്റെ 30, 40 ശതമാനത്തോളം ഇത്തരത്തിലുള്ള ജനകീയ ഇടപെടലിന്റെ ഭാഗമായി സൃഷ്ടിക്കാൻ കഴിയുമെന്ന് പല പഞ്ചായത്തുകളും തെളിയിച്ചിട്ടുണ്ട്. ഭരണത്തിലും വികസനത്തിലും നമ്മെ സഹായിക്കാനുള്ള ഒരു തലമായി



കേരളത്തിൽ അധികാരവികേന്ദ്രീകരണം ആരംഭിച്ച കാലത്തു തന്നെ ചർച്ച ചെയ്യപ്പെട്ടതും രൂപീകരിക്കപ്പെട്ടതുമായ ഒരു സംവിധാനമാണ് അയൽക്കൂട്ടങ്ങൾ. ഗ്രാമസഭയ്ക്ക് താഴെ ഭൂമിശാസ്ത്രപരമായി അടുത്തടുത്തുള്ള ശരാശരി 50 വീടുകളുടെ കൂട്ടായ്മയാണ് അയൽക്കൂട്ടങ്ങൾ.

നമുക്ക് ഇതിനെ വളർത്തിയെടുക്കാൻ കഴിയണം. അതിന് കൃത്യതയുള്ളതും ചിട്ടയായതുമായ ഒരു സ്ഥിരം സംവിധാനം, സംഘാടനരീതി എന്നിവ അനിവാര്യമാണ്യ ചില കാര്യങ്ങൾ നമുക്ക് ഇവിടെ ചർച്ച ചെയ്യാം. ഇതിനെ നമുക്ക് രണ്ട് ഭാഗങ്ങളാക്കുമെന്ന് വിവിധ സംഘടനാ സംവിധാനങ്ങളും ഗ്രാമസഭയും രണ്ട് ഗ്രാമസഭാ സംഘാടനം.

വിവിധ സംഘടനാ സംവിധാനങ്ങൾ

മനുഷ്യൻ ഒരു സാമൂഹികജീവിയെന്ന നിലയിൽ അവർക്ക് ഒറ്റപ്പെട്ടു ജീവിക്കുക സാധ്യമല്ല. അവർ വിവിധ താല്പര്യങ്ങളുടേയും ലക്ഷ്യങ്ങളുടേയും അടിസ്ഥാനത്തിൽ കൂട്ടായ്മകൾ സൃഷ്ടിച്ചു പ്രവർത്തിക്കാം. അതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നതും അത്തരം സംവിധാനങ്ങളുടെ അവസരങ്ങൾ ഇല്ലാതാക്കുന്നതും ആശാസ്യമല്ല. മറിച്ച് അവർക്ക് ഇതിന്റെ സംഘാടനത്തിൽ നടത്തിപ്പിൽ, പഞ്ചായത്തു തലത്തിൽ ഉണ്ടാക്കുന്ന സംഘടനാ സംവിധാനത്തിൽ പങ്കാളിയാകാൻ, പ്രവർത്തിക്കാൻ ഒരു സ്ഥിരം സംവിധാനം ഒരുക്കലാണ് വേണ്ടത്.

പൊതു അയൽക്കൂട്ടങ്ങൾ

കേരളത്തിൽ അധികാരവികേന്ദ്രീകരണം ആരംഭിച്ച കാലത്തു തന്നെ ചർച്ച ചെയ്യപ്പെട്ടതും രൂപീകരിക്കപ്പെട്ടതുമായ ഒരു സംവിധാനമാണ് അയൽക്കൂട്ടങ്ങൾ. ഗ്രാമസഭയ്ക്ക് താഴെ ഭൂമിശാസ്ത്രപരമായി അടുത്തടുത്തുള്ള ശരാശരി 50 വീടുകളുടെ കൂട്ടായ്മയാണ് അയൽക്കൂട്ടങ്ങൾ. അവയുടെ എണ്ണം 100 വരെയാകാം. ഒൻപതാം പദ്ധതിക്കാലത്ത് അയൽക്കൂട്ടങ്ങൾ ധാരാളം പഞ്ചായത്തുകൾ രൂപീകരിച്ചു. 10ലും 11ലും ചില പഞ്ചായത്തുകൾ അത് പിന്തുടർന്നു. എന്നാൽ ഭരണത്തിന്റെ ഒരു പ്രധാന തലമെന്ന നിലയിൽ അതിനെ നിലനിർത്താൻ കഴിഞ്ഞില്ല. ഇതിനു പല കാരണങ്ങളുണ്ട്.

1. ആക്റ്റിൽ വിവിധ കമ്മിറ്റികൾ രൂപീകരിക്കാമെന്നു പറയുന്നതല്ലാതെ അയൽക്കൂട്ടങ്ങൾക്ക് പ്രത്യേകിച്ച് നിയമപിന്തുണ ഉണ്ടായിരുന്നില്ല. ഓരോ പഞ്ചായത്തും അവരവരുടെ ആശയങ്ങൾക്കനുസരിച്ച് പ്രാവർത്തികമാക്കുകയാണ് ചെയ്തത്.
2. കൃത്യമായ അധികാരമോ ഉത്തരവാദിത്വമോ ഇവർക്കായി നൽകിയിരുന്നില്ല.

3. പഞ്ചായത്തുകൾ ആവശ്യപ്പെടുമ്പോൾ മാത്രം കൂടുന്ന ഒരു സംവിധാനമായിപ്പോയി.
4. ഗ്രാമസഭാസംഘാടനം എന്നതിനപ്പുറം ഗ്രാമസഭകളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുള്ള സഹായഘടകങ്ങളായി, നിർവ്വഹണത്തെ, മോണിറ്ററിംഗിനെ, സോഷ്യൽ ആഡിറ്റിനെ സഹായിക്കാനുള്ള ഘടകങ്ങളായി ഇവയെ വിഭാവനം ചെയ്തില്ല.
5. പദ്ധതി രൂപീകരണത്തിൽ, പ്രാദേശിക പ്രശ്നങ്ങളിൽ ഇടപെടുന്ന ഇവർക്ക് കൃത്യമായ പങ്ക് വിഭാവനം ചെയ്തിരുന്നില്ല.
6. ഗ്രാമസഭയുടെ അടുത്ത തലമായി ഇതിനെ കണ്ടിരുന്നില്ല.
7. പഞ്ചായത്തു തലത്തിൽ ഇതിന് കൃത്യമായ കോമ്പിനേഷനോ പ്രവർത്തനപിന്തുണയോ നൽകാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ ഇപ്പോൾ അയൽക്കൂട്ടങ്ങൾ നിയമത്തിന്റെ ഭാഗമായി എന്നു തീർത്തു പറയാൻ കഴിയില്ല. എങ്കിലും സർക്കാർ ഉത്തരവിന്റെ ഭാഗമായി 12-ാം പഞ്ചവത്സരപദ്ധതി ഗൈഡ് ലൈനിൽ അയൽസഭകൾ രൂപീകരിക്കാനും ആസൂത്രണത്തിന്റെ ഭാഗമായി പ്രവർത്തിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നു. ഈ അവസരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. അയൽക്കൂട്ടരൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് ഒരു കൈപ്പുസ്തകം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ തയ്യാറാക്കുന്നുണ്ട്.

1. 50 മുതൽ 100 വീടുകൾ വരെ ചേർത്ത് അയൽക്കൂട്ടങ്ങൾ രൂപീകരിക്കണം. കഴിവതും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭിന്നിക്കാതെ നോക്കണം
2. അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർത്ത് അതിലെ ഭരണസമിതികൾ രൂപം നൽകുമ്പോൾ ചെയർപേഴ്സൺ, കൺവീനർ എന്നിവരെ തെരഞ്ഞെടുക്കുന്നതോടൊപ്പം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ റസിഡൻഷ്യൽ അസോസിയേഷൻസ്, അയൽക്കൂട്ടത്തിൽ വരുന്ന ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങി സാമൂഹികാധിഷ്ഠിത സംഘടനകൾ കുടുംബശ്രീ തുടങ്ങിയവരുടെ പ്രതിനിധികളെയും രേഖാമൂലം ഉൾപ്പെടുത്തണം.
3. ഇതിന് വാർഡ്തലത്തിലും പഞ്ചായത്ത് തലത്തിലും കോമ്പിനേഷൻ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

കൂടുതൽ വിശദവിവരങ്ങൾ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തുന്നതാണ്. ആ കൈപ്പുസ്തകം അസോസിയേഷന്റെ സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

എല്ലാ വാർഡിലും ഗ്രാമകേന്ദ്രങ്ങൾ

ഒൻപതാം പദ്ധതിക്കാലത്ത് തന്റെ വാർഡ് കേന്ദ്രങ്ങൾ ഗ്രാമസഭാ ആഫീസ് എന്ന പേരിലെല്ലാം പഞ്ചായത്തുകളുടെ തനതു പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിച്ചിരുന്നു. എന്നാൽ ഇത് ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു. ഇതും നിലനിർത്താൻ കഴിയാതെ പോയത് ഈ ഓഫീസുകൾ എങ്ങനെ പ്രവർത്തിപ്പിക്കണമെന്ന് കൃത്യമായ നിർദ്ദേശമില്ലാത്തതിനാലും ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായി പണം നീക്കിവയ്ക്കാൻ കഴിയാത്തതിനാലുമാണ് ഇവയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തത്. എന്നാൽ 12-ാം പദ്ധതി ഗൈഡ്‌ലൈനിൽ ഇത്തരത്തിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കാമെന്നും അതിന്റെ പ്രവർത്തനത്തിന് ഒരു വാർഡിൽ 50,000 രൂപ വരെ ചെലവാക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം സർക്കാർ പുറത്തിറക്കും. ഈ അവസരം ഫലപ്രദമായി വിനിയോഗിക്കാൻ നമുക്കു കഴിയണം. ഇതിന് അനന്തസാധ്യതകളാണുള്ളത്.

ഇത് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഉപഓഫീസായി പ്രവർത്തിക്കണം

വാർഡ് മെമ്പർ, അഗ്രോ ക്ലിനിക്ക് സെന്റർ, കുടുംബശ്രീ, എ.ഡി.എസ്., വാർഡ് വികസനസമിതി, ഗ്രാമസഭ തുടങ്ങിയവയുടെ ഓഫീസായി ഇവിടം മാറണം

ഒരു നിശ്ചിത ദിവസത്തിൽ പഞ്ചായത്തിന്റെ നികുതി ശേഖരിക്കുന്ന ഇടമായി മാറണം

ഭാവിയിൽ പഞ്ചായത്ത് ഓഫീസും ഗ്രാമകേന്ദ്രങ്ങളും പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയെ കമ്പ്യൂട്ടർ നെറ്റ് വഴി ബന്ധിപ്പിക്കുകയും സേവനങ്ങൾ ഗ്രാമകേന്ദ്രങ്ങൾ വഴി ആളുകൾക്ക് ലഭ്യമാക്കാൻ അവസരം ഒരുക്കാം. ഇതുവഴി പഞ്ചായത്ത് ഭരണം കുറേക്കൂടി ആളുകളുടെ അടുത്തെത്തും.

കൂടാതെ സബ്സെന്റർ, വയോജനങ്ങളുടെ വാർഡ്, ക്ലബ്ബ്, ബാലസഭയുടെ വാർഡ് കേന്ദ്രം, വാർഡുതല റിസോഴ്സ് സെന്റർ എന്നീ നിലകളിലും ഈ ഓഫീസ് പ്രവർത്തിക്കണം

മാസത്തിലൊരിക്കൽ ഡോക്ടർമാർ (ഹോമിയോ, അലോപ്പതി, ആയുർവേദം, യുനാനി) മാറി മാറി ഗ്രാമകേന്ദ്രങ്ങളിൽ പരിശോധന നടത്തണം. അതിന്റെ കലണ്ടർ നേരത്തെ പ്രഖ്യാപിക്കണം

വിവരങ്ങൾ ശേഖരിക്കുന്ന സൂക്ഷിക്കുന്ന വിതരണം നടത്തുന്ന വിഭവകേന്ദ്രമായി ഈ സ്ഥാപനം മാറണം

■

(തുടരും)

കെ. എം. മുഹമ്മദ് അനിൽ

ആരോഗ്യകരമായ ഉച്ചമയക്കത്തിന് സ്നേഹം കിടക്കകൾ

സ്നേഹം കിടക്കകൾ എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫിൽ നിന്നും വാങ്ങി ഉപയോഗിക്കുവാൻ അനുമതി ലഭിച്ചു.

കയർമേഖലയിൽ ഒരു പുതിയ ഉണർവ് സൃഷ്ടിക്കുന്നതിനുവേണ്ടി 'പുതിയ ആശയം പുതിയ ഉൽപ്പന്നം' എന്ന നയം കഴിഞ്ഞ 2 വർഷമായി കയർഫെഡ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായാണ് കയർ ഫെഡ് അംഗൻവാടി കുട്ടികളുടെ ഉച്ചമയക്കത്തിന് സഹായിക്കുന്ന 'സ്നേഹം കിടക്കകൾ' നിർമ്മിച്ചു തുടങ്ങിയത്. ധാന്യപ്പെട്ടികളും, കുഞ്ഞിക്കസേരകളും, കളിപ്പാട്ടങ്ങളും പാചക സൗകര്യങ്ങളുമെല്ലാം രൂപപ്പെടുത്തിയെങ്കിലും അംഗൻവാടി കുഞ്ഞുങ്ങളുടെ ഉച്ചമയക്കം പലപ്പോഴും റെക്സിൻ ഷീറ്റുകളിലോ, പായകളിലോ ആയിട്ടാണ് കണ്ടത്.

സ്ഥായിയായ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിനും സമസ്ത ജനവിഭാഗങ്ങൾക്കും ക്ഷേമ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനും ഗ്രാമ സ്വരാജ് എന്ന ഗാന്ധിയൻ സങ്കൽപ്പത്തിന് ഏറെ പ്രാധാനമുണ്ട്. കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഇത്ര മാതൃകകൾ സൃഷ്ടിച്ച് മറ്റ് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി തീർന്നിട്ടുണ്ട്. സർക്കാർ നയങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലൂടെ ഇത് കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയുമെന്നതിൽ ആർക്കും രണ്ട് അഭിപ്രായം ഉണ്ടാവുമെന്ന് തോന്നുന്നില്ല. കേന്ദ്ര സർക്കാരിന്റെ പതാക വാഹക പദ്ധതി എന്നറിയപ്പെടുന്ന സംയോജിത ശിശുക്ഷേമ പദ്ധതിയിൻ കീഴിൽ വരുന്ന അംഗൻവാടികൾ 1975 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്നു 163 പ്രോജക്ടുകളിലായി 32,268 അംഗൻവാടികൾ പ്രവർത്തിക്കുന്നതായി കണക്കാക്കപ്പെടുന്നു. ശരാശരി 20 കുട്ടികൾ എന്ന നിലയിൽ കണക്കാക്കിയാൽ ഉദ്ദേശം 6,45,360 കുട്ടികളോളം ഈ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ 163 പ്രോജക്ടുകളിൽ തന്നെ നഗര പ്രദേശത്ത് 11 പ്രോജക്ടുകളാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള പ്രോജക്ടുകൾ എല്ലാം തന്നെ ഗ്രാമപ്രദേശത്ത് പട്ടികജാതി-പട്ടിക വർഗ്ഗ മേഖലയിലുമാണ് പ്രവർത്തിക്കുന്നതെന്നറിയുമ്പോഴാണ് ഈ പ്രവണതയുടെ സാമൂഹ്യദൗത്യ നിർവ്വഹണം മനസ്സിലാകുന്നത്. ഭൗതിക സാഹചര്യങ്ങളിൽ പരിമിതികൾ ഏറെയുണ്ടെങ്കിലും കഴിഞ്ഞ 25 വർഷത്തിനിടയിൽ പശ്ചാത്തല സംവിധാനങ്ങൾക്ക് ഏറെ മാറ്റം വന്നിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ ധാരാളം ഉണ്ടെങ്കിലും എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് അടക്കം ഉപയോഗിച്ച് സ്വന്തം സ്ഥലം ഉള്ള അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. പുതിയ പുതിയ കളികൾക്കുള്ള സൗകര്യങ്ങളും ശീതികരിച്ച സംവിധാനവും അടക്കം നൽകികൊണ്ട് വിവധങ്ങളായ ഓമനപ്പേരുകളിൽ സ്വകാര്യമേഖലയിൽ പ്രീ-സ്കൂൾ സംവിധാനങ്ങൾ ഉണ്ടാകുമ്പോൾ കുറച്ചെങ്കിലും നമ്മുടെ അംഗൻവാടികൾക്ക് മാറ്റമുണ്ടാകേണ്ടതാണെന്ന് ആരും സമ്മതിക്കും.

ഈ ആവശ്യം ഒരു വശത്ത് നിലനിൽക്കുമ്പോൾ കയർ പോലെ ബൃഹത്തായ ഒരു സഹകരണ പ്രസ്ഥാനം വിപണി കണ്ടെത്താനാകാതെ പരമ്പരാഗതമായ കയർ ഉൽപ്പന്നങ്ങളുമായി നിലനിൽക്കുന്നു എന്ന വസ്തുത കൂടി കണക്കിലെടുത്താണ് കയർമേഖലയിൽ ഒരു പുതിയ ഉണർവ് സൃഷ്ടിക്കുന്നതിനുവേണ്ടി 'പുതിയ ആശയം പുതിയ ഉൽപ്പന്നം' എന്ന നയം കഴിഞ്ഞ 2 വർഷമായി കയർഫെഡ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായാണ് കയർ ഫെഡ് അംഗൻവാടി കുട്ടികളുടെ ഉച്ചമയക്കത്തിന് സഹായിക്കുന്ന 'സ്നേഹം കിടക്കകൾ' നിർമ്മിച്ചു തുടങ്ങിയത്. ധാന്യപ്പെട്ടികളും, കുഞ്ഞിക്കസേരകളും, കളിപ്പാട്ടങ്ങളും പാചക സൗകര്യങ്ങളുമെല്ലാം രൂപപ്പെടുത്തിയെങ്കിലും അംഗൻവാടി കുഞ്ഞുങ്ങളുടെ ഉച്ചമയക്കം പലപ്പോഴും റെക്സിൻ ഷീറ്റുകളിലോ, പായകളിലോ ആയിട്ടാണ് കണ്ടത്. കയർ ഫെഡ് കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 2 ബ്ലോക്കുകൾക്ക് കീഴിലുള്ള അംഗൻവാടികളിൽ ഒരു പ്രാഥമിക പഠനം നടത്തിയിരുന്നു. തുടർന്നാണ് ഇത്തരത്തിലുള്ള ഉൽപ്പന്നം ആലപ്പുഴയിലെ കയർഫെഡ് മെത്ത നിർമ്മാണ ഫാക്ടറിയിൽ ഉല്പാദിപ്പിക്കുവാൻ തുടങ്ങിയത്. 4 അടി നീളവും 3 അടി വീതിയുമുള്ള ഈ മെത്തയിൽ രണ്ടു കുഞ്ഞുങ്ങളെ കിടത്താവുന്നതാണ്. മെത്തയോടൊപ്പം 2 കുഞ്ഞി തലയിണകളും സൗജന്യമായി നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്നേഹം കിടക്കൾ കൂടാതെ നവജാത ശിശുക്കൾക്കായി 'മുത്തം കിടക്ക', യാത്രകളിലും ഹോസ്റ്റലുകളിലും ഉപയോഗിക്കാവുന്ന 'റോൾ അപ്പ് കിടക്കകൾ', ടെറസ്സ് കൃഷിയ്ക്കുവേണ്ടിയുള്ള 'സമൃദ്ധി കയർ നെറ്റ്', ആഘോഷവേളകൾ ഉല്ലാസപ്രദമാക്കുവാൻ കഴിയുന്ന 'പൊന്നൂഞ്ഞാൽ', വിവിധ ഇനം നൂതന ഡിസൈനുകളുള്ള മാറ്റുകളും, മാറ്റിംഗുകളും ഒപ്പം വിപണിയിൽ ഇറക്കുകയുണ്ടായി. ഈ ഉൽപ്പന്നങ്ങൾ എല്ലാം തന്നെ പഞ്ചായത്തുകളുമായി സഹകരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവുകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനായി ഏതാണ്ട് രണ്ടര കോടി രൂപയുടെ പദ്ധതികളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നുണ്ട്.

സാമൂഹ്യാധിഷ്ഠിത വിനിമയ വിപണന പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ മേഖലയിൽ സ്ഥായീഭാവമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അപ്പക്സ് സഹകരണ സ്ഥാപനങ്ങളും ചേർന്ന് പ്രവർത്തിച്ചാൽ സാധ്യമാകും എന്നാണ് കഴിഞ്ഞ 2 വർഷത്തെ പ്രവർത്തനം കൊണ്ട് കയർഫെഡ് തെളിയിച്ചത്. വികസനത്തിന്റെ ലക്ഷ്യവും മാർഗ്ഗവും ആയ ജനവിഭാഗങ്ങളെ പ്രത്യേകിച്ച് ഗ്രാമീണ തീരദേശ മേഖലയിലെ കയർ പിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്കും ഒപ്പം അവരുൾപ്പെടുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും കൂടുതൽ തൊഴിൽ ദിനങ്ങളും വരുമാനവുമുണ്ടാക്കുവാൻ ഒരു വശത്ത് അവസരം ഒരുക്കുമ്പോൾ മറുവശത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലൂടെ മറ്റിതര സ്വകാര്യ സംരംഭങ്ങളിലേക്കും മറ്റും പോകേണ്ട വിഭവങ്ങൾ മറ്റൊരു ജനവിഭാഗത്തിന് പ്രയോജനപ്പെടുകയും ചെയ്യുകയാണ്. ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് റവന്യൂ കയർ വകുപ്പു മന്ത്രി അടൂർ പ്രകാശ്, ധനകാര്യ മന്ത്രി കെ.എം. മാണിക്ക് നൽകിയ ശുപാർശ പ്രകാരം സ്നേഹം കിടക്കകൾ എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ടിൽ വാങ്ങി ഉപയോഗിക്കുവാൻ അനുമതി ലഭിച്ചു. സംസ്ഥാനത്ത് ആദ്യമായി തൊഴിൽ വകുപ്പു മന്ത്രി ഷിബു ബേബി ജോൺ പ്രത്യേക അനുമതി വാങ്ങി അദ്ദേഹത്തിന്റെ മണ്ഡലത്തിൽ സ്നേഹം കിടക്ക വാങ്ങി നൽകുകയുണ്ടായി. തുടർന്ന് മന്ത്രിമാരായ പി.കെ.കുഞ്ഞാലിക്കുട്ടി, പി.കെ.അബ്ദുറബ്ബ്, എം.എൽ.എമാരായ പി.കെ. ഗുരുദാസൻ, എം.എ ബേബി, കെ. രാധാകൃഷ്ണൻ, ബാബു എം.പാലിശ്ശേരി, ജോസഫ് വാഴ്ക്കൾ എന്നിവരും സ്നേഹം കിടക്കകൾ വാങ്ങി തങ്ങളുടെ മണ്ഡലത്തിൽ നൽകുകയുണ്ടായി.

സംസ്ഥാനത്ത് ആദ്യമായി കുലശേഖരപുരം ഗ്രാമ പഞ്ചായത്താണ് പഞ്ചായത്ത് ഫണ്ടിൽപ്പെടുത്തി സ്നേഹം കിടക്കകൾ വാങ്ങിയത്. തുടർന്ന് സീതത്തോട്, മുത്തോലി, മുതുകുളം, ചിറക്കടവ്, ഞീഴൂർ, കാലടി എന്നീ ഗ്രാമ പഞ്ചായത്തുകളും ചിറ്റുമല ബ്ലോക്ക് പഞ്ചായത്തും ഈ പദ്ധതി നടപ്പിലാക്കി.

ഇത്തരം സ്ഥായിഭാവ മാതൃകകൾ സൃഷ്ടിക്കാനായാൽ ഗ്രാമ വികസന രംഗത്ത് സ്വാശ്രയ മാതൃകകൾ ഉണ്ടാകുക തന്നെ ചെയ്യും. കയർഫെഡിനു വരുമാനം വർദ്ധിക്കുന്നതിലൂടെ കേരളത്തിലെ ഏതാണ്ട് 256 ഓളം ഗ്രാമങ്ങളിൽ കയർ പിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് വരുമാനം ഉണ്ടാകുന്നതിനും ഒപ്പം ഇത്തരം കിടക്കകൾ അംഗൻവാടികളിൽ എത്തുന്നതോടെ സമൂഹത്തിലെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ഉച്ചമയക്കം ആരോഗ്യകരവും, ആനന്ദകരമാവുകയും, പൊതുശുചിത്വം ഉണ്ടാകുകയും ചെയ്യും. ■

ലേഖകൻ: കയർ ഫെഡ് (ആലപ്പുഴ) മാനേജിംഗ് ഡയറക്ടറാണ്.

സാമൂഹ്യാധിഷ്ഠിത വിനിമയ വിപണന പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ മേഖലയിൽ സ്ഥായീഭാവമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അപ്പക്സ് സഹകരണ സ്ഥാപനങ്ങളും ചേർന്ന് പ്രവർത്തിച്ചാൽ സാധ്യമാകും എന്നാണ് കഴിഞ്ഞ 2 വർഷത്തെ പ്രവർത്തനം കൊണ്ട് കയർഫെഡ് തെളിയിച്ചത്.

4 അടി നീളവും 3 അടി വീതിയുമുള്ള ഈ മെത്തയിൽ രണ്ടു കുഞ്ഞുങ്ങളെ കിടത്താവുന്നതാണ്. മെത്തയോടൊപ്പം 2 കുഞ്ഞി തലയിണകളും സൗജന്യമായി നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്നേഹം കിടക്കൾ കൂടാതെ നവജാത ശിശുക്കൾക്കായി 'മുത്തം കിടക്ക' യാത്രകളിലും ഹോസ്റ്റലുകളിലും ഉപയോഗിക്കാവുന്ന 'റോൾ അപ്പ് കിടക്കകൾ', ടെറസ്സ് കൃഷിയ്ക്കുവേണ്ടിയുള്ള 'സമൃദ്ധി കയർ നെറ്റ്', ആഘോഷവേളകൾ ഉല്ലാസപ്രദമാക്കുവാൻ കഴിയുന്ന 'പൊന്നൂഞ്ഞാൽ', വിവധ ഇനം നൂതന ഡിസൈനുകളുള്ള മാറ്റുകളും, മാറ്റിംഗുകളും ഒപ്പം വിപണിയിൽ ഇറക്കുകയുണ്ടായി.

രഘുരാമൻ

തദ്ദേശ സ്ഥാപനങ്ങളും സ്വകാര്യ പങ്കാളിത്തവും

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കർമ്മ മേഖലകളിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളിൽ നിക്ഷേപം നടത്തുന്നതിനായി സ്വകാര്യ സംരംഭകരുടെ ഒരു നിക്ഷേപ സംഗമം 2013 ആഗസ്റ്റ് മാസം നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ വച്ച് നടത്തപ്പെടുകയാണ്. ഇതോടെ കേന്ദ്ര-സംസ്ഥാന സർക്കാർതലങ്ങളിൽ ഇതിനോടകം തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള Public Private Partnership (PPP) എന്ന പ്രവർത്തന ശൈലി പ്രാദേശിക തലത്തിലേക്ക് കൂടി വ്യാപിക്കപ്പെടുകയാണ്.

സർക്കാരോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമോ ഒരു സ്വകാര്യ കക്ഷിയുമായി ഉണ്ടാക്കുന്ന ഒരു കരാർ ഉടമ്പടി പ്രകാരം ഒരു പൊതു സേവനമോ, പദ്ധതിയോ സ്വകാര്യ കക്ഷി മുതൽ മുടക്കി നടപ്പിലാക്കുന്നു. മുടക്കുമുതലും ലാഭവും വസൂൽ ചെയ്യുന്നത് വരെ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തി സ്വകാര്യ കക്ഷി ഏറ്റെടുത്ത് നടത്തുന്നു. ശേഷം ആസ്തി തിരികെ സർക്കാരിനെ ഏൽപ്പിക്കുന്നു. ഈ സംവിധാനത്തെയാണ് പൊതു-സ്വകാര്യ പങ്കാളിത്ത പ്രക്രിയ (PPP) എന്ന് വിശേഷിപ്പിക്കുന്നത്.

PPP യുടെ ചെറിയ വകഭേദങ്ങളായ സർവ്വീസ് കോൺട്രാക്ട്, മാനേജ്മെന്റ് കോൺട്രാക്ട് തുടങ്ങിയവ ഒട്ടുമിക്ക തദ്ദേശ സ്ഥാപനങ്ങളിൽ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഉദാഹരണത്തിന്, തെരുവു വിളക്കുകളുടെ സ്ഥാപനത്തിലും പരിപാലനത്തിലും സ്വകാര്യ പങ്കാളിത്തം ഇന്ന് വ്യാപകമാണ്. സ്വകാര്യ സംരംഭകർ സ്വന്തം ചെലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് നിശ്ചിത കാലത്തേക്ക് അവ പരിപാലിച്ചുകൊള്ളാമെന്ന് തദ്ദേശ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നു. ഇതിന് പ്രതിഫലമെന്ന നിലയിൽ ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുവാനുള്ള അവകാശം സമ്പാദിക്കുന്നു. ഇതിലൂടെ തദ്ദേശ സ്ഥാപനത്തിന് തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനുള്ള ഭാരിച്ച ചെലവ് ഒഴിവാക്കുന്നതിനും അതേസമയം ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

ഇതേ മാതൃകയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മറ്റ് പലവിധ സേവനങ്ങളും രൂപപ്പെടുത്താൻ സാധിക്കും. ഉദാഹരണത്തിന് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ബസ്സ് സ്റ്റാൻഡുകളിൽ വിശ്രമ സ്ഥലം ഒരുക്കൽ, ബസ് സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ സ്ഥാപിക്കൽ, കാൽനടക്കാർക്ക് ഫുട്പാത്തുകൾ ഒരുക്കൽ, പാർക്കുകളിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജനങ്ങൾക്ക് ഉല്ലാസ സ്ഥലങ്ങൾ (Recreation Space) ഒരുക്കൽ, ജംഗ്ഷനുകളും തെരുവുകളും സൗന്ദര്യവൽക്കരിക്കൽ തുടങ്ങിയ പ്രവൃത്തികൾ സ്വകാര്യ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവില്ലാതെ നടപ്പാക്കാവുന്നവയാണ്. ഈ വിധത്തിൽ ലാഭിക്കുന്ന തുക ദാരിദ്ര നിർമ്മാർജ്ജനമോ, കുടിവെള്ള സംവിധാനമോ, മാലിന്യ സംസ്കരണമോ പോലുള്ള അനിവാര്യമായ ചുമതലകൾക്കായി മുതൽകൂട്ടുകയും ചെയ്യാം.

മേൽ വിവരിച്ച പ്രകാരമുള്ള ചെറിയ കാര്യങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഗുണകരമാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞ കാര്യമാണ്. എന്നാൽ കോടികൾ മുതൽ മുടക്ക് വരുന്ന വലിയ പദ്ധതികളുടെ കാര്യത്തിൽ സ്ഥിതി വ്യത്യസ്തമാണ്. ഉദാഹരണത്തിന് നഗരസഭയ്ക്കോ പഞ്ചായത്തിനോ നാലഞ്ചേക്കർ സ്ഥലമുണ്ട്. ഇവിടെ ഏതെങ്കിലും സ്വകാര്യ സംരംഭകർ വാണിജ്യ സമുച്ചയങ്ങളോ, അസംബ്ലി കെട്ടിടങ്ങളോ, ഷോപ്പിംഗ് മാളുകളോ നിർമ്മിക്കുന്നു. ലാഭത്തിന്റെ നിശ്ചിത വിഹിതം തദ്ദേശ സ്ഥാപനത്തിന് നൽകുന്നു. നിശ്ചിത കാലയളവിന് ശേഷം കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്കോ പഞ്ചായത്തിനോ കൈമാറുന്നു. ഇത്തരത്തിലുള്ള വലിയ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്നതിനോട് അനുകൂലവും, പ്രതികൂലവുമായ വിഭിന്ന കാഴ്ചപാടുകൾ പൊതുസമൂഹത്തിലുണ്ട്.

രാഷ്ട്രീയ കാഴ്ചപ്പാട് എന്ത് തന്നെയായിരുന്നാലും എല്ലാവരും തിരിച്ചറിയേണ്ട അടിസ്ഥാനപരമായ ചില വസ്തുതകളുണ്ട്. ഒന്നാമതായി എന്താണ് ഇന്ന് നമ്മുടെ തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി? ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന തനത് വരുമാനം കൊണ്ട് പല നഗര സഭകൾക്കും പഞ്ചായത്തുകൾക്കും ദൈനംദിന കാര്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വരിസംഖ്യയും, പെൻഷൻ വിഹിതവും പോലും ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളും കൃത്യമായി അടയ്ക്കുന്നില്ല. ഓവർ ഡ്രാഫ്റ്റ് എടുത്ത് മിച്ച ശമ്പളം നൽകുന്ന നഗരസഭകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിച്ചുകൊണ്ടു മാത്രമെ ഇത്തരം തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കൂ. എന്നാൽ ഇതുമൂലമുണ്ടാകുന്ന കനത്ത പലിശഭാരം അവരെ ഭീമമായ കടക്കെണിയിലേക്ക് തള്ളി വിടുകയും ചെയ്യും. അല്ലെങ്കിൽ തന്നെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുള്ള നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ ബാധ്യതകൾ താങ്ങുവാനാവില്ല.

രണ്ടാമതായി, ഇന്ന് എന്താണ് നമ്മുടെ തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി സ്ഥിതി? പലയിടങ്ങളിലായി അവർക്ക് സ്വന്തമായി ഭൂമി ഉണ്ട്. എന്നാൽ അവയിൽ നല്ലൊരു ശതമാനവും കാടുകയറിയും, പാഴ് വസ്തുക്കൾ നിക്ഷേപിക്കപ്പെട്ടും തരിശായി കിടക്കുന്നു. കാലക്രമേണ ഇവ സ്വകാര്യ വ്യക്തികൾ കൈയ്യേറി അന്യാധീനപ്പെട്ടു പോകുന്നു. ഇനി ആസ്തികളുടെ വിനിയോഗത്തിന്റെ കാര്യം പരിശോധിച്ചാലോ? കാര്യക്ഷമതയില്ലായ്മയുടെ കൊടുമുടിയിലാണ് നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾ നിൽക്കുന്നത് എന്ന് മനസ്സിലാക്കാം. നഗരത്തിന്റെ ഹൃദയഭാഗത്ത് കോടികൾ വിലമതിക്കുന്ന ആസ്തികളിൽ നിന്നും പല തദ്ദേശ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന വാർഷിക വരുമാനം ആസ്തിയുടെ മൂല്യത്തോട് താരതമ്യം ചെയ്യുമ്പോൾ കേവലം നിസ്സാരം മാത്രമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്ന് ഒന്ന് മനസ്സിലാക്കാം. ഇന്ന് നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉള്ള പോരായ്മകൾ രണ്ടാണ്. പണത്തിന്റെ ദൗർലഭ്യവും, ആസ്തി മാനേജ്മെന്റിലുള്ള പാകപിഴവും. ഇവ രണ്ടും ഒരു സ്വകാര്യ പങ്കാളിക്ക് നൽകുവാൻ കഴിയുമെങ്കിൽ സന്തോഷപൂർവ്വം സ്വീകരിക്കുകയല്ലേ നാം ചെയ്യേണ്ടത്? സ്വകാര്യ പങ്കാളിത്തം വേണ്ടയോ എന്നത് തീർച്ചയായും ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും നയപരമായ തീരുമാനമാണ്. PPP ഒരു അനിവാര്യതയല്ല. മറിച്ച് അതൊരു നിവൃത്തികേടെന്ന് പറയുന്നതാവും ശരി. നമുക്ക് ഒറ്റയ്ക്ക് മുടക്കാൻ പണമില്ലാത്തത് കൊണ്ടാണല്ലോ പങ്കാളിയുടെയും, പങ്കാളിത്തത്തിന്റെയും പ്രസക്തി ഉദിക്കുന്നത്. അതേസമയം ആവശ്യത്തിന് പണം കൈയ്യിലുള്ള ഒരു പഞ്ചായത്തിനോ നഗരസഭയ്ക്കോ ഒരിക്കലും സ്വകാര്യ പങ്കാളിത്തത്തെ കുറിച്ച് ആലോചിക്കേണ്ട ആവശ്യം വരുന്നില്ല. തദ്ദേശ

രാഷ്ട്രീയ കാഴ്ചപ്പാട് എന്ത് തന്നെയായിരുന്നാലും എല്ലാവരും തിരിച്ചറിയേണ്ട അടിസ്ഥാനപരമായ ചില വസ്തുതകളുണ്ട്. ഒന്നാമതായി എന്താണ് ഇന്ന് നമ്മുടെ തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി? ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന തനത് വരുമാനം കൊണ്ട് പല നഗര സഭകൾക്കും പഞ്ചായത്തുകൾക്കും ദൈനംദിന കാര്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല.

സ്വകാര്യ പങ്കാളിത്തം വേണ്ടയോ എന്നത് തീർച്ചയായും ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും നയപരമായ തീരുമാനമാണ്. PPP ഒരു അനിവാര്യതയല്ല. മറിച്ച് അതൊരു നിവൃത്തികേടെന്ന് പറയുന്നതാവും ശരി. നമുക്ക് ഒറ്റയ്ക്ക് മുടക്കാൻ പണമില്ലാത്തത് കൊണ്ടാണല്ലോ പങ്കാളിയുടെയും, പങ്കാളിത്തത്തിന്റെയും പ്രസക്തി ഉദിക്കുന്നത്. അതേസമയം ആവശ്യത്തിന് പണം കൈയ്യിലുള്ള ഒരു പഞ്ചായത്തിനോ നഗരസഭയ്ക്കോ ഒരിക്കലും സ്വകാര്യ പങ്കാളിത്തത്തെ കുറിച്ച് ആലോചിക്കേണ്ട ആവശ്യം വരുന്നില്ല.

സ്ഥാപനങ്ങൾ ഭൂരിപക്ഷവും പാപ്പരാണെന്ന് പൊതുവേ പറയുമ്പോഴും കോടികൾ മിച്ചമുള്ള ചുരുക്കം ചില സ്ഥാപനങ്ങളും നമുക്കുണ്ട്. ഇവയ്ക്ക് PPP ബാധകമാവുന്നില്ല എന്ന് പ്രത്യേകം എടുത്ത് പറയേണ്ടതില്ലല്ലോ.

ഇനി തനത് ഫണ്ടിൽ പണമില്ലെങ്കിൽ തന്നെയും മറ്റേതെങ്കിലും ഗ്രാന്റുകളിൽ നിന്ന് പണം കണ്ടെത്തുവാൻ കഴിയുകയാണെങ്കിലും PPP യെ ഒഴിവാക്കാം. പ്ലാൻ ഫണ്ടിൽ നിന്ന് മാത്രം വലിയ ഒരു പ്രോജക്ടിന് പണം കണ്ടെത്തുകയെന്നത് അപ്രായോഗികമാണ്. എന്നാൽ JNNURM, UIDSSMT പോലുള്ള കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം കൈവരിക്കുവാൻ സാധിക്കും. ഈ പദ്ധതികളിൽ 80% തുക കേന്ദ്ര സർക്കാരും, 10% തുക സംസ്ഥാന സർക്കാരും നൽകും. മിച്ചമുള്ള 10% തുക തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ കണ്ടെത്താം. ഇത്തരത്തിലുള്ള കേന്ദ്ര പദ്ധതികൾ ലഭിക്കുന്ന പക്ഷവും PPP യെ പൂർണ്ണമായും ഒഴിവാക്കാം. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഓരോ സംസ്ഥാനത്തിനും ലഭിക്കുന്ന തുക ക്ലിപ്തമാണ്. ആയതിനാൽ തന്നെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കേന്ദ്ര ഫണ്ട് ഒരിക്കലും പര്യാപ്തമാകുന്നില്ല. ഇക്കാരണത്താൽ തന്നെ കേന്ദ്ര പദ്ധതികളെ മാത്രം ആശ്രയിച്ചു കൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ പലപ്പോഴും സാധിച്ചെന്നുവരില്ല. കൂടാതെ പ്രോജക്ട് പാസാകുവാനും പണം ലഭിക്കുവാനുമുള്ള ദീർഘമായ കാലതാമസവും കേന്ദ്ര പദ്ധതികളുടെ മറ്റൊരു പ്രധാന പ്രശ്നമാണ്.

മേൽ പറഞ്ഞ രീതികളിൽ തനത് ഫണ്ടിൽ നിന്നോ ഗ്രാന്റുകളിൽ നിന്നോ പണം കണ്ടെത്താൻ കഴിയാതെ വരുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് മൂലധനം സ്വരൂപിക്കുവാനുള്ള അവസരമാണ് PPP അഥവാ സ്വകാര്യ പങ്കാളിത്തം. ഇപ്രകാരമുള്ള പഞ്ചായത്തുകളും നഗരസഭകളും PPP യുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി തങ്ങളുടെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്. എന്താണ് PPP എന്ന് മുമ്പേ പറഞ്ഞു കഴിഞ്ഞു. വലിയ പദ്ധതികളുടെ കാര്യത്തിൽ PPP രണ്ടു തരത്തിൽ ആകാം. ലാഭ വിഹിതം പങ്കിടുന്ന Profit sharing രീതിയും, നിശ്ചിതകാലം കൈവശം വച്ചുപയോഗിച്ച ശേഷം കൈമാറുന്ന Build-Operate-Transfer (BOT) രീതിയും. ആദ്യവർഷങ്ങളിൽ തന്നെ വരുമാനം ഉറപ്പാകുമെന്നതിനാൽ ആദ്യത്തെ രീതിയാകും BOT രീതിയെക്കാൾ ആകർഷവും, അഭികാമ്യവും.

തദ്ദേശ സ്ഥാപനങ്ങളിൽ PPP പ്രാവർത്തികമാകുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സജീവ ഇടപെടലും ആവശ്യമാണ്. ആദ്യമായി PPP സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ തയ്യാറേക്കേണ്ടതുണ്ട്. ഏതൊക്കെ മേഖലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ഏറ്റെടുക്കാം, കരാറിലെ വ്യവസ്ഥകൾ തീരുമാനിക്കുവാൻ തദ്ദേശ സ്ഥാപനത്തിലുള്ള അധികാര പരിധി, ആസ്തിയുടെ നടത്തിപ്പിന്റെ ചുമതല ആർക്ക്, സർക്കാരിന്റെ അംഗീകാരം ആവശ്യമുള്ളത് ഏതൊക്കെ സാഹചര്യങ്ങളിൽ, BOT വ്യവസ്ഥയാണെങ്കിൽ ആസ്തി തിരിച്ചേൽപ്പിക്കേണ്ട പരമാവധി കാലാവധി, ലാഭ വിഹിതം സംബന്ധിച്ച വ്യവസ്ഥകൾക്ക് സർക്കാരിന്റെ അംഗീകാരം ആവശ്യമുണ്ടോ, ഉണ്ടെങ്കിലും അംഗീകാരം നൽകേണ്ടതാര്, തർക്ക പരിഹാര സംവിധാനം ഏതുവിധം തുടങ്ങിയ കാര്യങ്ങൾ സ്പഷ്ടീകരിച്ചു കൊണ്ട് സർക്കാർ നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്.

കൂടാതെ ചില പദ്ധതികളിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ മുഴുവനും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലാകണമെന്നില്ല. മറ്റ് സർക്കാർ വകുപ്പുകളുടെ ഭൂമിയും പദ്ധതി നടപ്പിലാക്കാൻ ആവശ്യമായി വന്നേക്കാം. കുടിവെള്ള വിതരണം, കനാൽ മാനേജ്മെന്റ് പോലുള്ള പദ്ധതികൾ ഇതിന് ഉദാഹരണങ്ങളാണ്. ഇത്തരം സാഹചര്യങ്ങളിൽ വിവധ വകുപ്പുകളുമായുള്ള ഏകോപനത്തിന് പര്യാപ്തമായ സംവിധാനം സൃഷ്ടിക്കുവാനും സർക്കാർ മുൻകൈയെടുക്കേണ്ടതുണ്ട്. ■

ലേഖകൻ: ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയാണ്.

നിയമദൃഷ്ടി

വെറും നേരമ്പോക്കിന് ഒരു വിനോദ നികുതി

ജോൺ എസ്. ജയിംസ്

നേരമ്പോക്കിനായാലും വിനോദത്തിനായാലും കാശുകൊടുത്ത് ടിക്കറ്റെടുത്ത് കാണുന്ന പരിപാടിക്ക് വിനോദനികുതി നൽകിയേ തീരൂ. ഓരോ വിനോദപരിപാടിക്കും ക്രിയാത്മകമായ ഉദ്ദേശ്യലക്ഷ്യങ്ങൾ നിരവധി ഉണ്ടായിരിക്കാമെങ്കിലും പ്രത്യക്ഷമായോ പരോക്ഷമായോ ഇവ ഓരോന്നും ആദായം ഉണ്ടാക്കുന്നതിലും അതിലേക്ക് പണം സ്വരൂപിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണെന്ന് നമുക്കറിയാം. സിനിമാ വ്യവസായം കോടികൾ മുടക്കുള്ള കാര്യമാണെന്നും മുഖ്യനടൻ മുതൽ എക്സ്ട്രാ വരെ ഇതിൽ നിന്ന് കാശുണ്ടാക്കുന്നുണ്ടെന്നും, അത്തരം സിനിമ കാണുന്നതിനാണ് കാശുമുടക്കി ടിക്കറ്റ് സമ്പാദിച്ച് കാണികൾ തിയേറ്ററിൽ നേരം പോക്കിന് വേണ്ടി ഇടിച്ച് കയറുന്നതെന്നും നമുക്കറിയാം. നേരമ്പോക്കിന് മുടക്കുന്ന വിലയുടെ ഒരംശം സമൂഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉതകണമെന്ന ആശയമാണ് വിനോദ നികുതി പിരിക്കുന്നതിന് പിന്നിലുള്ളത്. ക്രിക്കറ്റ് കായിക വിനോദങ്ങളിൽ ഒന്നത്രേ. കൊഴുത്ത നിരക്കാണ് ഈ കളികൾക്ക് സംഘാടകർ കാണികളിൽ നിന്നും ഈടാക്കുന്നതെങ്കിലും, വിനോദനികുതിയുടെ കാര്യം വരുമ്പോൾ 'ഒഴിവാക്കണം' എന്ന ആവശ്യമാണ് ഇവർ പലപ്പോഴും ഉന്നയിക്കുന്നത്. 'വാതുവയ്പ്പ്' നിയമ വിധേയമാക്കിയാൽ കൂടുതൽ നികുതി കിട്ടുമെന്നാണ് ഇവരിൽ ചില കൂട്ടർ ഇപ്പോൾ വാദിക്കുന്നത്. എന്നാലും കളികൾക്കുള്ള വിനോദ നികുതി നേരെ ചൊവ്വെ കൊടുക്കാൻ വിനോദത്തിന്റെ പേരിൽ കാശു വാരുന്നവർക്ക് 'എന്തരോ ഒരു' വൈമനസ്യം. ഈശ്വരോ രക്ഷതു!

വിനോദം വിറ്റു കാശാക്കുന്നവർ അതിന്റെ ഒരു പങ്ക് സാമൂഹിക നീതിക്കും ക്ഷേമത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൊടുത്തേ തീരൂ എന്ന വസ്തുത എല്ലാവരും അംഗീകരിക്കണം. ആൾ ബലത്തിന്റെ പേരിൽ അവിഹിതമായി ഒഴിവാക്കൽ നേടുന്നതിനും, നികുതി വെട്ടിക്കുന്നതിനും കൂട്ട് നിൽക്കന്നത് സമൂഹത്തോട് ചെയ്യുന്ന ഹീനമായ കുറ്റകൃത്യം ആണെന്ന വിചാരം വേണം. സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിലുള്ള നിയമവും, ചട്ടങ്ങളും, നടപടി ക്രമങ്ങളും, നീതിയുക്തവും കുറ്റമറ്റതുമാക്കണം; അഴിമതിയിൽ പെടാതെ അവ കർശനമായി നടപ്പാക്കണം. തനത് വരുമാനം വർദ്ധിപ്പിക്കാം, ക്ഷേമ പ്രവർത്തനങ്ങളുടെ ആക്കവും കൂട്ടാം.

വിനോദ നികുതി എന്താണെന്നും എന്തിനാണെന്നും അതിന്റെ നിയമവശം എങ്ങനെയാണെന്നും ഒരു തുറന്ന ചർച്ച തുടങ്ങിവയ്ക്കുക, ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ കുറിപ്പ് അതിലേക്ക് ഉപകരിച്ചാൽ നിയമദൃഷ്ടിയുടെ ഈ ദിശയിലുള്ള ശ്രമങ്ങൾ ധന്യമായി.

1. ഭരണഘടനാ വ്യവസ്ഥകൾ

ഭാരതഭരണഘടനയുടെ XI-ാം ഭാഗത്തിൽ യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമനിർമ്മാണപരമായ ബന്ധങ്ങളും, നിയമനിർമ്മാണ അധികാരങ്ങളുടെ വിഭജനവും പറഞ്ഞുകാണുന്നു. ഭരണഘടനയുടെ 246-ാം അനുഛേദം അനുസരിച്ച് സംസ്ഥാനത്തിന് ഏഴാം പട്ടികയിലെ ലിസ്റ്റിൽ II (A സംസ്ഥാന ലിസ്റ്റ്) പറഞ്ഞിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരം നൽകിയിരിക്കുന്നു. സംസ്ഥാന ലിസ്റ്റിലെ ക്രമനമ്പർ 62 അനുസരിച്ച്'കലാപരിപാടികൾ, വിനോദങ്ങൾ, പന്തയം, ചൂതുകളി' ഇവയിൻമേലുള്ള നികുതി ഉൾപ്പെടെ സുഖഭോഗവസ്തുക്കളിന്മേലുള്ള നികുതി സംബന്ധിച്ച് സംസ്ഥാ

നങ്ങൾക്ക് നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. അനുഛേദം 243H സർക്കാരിന്, പഞ്ചായത്തുകളെ പരിധിക്ക് വിധേയമായി നികുതികൾ, കരങ്ങൾ, ചുങ്കം, ഫീസ് എന്നിവ പിരിക്കാൻ സംസ്ഥാന നിയമസഭ പാസാക്കിയ നിയമത്തിലൂടെ അനുവദിക്കാവുന്നതാണ് പരിധികൾക്ക് വിധേയമായി എന്നാൽ, കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി എന്നാണ് അർത്ഥം. കുറഞ്ഞതോ കൂടിയതോ ആയ പരിധിമാത്രം പറയുന്നത് ശരിയല്ല. നിരക്ക് നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുമ്പോൾ ഓരോ പഞ്ചായത്തും തോന്നിയപോലെ നിരക്കുകൾ നിശ്ചയിച്ചാൽ നികുതി നൽകുന്നവർക്ക് നീതി നിഷേധിക്കപ്പെടും. നിരക്കുകൾക്ക് ഏതാണ്ടൊരു ഐക്യരൂപം ഉണ്ടായിരിക്കണമെന്ന് നീതി ആവശ്യപ്പെടുന്നു. അതുകൊണ്ടാണ് "പരിധികൾക്ക് വിധേയമായി എന്ന് ഭരണഘടന നിഷ്കർഷിക്കുന്നത്. അതുകൊണ്ട് കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ തമ്മിൽ വലിയ അന്തരം പാടില്ല. എന്നാൽ ക്ലിപ്ത ശതമാനം നികുതിയായി നിശ്ചയിക്കുന്നതിൽ തെറ്റില്ല. അപ്പോൾ പഞ്ചായത്തിന് നിരക്ക് നിശ്ചയിക്കാൻ വിവേചനാധികാരം ഇല്ലാതാകും. കൂടാതെ അനുഛേദം 265 പ്രകാരം നിയമം നൽകുന്ന അധികാരം അനുസരിച്ചല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതികൾ ചുമത്തുകയോ പിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഇതിനർത്ഥം നികുതി ചുമത്തുന്ന കാര്യത്തിൽ മാത്രമല്ല നികുതി പിരിക്കുന്ന കാര്യത്തിലും നിയമ വ്യവസ്ഥകൾ ഉണ്ടാക്കണമെന്നാണ്. എന്നാൽ വിശദമായ നടപടിക്രമങ്ങൾ നിയമത്തിന് കീഴിൽ ചട്ടങ്ങളിലൂടെ നിർണ്ണയിക്കാവുന്നതാണ്.

2. സംസ്ഥാന നിയമങ്ങൾ

കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 200 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ചുമത്താവുന്ന നികുതികൾ, ചുങ്കം, കരങ്ങൾ, ഫീസ് എന്നിവയെപ്പറ്റി പൊതുവേ പരാമർശിച്ചിരിക്കുന്നു. ഇതിൽ (4)ാം ഉപവകുപ്പിൽ പ്രദർശന നികുതിയെപ്പറ്റി പറയുന്നു. (പ്രദർശനം എന്നാൽ പ്രകർഷേണയുള്ള ദർശനം എന്ന് വാച്യാർത്ഥം). വിദ്യാഭ്യാസത്തിന് ഉദ്ദേശിച്ച പ്രദർശനമല്ല. വിനോദത്തിനുള്ള പ്രദർശനമാണ് പ്രദർശന നികുതിയ്ക്ക് വിധേയമാകുന്നത് എന്ന് കോടതി വിധിയിലൂടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഉപവകുപ്പിന് കീഴിൽ 'പ്രദർശനം' എന്ന പ്രയോഗത്തെ, പണം നൽകുന്നതിൻമേൽ ആളുകൾക്ക് പ്രവേശനം നൽകുന്ന ഏതെങ്കിലും വിനോദം, പ്രദർശനം, അഭ്യാസ പ്രകടനം, നേരമ്പോക്ക്, കളി, കായിക വിനോദം, ഓട്ടപന്തയം എന്നിവ ഉൾപ്പെടുന്നതാണ് എന്ന് വിശദീകരിച്ചിരിക്കുന്നു. വ്യത്യസ്ഥ നിയമങ്ങളുടെ കീഴിലുള്ള വിനോദ നികുതിയുടെ നിർവചനത്തിലും, പ്രദർശനം എന്ന പ്രയോഗത്തിന്റെ വിശദീകരണത്തിലും ഘടകങ്ങൾ ഒരേപോലെ ആയതിനാൽ ഇവ പരസ്പര പൂരകങ്ങളാണെന്ന് കരുതാവുന്നതാണ്. ഏതായാലും ഷോ ടാക്സ് (പ്രദർശന നികുതി) ഈടാക്കുന്ന സമ്പ്രദായം ഇപ്പോൾ നിറുത്തലാക്കിയിരിക്കുകയാണ്. വിനോദ നികുതിയെന്ന പേരിൽ മാത്രമാണ് ഈ ഇനത്തിലുള്ള നികുതി പിരിവ് ഇപ്പോൾ നടത്തുന്നത്.

3. വിനോദ നികുതി

കേരള സംസ്ഥാനത്തിൽ 1.4.1962 ന് മുമ്പ് നിലവിലുണ്ടായിരുന്ന തിരു-കൊച്ചി ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട്, മദ്രാസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് എന്നീ നിയമങ്ങൾ 1961-ലെ കേരള ലോക്കൽ അതോറിറ്റിസ് എന്റർടെയ്മെന്റ് ആക്ട് പ്രകാരം റദ്ദാക്കിക്കൊണ്ട് പുതിയ നിയമം 1-4-62-ൽ നിലവിൽ വന്നു. ഇതു കൂടാതെ, 1962-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസ് 1.4.1962-ൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. മേൽ വിവരിച്ച നിയമങ്ങളും ചട്ടങ്ങളും വിനോദനികുതിയെ സംബന്ധിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാണ്. നിയമത്തിൽ നൽകിയിരിക്കുന്ന നിർവചനമനുസരിച്ച് പ്രതിഫലമീടാക്കി പ്രവേശനം നൽകപ്പെടുന്ന പ്രദർശനം, പ്രകടനം, നേരമ്പോക്ക്, കളികൾ, കായികാഭ്യാസം, മത്സരയോട്ടം എന്നിവ "വിനോദം" എന്ന പ്രയോഗത്തിൽപെടുന്നു. എന്നാൽ 'മാജിക്' വിനോദത്തിൽപെടുന്നതല്ല. പ്രവേശനത്തിന് പ്രതിഫലം (ഫീസ്) ഈടാക്കി നടത്തുന്ന മേൽപറഞ്ഞ വിനോദപരിപാടികളും പ്രകടനങ്ങളും വിനോദ നികുതിക്ക് വിധേയമാണ്.

ഒരു പ്രദർശനത്തിന് പ്രേക്ഷകൻ വാങ്ങുന്ന ടിക്കറ്റിന് കൊടുക്കുന്നത് പ്രവേശനത്തിനുള്ള വിലയും, സെസ്സും അവയിൽമേലുള്ള വിനോദ നികുതിയും, സർവ്വീസ് ടാക്സും ചേർന്നുള്ള തുകയാണ്. ഇതിൽ പ്രവേശനത്തിനുള്ള വിലയുടെ (പ്രൈസ് ഓഫ് അഡ്മിഷൻ)യും സെസ്സിന്റെയും ഒരു നിശ്ചിത ശതമാനമായിട്ടാണ് വിനോദ നികുതി നിശ്ചയിക്കപ്പെടുന്നത്. 12.05.2000-ൽ വന്ന നിയമഭേദഗതി അനുസരിച്ച് കുറഞ്ഞ നിരക്ക് 24 ശതമാനവും കൂടിയ നിരക്ക് 48 ശതമാനവുമായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പരമാവധി പരിധിയായ 48 ശതമാനം തുക വിനോദ നികുതിയായി നിശ്ചയിച്ച് ഈടാക്കി വന്നിരുന്നു. ഇത് നിയമവിധേയമായിരുന്നു. എന്നാൽ 7.8.2004-ലെ 2557/04/നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച്, സിനിമാ പ്രദർശനങ്ങൾക്കുള്ള വിനോദ നികുതി മുനിസിപ്പൽ കോർപ്പറേഷനുകളിൽ 25 ശതമാനം, മുനിസിപ്പൽ കൗൺസിലുകളിൽ 20 ശതമാനം, ഗ്രാമ പഞ്ചായത്തുകളിൽ 15 ശതമാനം എന്നീ തോതുകളായി നിശ്ചയിച്ചു. മുകളിൽ പരാമർശിച്ച ഭരണഘടനാ അനുഛേദം 265 അനുസരിച്ച് നിയമാനുസൃതമല്ലാതെ നികുതി ചുമത്തുകയോ പിരിക്കുകയോ ചെയ്യാൻ പാടില്ല എന്ന



വിനോദം വിറ്റു കാശാക്കുന്നവർ അതിന്റെ ഒരു പങ്ക് സാമൂഹിക നീതിക്കും ക്ഷേമത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൊടുത്തേ തീരൂ എന്ന വസ്തുത എല്ലാവരും അംഗീകരിക്കണം. ആൾബലത്തിന്റെ പേരിൽ അവിഹിതമായി ഒഴിവാക്കൽ നേടുന്നതിനും, നികുതി വെട്ടിക്കുന്നതിനും കൂട്ട് നിൽക്കന്നത് സമൂഹത്തോട് ചെയ്യുന്ന ഹീനമായ കുറ്റകൃത്യം ആണെന്ന വിചാരം വേണം.

വ്യവസ്ഥയ്ക്ക് അനുസൃതമല്ല, എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമുള്ള ഈ നികുതി നിർണ്ണയം. എങ്കിലും സർക്കാർ കൊണ്ടുവന്ന ഒരു "വെയ്‌വർ" എന്ന നിലയിൽ ഇത് നിയമ വിരുദ്ധവും ആകുന്നില്ല. പക്ഷേ കഴിയുന്നതും വേഗം ഒരു നിയമഭേദഗതി കൊണ്ടുവന്ന് ഇത് നിയമാനുസൃതമായ ഒരു നികുതി നിർണ്ണയം ആക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാത്ത സ്ഥിതിക്ക് ഇനിയെങ്കിലും ഓരോ ടിക്കറ്റിനുള്ള ന്യായമായ പ്രവേശനഫീസ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നിശ്ചയിക്കുകയും അതിന്മേൽ സെസ്സ്, വിനോദനികുതി എന്നിവയുടെ നിരക്ക് നിശ്ചിത ശതമാനമായി നിജപ്പെടുത്തി ഒരു പട്ടിക ഉണ്ടാക്കുകയും ചെയ്യുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കേണ്ടതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ പ്രദേശങ്ങൾക്ക് വ്യത്യസ്ഥ പ്രവേശന നിരക്കും സെസ്സും അതിന്മേൽ വിനോദ നികുതിയുടെ തോതും നിശ്ചയിക്കാവുന്നതാണ്.

2004 മുതൽ സിനിമാ പ്രദർശനങ്ങളുടെ വിനോദ നികുതി പിരിവ് നടത്തുന്നത് ഒരു എക്സിക്യൂട്ടീവ് ഓർഡറിന്റെ പേരിലാണെന്നും ഒരു നിയമഭേദഗതിയിലൂടെ ഇത് നിയമാനുസൃതമാക്കണമെന്നുമുള്ള നിയമദൃഷ്ടിയുടെ കണ്ടെത്തൽ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമമനുസരിച്ച് പ്രവേശനത്തിനുള്ളവയുടെ 48%വരെ വിനോദനികുതി ഈടാക്കേണ്ട സ്ഥാനത്താണ് ഇപ്പോൾ എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം 25,20,15 ശതമാനമാണ് വിനോദ നികുതി പിരിക്കുന്നതെന്നും ബന്ധപ്പെട്ടവർ ഓർക്കണം.

4 സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് നിയമഭേദഗതി

15.01.2013-ൽ നിലവിൽ വന്ന നിയമഭേദഗതി അനുസരിച്ച് 25 രൂപയിൽ കൂടുതൽ പ്രവേശനത്തിന് വിലയുള്ള ഓരോ ടിക്കറ്റിന്മേലും 3 രൂപ വീതം ഉപനികുതി (സെസ്സ്) പിരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ട്. ഈ അധിക തുകയും വിനോദ നികുതിയ്ക്ക് വിധേയമാണ്. അതായത് 25രൂപ പ്രൈസ് ഓഫ് അഡ്മിഷൻ ഉള്ള ഒരു സിനിമാ ടിക്കറ്റിന് വിനോദനികുതി ഒരു മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് 25 ശതമാനമാണ്, അതായത് 5 രൂപയാണ് വിനോദ നികുതി ഈടാക്കി വന്നിരുന്നത്. ഉപനികുതി ഏർപ്പെടുത്തിയ 15.01.2013 മുതൽ 25+3=28 രൂപയുടെ 20 ശതമാനം അതായത് 5.60 രൂപ വിനോദ നികുതിയായി ഈടാക്കണം. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് 2012-ൽ ഭേദഗതി ചെയ്ത വകുപ്പ് 3 സി ചേർത്തതനുസരിച്ച് സർക്കാർ വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന 3 രൂപയിൽ കവിയാത്ത തുക 25 രൂപയിൽ കവിയുന്ന പ്രൈസ് ഓഫ് അഡ്മിഷനുള്ള ഓരോ ടിക്കറ്റിന്മേലും, കേരള കൾച്ചറൽ ആക്റ്റിവിറ്റീസ് വെൽഫെയർ ഫണ്ടിലേക്ക് ഈടാക്കണമെന്ന് ആവശ്യപ്പെടുന്നു. 15.1.13-ലെ വിജ്ഞാപനം അനുസരിച്ച് ഈ തുക 3 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ഉപവകുപ്പുകളിൽ ഈ സെസ്സ്, മുകളിൽ പറഞ്ഞ ഫണ്ടിലേക്ക് അടയ്ക്കേണ്ട നടപടി ക്രമങ്ങളും വിവരിക്കുന്നുണ്ട്. 14.05.2013-ൽ പുറപ്പെടുവിച്ച 9902/RD3/2013/LSGD സർക്കുലറിൽ വകുപ്പ് 3 സി അനുസരിച്ച് കൈകൊള്ളേണ്ട തുടർനടപടിക്കളക്കുറിച്ച് സവിസ്താരം നിർദ്ദേശങ്ങൾ നല്കിയിട്ടുമുണ്ട്. ഈ നടപടിക്രമങ്ങൾ നടപ്പിലായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണങ്ങൾ എന്താണെന്നും സർക്കാർ വിവരങ്ങൾ ശേഖരിച്ച് പരിശോധിക്കേണ്ടതാണ് (ഏതായാലും സെസ്സ്, പിരിവ് ഇപ്പോൾ കോടതി സ്റ്റേ ചെയ്തിരിക്കുന്നതായി അറിയുന്നു. കാര്യകാരണങ്ങൾ സർക്കാർ അന്വേഷിച്ചറിയേണ്ടതും നടപടികൾ എടുക്കേണ്ടതുമാണ്.)

മുകളിൽ പരാമർശിച്ച നിയമ ഭേദഗതി (2012-ലെ 61-ാം നമ്പർ ഓർഡിനൻസ്) യിൽ ഇലക്ട്രോണിക്സ് ഫോമിലുള്ള ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിലേക്ക് വകുപ്പ് 5-ൽ വരുത്തിയ ഭേദഗതികളും ഉൾപ്പെടുന്നു.

5. സർചാർജ്- ഇതുകൂടാതെ-തിയേറ്ററുകളിലെ സാനിറ്റേഷൻ, ശുചീകരണം ശീതീകരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ കുറ്റമറ്റതാക്കാൻ വേണ്ടി കാണികളിൽ നിന്ന് ഒരു ടിക്കറ്റിന്മേൽ 2 രൂപ വീതം സർവ്വീസ് ചാർജ് (നികുതിക്ക് വിധേയമല്ല) ഈടാക്കാമെന്നും, പ്രസ്തുത തുകയിൽ ഒരു നിശ്ചിത ഭാഗം തിയേറ്റർ ഉടമയ്ക്ക് ഉപയോഗിക്കാനും ബാക്കി തുക ചലചിത്ര അക്കാഡമിക്കും ചലചിത്ര വികസനകോർപ്പറേഷനും നൽകാനും ഒരു എക്സിക്യൂട്ടീവ് ഉത്തരവും നിലവിലുണ്ട്. നടപടി കാര്യത്തിൽ വ്യക്തത വരുത്തി സർവീസ് ചാർജ് നിയമാനുസരണമാക്കേണ്ടതാണ്. നടപടി ക്രമങ്ങളിൽ വ്യക്തത ഇല്ലാത്തതിനാൽ സർചാർജ് പിരിച്ചത് എത്തേണ്ടിടത്ത് എത്തുന്നില്ല എന്നാണറിയുന്നത്.

6. ഒഴിവാക്കലുകൾ - വിനോദനികുതി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദ്യാഭ്യാസം, സാംസ്കാരികം, ശാസ്ത്രീയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ലാഭേച്ഛ കൂടാതെ നടത്തുന്ന പ്രദർശനങ്ങളെയും പ്രകടനങ്ങളെയും ഒഴിവാക്കാവുന്നതാണ്. അതുപോലെ പൊതു ആരോഗ്യം, കാർഷികം, വ്യാവസായികം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച വിനോദ പരിപാടികളും ഒഴിവാക്കപ്പെടാവുന്നതാണ്. വിനോദ നികുതി നിയമത്തിലെ വകുപ്പ് 7 (A) പ്രകാരം വിനോദ നികുതിയിൽ നിന്നും പ്രദർശനങ്ങളെ ഒഴിവാക്കാൻ സർക്കാരിന് അധികാരമുണ്ട്. വകുപ്പ് 7 (A) (3) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പ്രദർശനങ്ങൾക്ക് ഇളവ് നൽകാൻ അധികാരം നൽകിയിട്ടുണ്ട്.

കഥകളി, കഥാപ്രസംഗം എന്നിവ ടിക്കറ്റ് വച്ച് നടത്തുകയാണെങ്കിൽ കലാപ്രകടനമായി കണക്കാക്കി വിനോദ നികുതി ഈടാക്കാം. വിനോദ നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം നാടകത്തിന്, ഒരു പ്രദർശനത്തിന് 100 രൂപയെന്നും, സർക്കസ്സിന് ഒരു പ്രദർശനത്തിന് 60 രൂപയെന്നും നിജപ്പെടുത്തി കാണുന്നു. കുറഞ്ഞകാലത്തേക്ക് താത്കാലികമായി നടക്കുന്ന പ്രദർശനങ്ങളെ ഉദ്ദേശിച്ചാകാം ഈ നിരക്കുകൾ.

7. അമ്യൂസ്മെന്റ് പാർക്കുകൾ

വിനോദ ഉപാധികൾ എന്ന നിലയ്ക്ക് അമ്യൂസ്മെന്റ് പാർക്ക്, വാട്ടർതീം, പാർക്ക്, ഹാപ്പിലാൻഡ് എന്നിങ്ങനെ പലപേരുകളിൽ വിനോദത്തിനായുള്ള പാർക്കുകൾ നിലവിൽ വന്നിട്ട് വളരെ കാലമൊന്നുമായില്ല. കൂടിയ നിരക്കിൽ പ്രവേശന ഫീസ് ഈടാക്കുന്ന കൂടുതൽ സ്ഥലവും, സൗകര്യങ്ങളുമുള്ള ഇത്തരം സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദ നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ് എന്ന് കണ്ട് 2005-ലെ 26-ാം ആക്ടിലൂടെ വിനോദനികുതി (ഭേദഗതി) നിയമത്തിൽ കൊണ്ടുവന്ന വകുപ്പ് 3 (B) പ്രകാരം, ഇത്തരം അമ്യൂസ്മെന്റ് പാർക്കുകളുടെ കാര്യത്തിൽ താഴെപറയുന്ന പരിധികൾക്ക് വിധേയമായി വാർഷിക നികുതി നിശ്ചയിക്കാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നല്കിയിട്ടുണ്ട്.



വിനോദനികുതി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദ്യാഭ്യാസം, സാംസ്കാരികം, ശാസ്ത്രീയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ലാഭേച്ഛ കൂടാതെ നടത്തുന്ന പ്രദർശനങ്ങളെയും പ്രകടനങ്ങളെയും ഒഴിവാക്കാവുന്നതാണ്.

പ്രതിഫലമീടാക്കി പ്രവേശനം നൽകപ്പെടുന്ന പ്രദർശനം, പ്രകടനം, നേരമ്പോക്ക്, കളികൾ, കായികാഭ്യാസം, മത്സരയോട്ടം എന്നിവ "വിനോദം" എന്ന പ്രയോഗത്തിൽപെടുന്നു. എന്നാൽ 'മാജിക്' വിനോദ ത്തിൽപെടുന്നതല്ല. പ്രവേശന ത്തിന് പ്രതിഫലം (ഫീസ്) ഈടാക്കി നടത്തുന്ന മേൽ പറഞ്ഞ വിനോദപരിപാടികളും പ്രകടനങ്ങളും വിനോദ നികുതിക്ക് വിധേയമാണ്.

'അമ്യൂസ്മെന്റ് പാർക്ക്' എന്നാൽ വിനോദത്തിനായി ഉദ്ദേശിച്ചിട്ടുള്ള പ്രതിഫലം വാങ്ങി പ്രവേശനം നൽകുന്ന ഒരു സ്ഥിരം പുറം വാതിൽ സംവിധാനം. കെട്ടിടങ്ങളും എടുപ്പുകളും ഉൾപ്പെടെയുള്ളത് എന്നർത്ഥമാകുന്നു. അമ്യൂസ്മെന്റ് പാർക്കുകളെ മുകളിൽ പറഞ്ഞതരത്തിൽ വിഭാഗീകരിക്കുന്നത് താഴെ പറയുന്നവർ ഉൾപ്പെട്ട ഒരു കമ്മിറ്റി ആയിരിക്കുന്നതാണ്.

1. ഗവ. സെക്രട്ടറി – അർബൻ അഫയേഴ്സ്
2. ഗവ. സെക്രട്ടറി – റൂറൽ അഫയേഴ്സ്
3. ഗവ. സെക്രട്ടറി – ടൂറിസം
4. ചെയർപേഴ്സൺ – മേയേഴ്സ് ചേംബർ
5. ചെയർപേഴ്സൺ – മുനിസിപ്പൽ ചെയർപേഴ്സൺ ചേംബർ
6. പ്രസിഡന്റ് – പഞ്ചായത്ത് അസോസിയേഷൻ
7. ചീഫ് ടൗൺ പ്ലാനർ

ഏ വിഭാഗം

3 കോടി രൂപ വരെ മുടക്കുമുതലും രണ്ട് ഹെക്ടറോ അതിൽ താഴെയോ വിസ്തൃതിയുമുള്ള പാർക്ക്

3 ലക്ഷം മുതൽ 6 ലക്ഷം രൂപ വരെ

ബി വിഭാഗം

3 കോടി രൂപയ്ക്കു മുകളിലും 10 കോടി രൂപയ്ക്ക് താഴെ മുടക്ക് മുതലും രണ്ട് ഹെക്ടറിൽ എന്നാൽ നാല് ഹെക്ടറിൽ താഴെ വിസ്തൃതിയുമുള്ള പാർക്ക്

10 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ

സി വിഭാഗം

10 കോടി മുതൽ 20 കോടിക്ക് താഴെയും രൂപ മുടക്ക് മുതലും 4 ഹെക്ടറിന് മുകളിൽ എന്നാൽ 6 ഹെക്ടറിന് താഴെ വിസ്തൃതിയുമുള്ള പാർക്ക്

25 മുതൽ 30 ലക്ഷം രൂപ വരെ

ഡി വിഭാഗം

20 കോടിയിലധികം എന്നാൽ 50 കോടിയിൽ താഴെ രൂപ മുതൽ മുടക്കും 6 മുതൽ 10 ഹെക്ടറിന് താഴെ വരെ വിസ്തീർണ്ണവുമുള്ള പാർക്ക്

50 ലക്ഷം മുതൽ 60 ലക്ഷം രൂപ വരെ

ഇ വിഭാഗം

50 കോടിയിലധികം രൂപ മുതൽ മുടക്കും 10 ഹെക്ടറോ അതിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാർക്ക്

80 ലക്ഷം മുതൽ 100 ലക്ഷം രൂപ വരെ

എന്നാൽ പാർക്ക് സ്ഥാപിച്ച് കഴിഞ്ഞ് ആദ്യത്തെ ഒരു വർഷം മുകളിൽ പറഞ്ഞ നിരക്കിന്റെ 60 ശതമാനവും രണ്ടാമത്തെ വർഷം 40 ശതമാനവും മൂന്നാമത്തെ വർഷം 20 ശതമാനവും നാലാമത്തെ വർഷം മുതൽ 10 ശതമാനവും എന്ന തോതിൽ വിനോദ നികുതി ഒടുക്കിയാൽ മതിയാകുന്നതാണ്.

8. പരിശോധനാ സംവിധാനം

നികുതി വെട്ടിപ്പ് തടയുന്നതിന് തിയേറ്റർ പരിശോധനയ്ക്ക് നടപടി ക്രമങ്ങൾ ഉണ്ട്. നിയമത്തിലെ വകുപ്പ് 9 പ്രകാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി ഡയറക്ടർമാർ, കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് തിയേറ്റർ, വിനോദ പരിപാടി നടക്കുന്ന ഇടങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്താവുന്നതാണ്. നികുതി ക്രമമായി ഒടുക്കാത്ത തിയേറ്ററുകൾക്ക് ലൈസൻസ് പുതുക്കൽ തടയാനും നിയമം അനുവദിക്കുന്നുണ്ട്.

9. പുനർചിന്തനം അനിവാര്യം

വിനോദ നികുതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന സ്ത്രോസ്സായിരുന്നു. പത്ത് പതിനഞ്ച് വർഷം മുമ്പ് വരെ തുടക്കം മുതൽ മുന്തിയ നിരക്കിൽ വിനോദനികുതി നിജപ്പെടുത്തിയിരുന്നതിനാൽ നികുതി വെട്ടിപ്പും അഴിമതിയും ഈ മേഖലയിൽ പടർന്ന് കയറാൻ ഇടയായി. സിനിമാ വ്യവസായവുമായി ബന്ധപ്പെട്ടവരുടേയും തിയേറ്റർ ഉടമകളുടേയും പരാതികൾ കണക്കിലെടുത്തു സർക്കാർ ഈ മേഖലയിൽ പരിഷ്കാരം വരുത്തി. ഏറ്റവും ഒടുവിൽ 7.8.2004–ലെ സർക്കാർ ഉത്തരവ് അനുസരിച്ച് വിനോദ നികുതി നിരക്കുകളിൽ വൻ വെട്ടിച്ചുരുക്കൽ നടത്തി. സിനിമാ വ്യവസായം ക്ഷീണത്തിലാണെന്ന് പൊതുവേ ഒരു പരാതിയുണ്ടെങ്കിലും നഗര പ്രദേശങ്ങളിൽ ടിക്കറ്റ് നിരക്കുകളും കാണികളുടെ എണ്ണവും ഇന്നും വർദ്ധമാനമായ തോതിൽ തന്നെയാണ്.

മേൽപറഞ്ഞ സാഹചര്യത്തിൽ വിനോദ നികുതി നിയമത്തിലും ചട്ടങ്ങളിലും പ്രായോഗികതയും വസ്തുതകളും വിലയിരുത്തി ഭേദഗതികൾ വരുത്തേണ്ടതാണ്. ഇലക്ട്രോണിക് ടിക്കറ്റിംഗ് എന്ന സമ്പ്രദായം നിലവിൽ വരുന്നതോടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ അടയുന്നതുമാണ്. ഏതായാലും ഈ മേഖലയിൽ ഒരു പുനർ ചിന്തനം അനിവാര്യമാണ്. നികുതി ചുമത്തലും പിരിവും നിയമത്തിന്റേയും ചട്ടങ്ങളുടേയും ചട്ടക്കൂട്ടിൽ ആക്കേണ്ടതുമാണ്. ഇതിലേക്ക് സർക്കാർ സത്വര നടപടിയെടുക്കുമെന്ന് പ്രതീക്ഷിക്കാം. ഇക്കാര്യത്തിൽ ആവശ്യമായ പഠനവും തെളിവെടുപ്പും നടത്തി നിയമഭേദഗതികൾ നിർദ്ദേശിക്കാൻ കേരള ലോക്കൽ ഗവ. കമ്മീഷനെ ചുമതലപ്പെടുത്തുന്നത് ഉചിതവും ന്യായവും ആയിരിക്കും. പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും പുനപരിശോധിച്ച് ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കുകയെന്നതാണല്ലോ പ്രസ്തുത കമ്മീഷന്റെ പ്രഥമവും പ്രാധാനവുമായി ഏൽപ്പിക്കപ്പെട്ട ജോലി.

വാൽക്കഷ്ണം

ഒരുവൻ: വിനോദത്തിനും നികുതി ഒടുക്കണമെന്ന്!

അപരൻ: പച്ചമാങ്ങ ഉപ്പും കൂട്ടി തിന്നുന്നവൻ വെള്ളം കുടിക്കട്ടെ അതല്ലേ പ്രകൃതി നിയമവും – പിന്നല്ലാതെ. ■

(ലേഖകൻ സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡി: സെക്രട്ടറിയായി വിരമിച്ചയാളാണ്.)

ഗ്രാമ പഞ്ചായത്തുകളിലൂടെ

പുതുപ്പാടി ഗ്രാമപഞ്ചായത്ത്

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച 7-ാം വാർഡിലെ എലിക്കാട് അംഗൻവാടി കെട്ടിടത്തിന്റെ ഉദ്ഘാടനം സി. മോയീൻകുട്ടി എം.എൽ.എ നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിഷക്കുട്ടി സുൽത്താൻ അദ്ധ്യക്ഷത വഹിച്ചു.

അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ ഗ്രാമം

തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ സമ്പൂർണ പെൻഷൻ ഗ്രാമം എന്ന ബഹുമതി അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് നേടി. തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവധ പെൻഷൻ പദ്ധതിയുടെ അപേക്ഷകൾ വാർഡിലെ മെമ്പർമാരും, ഗ്രാമസഭ, കുടുംബശ്രീ, അംഗൻവാടി പ്രവർത്തകർ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, ആശാവർക്കർമാർ തുടങ്ങിയവരിലൂടെ ജനങ്ങളിലേക്ക് എത്തിക്കുകയും അർഹരായ മുഴുവൻപേർക്കും പെൻഷൻ അനുവദിക്കുകയും ചെയ്തു. എല്ലാ പെൻഷൻകാരെക്കൊണ്ടും പോസ്റ്റാഫീസിൽ അക്കൗണ്ട് എടുപ്പിക്കുന്നതിനുവേണ്ടി ഗ്രാമസഭയിലും സൗകര്യമൊരുക്കി. പെൻഷൻകാർക്കു വേണ്ടി ആധാർകാർഡ് എടുക്കുന്നതിനും പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

2013 ജൂൺ 14-ാം തീയതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. രാജേശ്വരിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ തൃശൂർ ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ പെൻഷൻ ഗ്രാമമായി അളഗപ്പ നഗർ പഞ്ചായത്തിനെ തൃശൂർ എം.പി. പി.സി ചാക്കോ പ്രഖ്യാപിച്ചു. എല്ലാ പെൻഷൻകാർക്കും തിരിച്ചറിയൽ കാർഡും നൽകി.

പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

2011-12 വർഷം ജില്ലാതലത്തിൽ മികച്ച ഒന്നാമത്തെ ഗ്രാമപഞ്ചായത്തിനുള്ള സംസ്ഥാ സർക്കാർ ഏർപ്പെടുത്തിയ സ്വരാജ് ട്രോഫി തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് കരസ്ഥമാക്കി. കോഴിക്കോട് ഗുജറാത്തി ഹാളിൽ വച്ച് നടന്ന സംസ്ഥാന തല പഞ്ചായത്തുദിനാഘോഷ ചടങ്ങിൽ വച്ച് കേന്ദ്ര ആഭ്യന്തരസഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രനിൽ നിന്നും പഞ്ചായത്തു പ്രസിഡന്റ് കെ. രാകേഷ് അവാർഡ് ഏറ്റുവാങ്ങി.

പൊന്മുള ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലയിലെ, മലപ്പുറം ബ്ലോക്കിൽപ്പെട്ട പൊൻമുള ഗ്രാമപഞ്ചായത്തിലെ എല്ലാ ജനന, മരണ, വിവാഹ രേഖകളും 1970 മുതൽ 2013 കാലയളവ് വരെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടത്തുകയും, എല്ലാ ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകളും പൊതു ജനത്തിന് ഓൺലൈനായി ലഭിക്കുന്ന പരിപാടിയുടെ ഒദ്യോഗിക പ്രഖ്യാപനവും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസി.ടി.ടി കോയാമ്മു നടത്തി പഞ്ചായത്ത് പ്രസിഡന്റ് നഫീസ ടീച്ചർ അദ്ധ്യക്ഷത വഹിച്ചു.

ആനക്കയം ഗ്രാമപഞ്ചായത്ത് മാതൃക

സർക്കാരിന്റെ വിവധ ആനുകൂല്യങ്ങൾ പലവിധ അവശതകൾമൂലം കഷ്ടം അനുഭവിക്കുന്നവർക്ക് ലഭ്യമാക്കന്നതിനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ പുതുതായി 477 പേർക്ക് ബി.പി.എൽ റേഷൻ കാർഡ് വിതരണം ചെയ്തു.

അനർഹമായി കൈവശം വച്ചുകൊണ്ടിരുന്ന 94 പേരുടെ കാർഡുകൾ ബി.പി.എൽ വിഭാഗത്തിൽ നിന്നൊഴിവാക്കിയും പുതുതായി നിരാലംബരായ കുടുംബങ്ങളെ ഉൾപ്പെടുത്തിയുമാണ് പുതിയ പട്ടിക തയ്യാറാക്കി ബി.പി.എൽ കാർഡുകൾ വിതരണം ചെയ്തത്.

അനർഹരെ ഒഴിവാക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും വേണ്ടി സ.ഉ.നമ്പർ 112/12 തിയ്യതി 27.04.2012 തസ്വഭവ ഉത്തരവ് പ്രകാരം, സ്ക്രീനിംങ്ങ് കമ്മറ്റിയെ നിയമിച്ചു. (സ്ക്രീനിംങ്ങ് കമ്മറ്റിയിൽ ഗ്രാമസേവകൻ, വില്ലേജ് ഓഫീസർ റേഷനിംങ്ങ് ഇൻസ്പെക്ടർ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നു. പഞ്ചായത്തു പ്രസിഡന്റാണു സമിതി ചെയർമാൻ).

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ആശ്രയ ഗുണഭോക്താക്കൾ വിധവകൾ, വികലാംഗർ, ഹൃദ്രോഗികൾ, ഓട്ടിസം ബാധിച്ചവർ എന്നിവർക്ക് മുൻഗണന നൽകികൊണ്ടാണു പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയത്.

സമിതിയിലെ മുഴുവൻ അംഗങ്ങളുടേയും പൂർണ്ണ സഹകരണവും കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഭരണ സമിതി അംഗങ്ങളുടെ നിഷ്പക്ഷ പ്രവർത്തനവുമാണ് ഈ നേട്ടം കൈവരിക്കുന്നതിനു പഞ്ചായത്തിനെ സഹായിച്ചത്. ലിസ്റ്റ് അന്തിമമാക്കുന്നതിനു മുമ്പ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും അന്തിമമായി ഭരണ സമിതി ഏകകണ്ഠേന അംഗീകരിക്കുകയും ചെയ്തു.

സാങ്കേതികമായ വിവധ കാരണങ്ങളാൽ ഇനിയും ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്ന അർഹരായവർക്ക് അനുകൂലമായി മാനദണ്ഡങ്ങളിൽ ക്രമീകരണം വരുത്തുമെന്ന് പദ്ധതി ഉദ്ഘാടനം ചെയ്ത മലപ്പുറം ജില്ലാകളക്ടർ അറിയിച്ചു. ആനക്കയം ഗ്രാമ പഞ്ചായത്ത് ചെയ്ത പ്രവർത്തനങ്ങൾ മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാണെന്നും ജില്ലാകളക്ടർ പറഞ്ഞു.

സ്ക്രീനിംങ്ങ് കമ്മിറ്റി അംഗങ്ങൾ ഒറ്റക്കും കൂട്ടായും വ്യക്തികളുടെ രേഖകൾ പരിശോധിക്കുകയും വീടുകൾ തോറും നേരിൽ സന്ദർശനം നടത്തി പഠനം നടത്തുകയും ചെയ്ത് പട്ടിക കുറ്റമറ്റമാക്കുന്നതിന് ഏറെ സഹായിച്ചു. ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നു ഇക്കാര്യങ്ങളിലൊക്കെ മികച്ച പിന്തുണയും സഹകരണവും നൽകുകയുണ്ടായി.

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന് പി.എം.ഐയുടെ അവാർഡ്

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിന് പ്രോജക്ട് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (PMI) കേരള ചാപ്റ്ററിൽ നിന്നും (PMI Kerala Waves 2013 Award) അവാർഡ് ലഭിച്ചു. പ്രോജക്റ്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (PMI) ലോകത്തിലെ 185 രാജ്യങ്ങളിൽ നിന്നും 50 ലക്ഷം അംഗങ്ങൾ ഉള്ള ഏറ്റവും വലിയ സംഘടനയും ഗ്ലോബൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിവധ സംഘടനകളെയും സ്ഥാപനങ്ങളെയും ഉയർത്തുന്നതിന് പ്രയത്നിക്കുകയും ചെയ്യുന്നു. അവാർഡ് ISO സർട്ടിഫിക്കറ്റ് നേടിയതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് പേപ്പർ ലെസ് ആഫീസ് ആകുന്നതിന്റെ പ്രവർത്തന പുരോഗതിയ്ക്കുമാണ് ലഭിച്ചത്. ■

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട് - സംശയങ്ങളും മറുപടികളും
ക്വാളിഫൈഡ് സർട്ടിഫിക്കറ്റ്

2011-12-ലെ അക്കൗണ്ട് ഓഡിറ്റിനു സമർപ്പിച്ചു. ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റാണ് ലഭിച്ചത്. ഇതുകാരണം ലോകബാങ്ക്/ജലനിധി ധനസഹായം ലഭിക്കുന്നതിന് തടസ്സമുണ്ടാകുമോ?

തടസ്സമുണ്ടാവുകയാണെങ്കിൽ എന്താണ് മനസ്സിലാക്കേണ്ടത്.?

= ധനകാര്യ സ്റ്റേറ്റ്മെന്റിൽ ഗുരുതരമായ ക്രമക്കേടുകളൊന്നും ചൂണ്ടിക്കാണിക്കാത്ത ക്വാളിഫൈഡ് സർട്ടിഫിക്കറ്റുകൾ സ്വീകാര്യമാണെന്ന് ചർച്ചകളിൽ കെ.എൽ.ജി.എസ്.ഡി.പി/ജലനിധി പ്രതിനിധികൾ അംഗീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി യിലേയും ജലനിധിയിലേയും, ഇൻഫർമേഷൻ കേരള മിഷനിലേയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ചർച്ചയിലാണിത്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ പശ്ചാത്തലം വിവരിക്കാം:-

2000-2005 കാലഘട്ടത്തിലേക്കു വേണ്ടി 1998 ജൂലൈ 3 ന് രാഷ്ട്രപതി നിയമിച്ച പതിനൊന്നാം ധനകാര്യ കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകളിലൊന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി.എ.ജി) നിർദ്ദേശിക്കണമെന്നതായിരുന്നു. മറ്റൊന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനം സി.എ.ജിയുടെ സാങ്കേതിക മേൽനോട്ടത്തിന് (Technical Guidance and Support) വിധേയമായി പ്രവർത്തിക്കണമെന്നും. ഈ ശുപാർശ കേന്ദ്ര സർക്കാർ സ്വീകരിക്കുകയും സംസ്ഥാനങ്ങളോട് ഈ ശുപാർശ അംഗീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. 2002-ൽ കേരളസർക്കാർ ഈ നിർദ്ദേശം അംഗീകരിച്ചു. സി.എ.ജി ശുപാർശ ചെയ്ത അക്കൗണ്ടിംഗ് സംവിധാനവും ഓഡിറ്റിനുള്ള സി.എ.ജി.യുടെ സാങ്കേതിക മേൽനോട്ടവും നിലവിൽ വന്നു. സി.എ.ജി നിർദ്ദേശിച്ച 'ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ്' കേരള സർക്കാർ ഉത്തരവിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റിനു ബാധകമാക്കി. ഇതനുസരിച്ചുള്ള ഓഡിറ്റ് സർട്ടിഫിക്കേഷൻ സംബന്ധിച്ച സർക്കുലർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിക്കുകയും ചെയ്തു.

ധനകാര്യ സ്റ്റേറ്റ്മെന്റിലെ ഒന്നോ അതിലധികമോ കാര്യങ്ങളിൽ ഓഡിറ്റിന് വിയോജിപ്പുണ്ടെങ്കിലോ അവ്യക്തതയുണ്ടെങ്കിലോ ക്വാളിഫൈഡ് ഒപ്പീനിയൻ രേഖപ്പെടുത്തുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടപ്പാക്കിയ സി എ ജി യുടെ ഓഡിറ്റ് സ്റ്റാൻഡേർഡുകൾ പ്രകാരം നാലുതരം അഭിപ്രായങ്ങളാണ് (Audit opinion) ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തുന്നത്. (1) അൺക്വാളിഫൈഡ് (2) ക്വാളിഫൈഡ് (3) Adverse (4) Disclaimer.

INTOSAI Code of Ethics and Auditing Standards-നെ ആധാരമാക്കിയാണ് സി എ ജി യുടെ ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് തയ്യാറാക്കിയത്. ലോകത്തെ മുഴുവൻ രാജ്യങ്ങളിലേയും പരമോന്നത ഓഡിറ്റ് സ്ഥാപനങ്ങളുടെ വേദിയാണ് INTOSAI (International Organisation of Supreme Audit Institutions - www.intosai.org, www.issai.org Fo വെബ്സൈറ്റുകൾ നോക്കുക). ഐക്യരാഷ്ട്ര സഭയിലെ അംഗ രാജ്യങ്ങളുടെ അത്രയും അംഗസംഖ്യ ഈ വേദിക്ക് ഇന്നുണ്ട്. ധനകാര്യ ഓഡിറ്റ് (Financial Audit) കഴിഞ്ഞ് പുറപ്പെടുവിക്കുന്ന ഓഡിറ്റ് സർട്ടിഫിക്കറ്റിൽ താഴെ സൂചിപ്പിക്കുന്ന രീതിയിലുള്ള നാലുതരം ഓഡിറ്റ് അഭിപ്രായങ്ങളിൽ ഒന്നാണ് രേഖപ്പെടുത്തേണ്ടതെന്ന് INTOSAI Code of Ethics and Auditing Standards നിർദ്ദേശിക്കുന്നു.

1. Unqualified Opinion:

ധനകാര്യ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംതൃപ്തിയുണ്ടെങ്കിൽ അൺക്വാളിഫൈഡ് ഒപ്പീനിയൻ രേഖപ്പെടുത്തുന്നു എന്ന് INTO-SAI Code of Ethics and Auditing Standards-ന്റെ 4.0.10-ാം ഖണ്ഡികയിൽ പറയുന്നു.

2. Qualified Opinion :

ധനകാര്യ സ്റ്റേറ്റ്മെന്റിലെ ഒന്നോ അതിലധികമോ കാര്യങ്ങളിൽ ഓഡിറ്റിന് വിയോജിപ്പുണ്ടെങ്കിലോ അവ്യക്തതയുണ്ടെങ്കിലോ ക്വാളിഫൈഡ് ഒപ്പീനിയൻ രേഖപ്പെടുത്തുന്നു. ഈ യോജിപ്പില്ലായ്മ/അവ്യക്തത പ്രസക്തമായിരിക്കാം; പക്ഷേ ധനകാര്യ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് അടിസ്ഥാനപരമായിരിക്കില്ല. ഓഡിറ്റിന്റെ ഫലം തൃപ്തികരമായിരിക്കും. യോജിപ്പില്ലായ്മ/അവ്യക്തത എന്താണെന്ന് കൃത്യമായ വാക്കുകളിൽ

ധനകാര്യ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംതൃപ്തിയുണ്ടെങ്കിൽ അൺക്വാളിഫൈഡ് ഒപ്പീനിയൻ രേഖപ്പെടുത്തുന്നു എന്ന് INTO-SAI Code of Ethics and Auditing Standards ന്റെ 4.0.10–ാം ഖണ്ഡികയിൽ പറയുന്നു.

പൂർണ്ണമായ സംതൃപ്തി സൂചിപ്പിക്കുന്നതാണ് അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റുകൾ. ക്വാളിഫൈഡ് സർട്ടിഫിക്കറ്റുകളിലാകട്ടെ ഏതെങ്കിലും ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കും. എങ്കിലും ധനകാര്യസ്റ്റേറ്റ്മെന്റ് അപ്പാടെ തെറ്റാണെന്നോ ഗുരുതരമായ പ്രശ്നങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നോ രേഖപ്പെടുത്തിയിരിക്കില്ല.

രേഖപ്പെടുത്തിയിരിക്കും (Qualified Opinion: Where the auditor disagrees with or is uncertain about one or more particular items in the financial statements which are material but not fundamental to an understanding of the statements, a qualified opinion should be given. The wording of the opinion normally indicates a satisfactory out come to the audit subject to a clear and concise statement of the matter of disagreement or uncertainty giving rise to the qualified opinion - Para 4.0.13 INTOSAI Code of Ethics and Auditing Standards).

3. Adverse Opinion :

ഏതെങ്കിലും ഒരു കാര്യത്തിൽ, മൊത്തത്തിൽ തന്നെ ധനകാര്യ സ്റ്റേറ്റ്മെന്റിൽ പ്രസ്താവിച്ച കാര്യങ്ങളുമായി യോജിപ്പില്ല; ഈ യോജിപ്പില്ലായ്മ അടിസ്ഥാനപരമാണ് (disagreement which is so fundamental). ധനകാര്യ സ്റ്റേറ്റ്മെന്റ് ശരിയായ ചിത്രമല്ല നൽകുന്നത്. ഏതെല്ലാം കാര്യങ്ങളാണ് യോജിക്കാൻ സാദ്ധ്യമല്ലാത്തവ എന്ന് ഓഡിറ്റർ വ്യക്തമായി പ്രസ്താവിക്കും. ഇത്തരം സന്ദർഭങ്ങളിൽ Adverse Opinion രേഖപ്പെടുത്തുന്നു. (ഖണ്ഡിക 4.0.14)

4. Disclaimer of Opinion

പലകാര്യങ്ങളിലേയും അവ്യക്തത കാരണം ഒരഭിപ്രായത്തിൽ എത്തിച്ചേരാൻ കഴിയുന്നില്ല. അടിസ്ഥാനപരമാണ് ഈ അവ്യക്തത (uncertainly or scope restriction so fundamental). ധനകാര്യസ്റ്റേറ്റ്മെന്റിനെപ്പറ്റി അഭിപ്രായം പറയാൻ അസാദ്ധ്യമായ വിധം അവ്യക്തമായ കാര്യങ്ങൾ എന്തെല്ലാമെന്ന് ഓഡിറ്റർ വ്യക്തമായി പ്രസ്താവിക്കും. Disclaimer Opinion രേഖപ്പെടുത്തുകയും ചെയ്യും.

ഇപ്രകാരം Unqualified opinion, Qualified opinion, Adverse opinion അഥവാ Disclaimer Opinion രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് യഥാക്രമം Unqualified/Qualified/Adverse/Disclaimer Audit Certificates.

പൂർണ്ണമായ സംതൃപ്തി സൂചിപ്പിക്കുന്നതാണ് അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റുകൾ. ക്വാളിഫൈഡ് സർട്ടിഫിക്കറ്റുകളിലാകട്ടെ ഏതെങ്കിലും ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കും. എങ്കിലും ധനകാര്യസ്റ്റേറ്റ്മെന്റ് അപ്പാടെ തെറ്റാണെന്നോ ഗുരുതരമായ പ്രശ്നങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നോ രേഖപ്പെടുത്തിയിരിക്കില്ല. രേഖപ്പെടുത്തിയ കാര്യങ്ങൾ പ്രസക്തമായിരിക്കും; പക്ഷെ അടിസ്ഥാനപരമായിരിക്കില്ല (Material but not fundamental - vide para 4.0.14 of INTOSAI Code of Ethics and Auditing Standards). ഇക്കാരണത്താൽ അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് പോലെ ക്വാളിഫൈഡ് സർട്ടിഫിക്കറ്റും ധനകാര്യസ്ഥാപനങ്ങൾക്ക് സ്വീകാര്യമായിരിക്കും.

ധനകാര്യ സ്റ്റേറ്റ്മെന്റ് തൃപ്തികരമെന്ന സന്ദേശമാണ് Adverse/Disclaimer സർട്ടിഫിക്കറ്റുകൾ നൽകുന്നത്. Adverse Opinion AYhm Disclaimer Opinion രേഖപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വാർഷിക കണക്ക് ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിക്കുകയില്ല; ധനസഹായം ലഭിക്കുകയുമില്ല.

2011–12ൽ ലഭിച്ച ക്വാളിഫൈഡ് സർട്ടിഫിക്കറ്റിനു പകരം അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 2011–12 -ലെ ധനകാര്യ സ്റ്റേറ്റ്മെന്റിൽ മാറ്റം വരുത്തി ഒരിക്കൽ കൂടി ഓഡിറ്റിന് സമർപ്പിക്കണമൊഗ്രഹിക്കുന്നു. എന്നാൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ ഇപ്പോൾ 2011–12–ലെ എൻട്രി നടത്താൻ സാധിക്കുന്നില്ല. 2011–12 ലെ സ്റ്റേറ്റ്മെന്റ് ഒരിക്കൽ കൂടി ഓഡിറ്റിന് സമർപ്പിക്കുവാൻ എന്താണ് വഴി?

= ഒരു വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പിന്നീട് അതേ വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വീണ്ടും സമർപ്പിക്കുന്നതിന് വ്യവസ്ഥയില്ല. ഒരിക്കൽ ക്വാളിഫൈഡ് സർട്ടിഫിക്കറ്റ് നൽകി ക്കഴിഞ്ഞാൽ അതേ വർഷത്തെ പുതുക്കിയ കണക്ക് പരിശോധിച്ച് അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് നൽകാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ പ്രാപ്തമാക്കുവാൻ വ്യവസ്ഥയുമില്ല. മാത്രവുമല്ല, വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ലഭിച്ച് 15 ദിവസം കഴിഞ്ഞാൽ ഓഡിറ്റർ അത് പഞ്ചായത്തിന് തിരിച്ചു നൽകരുതെന്നും, ആവശ്യമായ വിവരങ്ങൾ എഴുതി വാങ്ങുകയാണ് വേണ്ടതെന്നും 1997–ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 11 (3)–ാം ചട്ടത്തിന്റെ പ്രൊവൈസോയിൽ നിർദ്ദേശിക്കുന്നു.

ഒരിക്കൽ ഓഡിറ്റിനു സമർപ്പിക്കുകയും ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്ത ധനകാര്യ സ്റ്റേറ്റ്മെന്റിൽ മാറ്റം വരുത്തേണ്ട ഏതെങ്കിലും സാഹചര്യമുണ്ടോ?

= ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഉദാഹരണമായി റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ പ്രാരംഭ ബാക്കി + പണം വരവ് (Opening Balance + Receipts), പണം കൊടുക്കൽ + നീക്കിയിരുപ്പ് (Payment + Closing Balance) എന്നിവയും തുല്യമായിരിക്കണം. ഇത് ചിലപ്പോൾ വ്യത്യസ്തമായേക്കാം. ഉദാഹരണത്തിന് ഒരു വർഷാവസാനം രേഖപ്പെടുത്തിയ പേയ്മെന്റ് ഓർഡർ ക്യാൻസലേഷൻ റിക്വസ്റ്റ് ഒരു പക്ഷെ അടുത്ത ഏപ്രിലിൽ അപ്രൂവ് ചെയ്തിരിക്കാം. ഇത് തെറ്റായ നടപടിയാണ്. മറ്റൊരു കാരണം: ഒരു പേയ്മെന്റ് ഓർഡർ ക്യാൻസലേഷൻ അപ്രൂവ് ചെയ്തിരിക്കാം; പകരം ഒരു രസീറ്റ് വരും. ചിലർ ഈ റസീറ്റ് അനാവശ്യമാണെന്നു കരുതി ക്യാൻസൽ/റിവേഴ്സ് ചെയ്യും. ഇതും തെറ്റായ നടപടിയാണ്. ഇങ്ങനെ ചെയ്താൽ വ്യത്യാസത്തിന് ഇടവരും. ഇനി മുതൽ ഇങ്ങനെ ചെയ്യാൻ സാദ്ധ്യമല്ലാത്ത രീതിയിൽ സെക്യൂരിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്.

അതുപോലെ ബാലൻസ് ഷീറ്റിലെ ബാദ്ധ്യതയും ആസ്തിയും തുല്യമായിരിക്കണം. അപൂർവ്വം സാഹചര്യങ്ങളിൽ ഡേറ്റാ ബേസിൽ സംഭവിച്ചുപോയ തകരാർ കാരണം ഇവ വ്യത്യസ്തമായിരിക്കാം.

ഈ തകരാറുകൾ ഇൻഫർമേഷൻ കേരള മിഷനെ അറിയിച്ച് പരിഹരിച്ച ശേഷമേ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു സമർപ്പിക്കാവൂ.

എല്ലാം അശ്രദ്ധകാരണം ഇപ്രകാരമുള്ള തിരുത്തൽ വരുത്താതെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു സമർപ്പിക്കുകയും ഇത് പ്രശ്നമായി കണക്കാക്കാതെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പോലും ഇത്തരം ഡേറ്റാ ബേസ് തകരാറുകൾ ഐ.കെ.എമ്മിന് റിപ്പോർട്ട് ചെയ്ത് പരിഹരിക്കേണ്ടതാണ്. വർഷം കഴിഞ്ഞു പോയി; ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന കാര്യത്താൽ ഈ തെറ്റ് അവഗണിച്ചു കളയരുത്. കാരണം, ഇവ പരിഹരിച്ചില്ലെങ്കിൽ പ്രശ്നം അടുത്ത വർഷങ്ങളിൽ തുടർന്നുകൊണ്ടേയിരിക്കും. ഇപ്രകാരം തിരുത്തൽ വരുത്തിയ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റിനെ പുതുക്കിയ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പകർപ്പു സഹിതം യഥാസമയം അറിയിക്കേണ്ടതാണ്.

2011-12 ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിൽ ഏതെങ്കിലും ഇടപാടുകൾ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിലോ അഥവാ തെറ്റുകളുണ്ടെങ്കിലോ അത് ആ വർഷത്തെ സ്റ്റേറ്റ്മെന്റിൽ തന്നെയല്ലേ തിരുത്തേണ്ടത്?

= അല്ല. ഓരോ വർഷത്തേയും വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പഞ്ചായത്ത് അംഗീകരിച്ച ശേഷം ആ പ്രമേയത്തോടൊപ്പമാണ് ഓഡിറ്റിനു സമർപ്പിക്കുന്നത്. സമർപ്പിച്ച് 15 ദിവസത്തിനകം ആവശ്യമെങ്കിൽ തിരിച്ചു വാങ്ങി, പഞ്ചായത്ത് വീണ്ടും അംഗീകരിച്ച ശേഷം, ഓഡിറ്റിനു സമർപ്പിക്കാം. എല്ലാം ഓഡിറ്റ് നടത്തിക്കഴിഞ്ഞ് വരവോ ചെലവോ രേഖപ്പെടുത്തുന്നതിൽ മുൻവർഷത്തെ കണക്കിൽ തെറ്റോ വിട്ടുപോകലോ (error or omission) ഉണ്ടെന്ന് ഓഡിറ്റർ ചൂണ്ടിക്കാണിക്കുകയാണെങ്കിൽ പുതിയ വർഷത്തെ കണക്കിലാണ് തിരുത്തൽ വരുത്തേണ്ടത്. (അതായത് ഏതു ദിവസമാണോ അപാകത തിരുത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടത്, ആ ദിവസത്തേയോ, അതിനുശേഷമുള്ള ദിവസത്തേയോ കണക്കിൽ). ഇതിനായിട്ടാണ് 280 എന്ന് ആരംഭിക്കുന്ന Prior Period Income/Prior Period Expenditure എന്ന അക്കൗണ്ട് ഹെഡ് കോഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച അക്കൗണ്ടിംഗ് സ്റ്റാൻഡേഡ് 5 ഇപ്രകാരം നിർദ്ദേശിക്കുന്നു.

ICAI Accounting Standard 5:

16. The term prior period items, as defined in this Standard, refers only to income or expenses which arise in the current period as a result of errors or omissions in the preparation of the Financial Statements of one or more prior periods. The term does not include other adjustments necessitated by circumstances which though related to prior period are determined in the current period, eg: arrears payable to workers as a result of revision of wages with retrospective effect during the current period.

17. Errors in the preparation of the Financial Statements may be discovered in the current period. Errors may occur as a result of mathematical mistakes, mistakes in applying accounting policies, misinterpretation of facts, or over sight.

സീൻ ഒന്ന്: സമയം രാത്രി. കുഞ്ഞ് നിർത്താതെ കരയുന്നു. കിലുക്ക് വാങ്ങിക്കൊടുക്കണമെന്നാണ് ആവശ്യം. രാത്രി എവിടെപ്പോയി കിലുക്ക് വാങ്ങും? കുഞ്ഞ് കരഞ്ഞു കരഞ്ഞ് ഉറങ്ങിപ്പോയി.

സീൻ രണ്ട് : സമയം രാവിലെ 7 മണി. അച്ഛൻ നേരത്തെ എഴുന്നേറ്റിരിക്കുന്നു. കട തുറപ്പിച്ച് കിലുക്ക് വാങ്ങി വരുന്നു. സമാധാനമായി ഇരുന്ന കുഞ്ഞ് ഇതു കണ്ടപ്പോൾ ബഹളം വച്ച് കരച്ചിൽ തുടങ്ങി. 'ഇന്നലെ കിലുക്കണം'.

ഇന്നലെ കിലുക്കാൻ കഴിയില്ല. ഇന്നേ കിലുക്കാൻ കഴിയൂ. ഇന്നലത്തെ കണക്കിൽ തെറ്റുണ്ടെന്ന് ഇന്നു ബോദ്ധ്യപ്പെട്ടാൽ ഇന്നലെ തിരുത്താൻ കഴിയില്ല. ഇന്നേ തിരുത്താൻ കഴിയൂ. ഇന്നത്തെ തീയതി വച്ച്; ഇത് ഒരു തിരുത്താണ് എന്ന് രേഖപ്പെടുത്തിക്കൊണ്ട്. ഒരു ആധാരത്തിൽ തെറ്റുണ്ടെന്ന് പിന്നീടു മനസ്സിലായാൽ ആരും 'വൈറ്റ്നർ' ഉപയോഗിച്ച് തിരുത്താറില്ല; 'തിരുത്താധാരം' ചമയ്ക്കുകയേ ഉള്ളൂ. ■

ഒരു വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പിന്നീട് അതേ വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വീണ്ടും സമർപ്പിക്കുന്നതിന് വ്യവസ്ഥയില്ല.

ഡോ. ജെ. ബി. രാജൻ

യുവജന ഗ്രാമസഭക്ക് ഒരു മാതൃക

പങ്കാളിത്ത ആസൂത്രണത്തിലൂടെ സമഗ്ര വികസനമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പൊതു സമീപനം. ആസൂത്രണത്തിൽ ജനപങ്കാളിത്തം സജീവമാക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമസഭകൾ ഇനിയും ശാക്തീകരിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് ഗ്രാമസഭക്ക് മുമ്പായി റസിഡൻസ് അസോസിയേഷൻ മാതൃകയിൽ 50 മുതൽ 100 വരെ കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ ഓരോ വാർഡിലും സംഘടിപ്പിക്കേണ്ടതാണെന്നും മാർഗ്ഗരേഖ വിവക്ഷിക്കുന്നു. കൂടാതെ ഗ്രാമസഭക്ക് മുമ്പായി കുട്ടികൾ, യുവജനങ്ങൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ മുതലായ വിഭാഗങ്ങളുടെ യോഗം ചേർന്ന് നിർദ്ദേശങ്ങൾ സമാഹരിക്കുകയും, ആയത് ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നു. നിയമാനുസൃതം ചേരേണ്ട കുറഞ്ഞത് നാല് ഗ്രാമസഭകളിൽ ഒന്നെങ്കിലും പ്രത്യേക കാര്യങ്ങൾക്കുള്ള സ്പെഷൽ ഗ്രാമസഭ ആയിരിക്കണം. മത്സ്യവകുപ്പിന്റെ പ്രഖ്യാപിത മത്സ്യഗ്രാമങ്ങൾ ഉള്ള വാർഡുകളിൽ ഊരുകൂട്ടം മാതൃകയിൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കായി മത്സ്യസഭകളും, ആദിവാസി മേഖലയിൽ ഊരുകൂട്ടവും സംഘടിപ്പിക്കണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു.

ഗ്രാമസഭകൾ ഇനിയും ശാക്തീകരിക്കേണ്ടതുണ്ടെന്നും ആയതിലേക്ക് ഗ്രാമസഭക്ക് മുമ്പായി റസിഡൻസ് അസോസിയേഷൻ മാതൃകയിൽ 50 മുതൽ 100 വരെ കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകൾ ഓരോ വാർഡിലും സംഘടിപ്പിക്കേണ്ടതാണെന്നും മാർഗ്ഗരേഖ വിവക്ഷിക്കുന്നു.

ഗ്രാമസഭക്ക് മുമ്പായുള്ള പ്രത്യേക വിഭാഗങ്ങൾക്കുള്ള വിശേഷാൽ ഗ്രാമസഭകളുടെ കാര്യത്തിൽ ഇനിയും കേരളത്തിലെ പഞ്ചായത്തുകൾ മുന്നോട്ട് പോകാനുണ്ട്. പ്രത്യേക വിഭാഗങ്ങളുടെ പ്രശ്നങ്ങളോട് എങ്ങിനെ പ്രതികരിക്കണമെന്നും എന്തൊക്കെ ഇടപെടലുകൾ നടത്തണമെന്നും ഉള്ള അവ്യക്തതകൾ ആകാം പലപ്പോഴും വിശേഷാൽ ഗ്രാമസഭാ സംഘാടനത്തിനുള്ള പ്രതികൂല ഘടകങ്ങൾ.

ഗ്രാമസഭക്ക് മുമ്പായുള്ള പ്രത്യേക വിഭാഗങ്ങൾക്കുള്ള വിശേഷാൽ ഗ്രാമസഭകളുടെ കാര്യത്തിൽ ഇനിയും കേരളത്തിലെ പഞ്ചായത്തുകൾ മുന്നോട്ട് പോകാനുണ്ട്. പ്രത്യേക വിഭാഗങ്ങളുടെ പ്രശ്നങ്ങളോട് എങ്ങിനെ പ്രതികരിക്കണമെന്നും എന്തൊക്കെ ഇടപെടലുകൾ നടത്തണമെന്നും ഉള്ള അവ്യക്തതകൾ ആകാം പലപ്പോഴും വിശേഷാൽ ഗ്രാമസഭാ സംഘാടനത്തിനുള്ള പ്രതികൂല ഘടകങ്ങൾ. എന്നാൽ എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്ത് മെമ്പർ എ.ഡി പോളി യുവജനങ്ങളുടെ പ്രത്യേക ഗ്രാമസഭ സംഘടിപ്പിച്ച് കൊണ്ട് മറ്റുള്ളവർക്ക് വഴികാട്ടിയാവുകയാണ്. കറുകുറ്റി ഗ്രാമപഞ്ചായത്തിലെ മുന്നൂർപ്പിള്ളി (VIIാം നമ്പർ) വാർഡിലെ യുവാക്കൾക്കും, കുട്ടികൾക്കും കളിസ്ഥലം വേണമെന്നുള്ളത് ചിരകാല ആവശ്യമായിരുന്നു. കായിക തൽപരർ ആണെങ്കിലും അതിന് ഇടമില്ലാത്ത ഈ വാർഡിലെ 61 യുവാക്കൾക്കും, അപകടം പതിയിരിക്കുന്ന റോഡിൽ സ്ഥിരമായി ക്രിക്കറ്റ് കളിക്കുന്ന 52 കുട്ടികൾക്കും ഒരു കളിസ്ഥലം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിശേഷാൽ ഗ്രാമസഭ സംഘടിപ്പിച്ചത്.

യുവാക്കളുടെ പ്രശ്ന പരിഹാരത്തിന് വ്യക്തമായ കർമ്മപരിപാടി ഉണ്ടാക്കി സമീപിച്ചതിനാൽ 2013 ഫെബ്രുവരി 17-ാം തീയ്യതി സംഘടിപ്പിച്ച വിശേഷാൽ ഗ്രാമസഭയിൽ പൂർണ്ണ പങ്കാളിത്തമുണ്ടായി. മുന്നൂർപ്പിള്ളി വാർഡിലൂടെ കടന്നു പോകുന്ന ഇടതുകര കനാലിനോട് ചേർന്ന് ഉപയോഗമില്ലാതെ കുഴിയായി കിടന്ന പ്രദേശം കണ്ടെത്തി അവിടെ കളിസ്ഥലം ഒരുക്കാൻ പദ്ധതിയിട്ടു. ഇറിഗേഷൻ വകുപ്പിന്റെ സ്ഥലമായതുകൊണ്ട് അവരുമായി ധാരണയായി. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ സേവനം വിനിയോഗിച്ച് കളിസ്ഥലം മണ്ണിട്ട് നികത്തി പാകപ്പെടുത്തി. പഞ്ചായത്തിൽ പ്രോജക്ട് വെയ്ക്കാൻ ഫണ്ടിന്റെ പരിമിധി ഉണ്ടായിരുന്നതിനാൽ മണ്ണിട്ട് നികത്തുന്നതിനുള്ള 69000/ രൂപ സ്വന്തമായി കണ്ടെത്തി. കളിസ്ഥലം പൂർത്തീകരിച്ചതോടെ യുവാക്കളും കുട്ടികളും അവിടെ വൈകുന്നേരങ്ങളിൽ കൂടുന്നുണ്ട്. യുവാക്കളും കുട്ടികളും കായിക വിനോദങ്ങളിൽ ഏർപ്പെടുവാൻ കളിസ്ഥലം വേദിയായതിലൂടെ രാഷ്ട്രീയ-ജാതീയ ചേരിതിരിവുകളും, സാമൂഹ്യ സംഘർഷങ്ങളും ഇല്ലാതാക്കുവാൻ സാധിച്ചു. സമൂഹ്യ കൂട്ടായ്മ ഉറപ്പു വരുത്താനും ഈ ഉദ്യമത്തിലൂടെ സാധിച്ചു. ഇതിലൂടെ യുവജനങ്ങളുടെ വിശേഷാൽ ഗ്രാമസഭയും അർത്ഥവർത്തായി. ■

നാം അറിയേണ്ട ലോകം

കമ്പിയില്ലാ കമ്പിയുടെ കാലം കഴിഞ്ഞു.

ഒരു കാലത്ത് ദിവസം ആറ് കോടി ടെലിഗ്രാം സന്ദേശങ്ങൾ വരെ ടെലിഗ്രാം മുഖേന കൈമാറ്റം ചെയ്തിരുന്ന നമ്മുടെ രാജ്യത്തെ ടെലിഗ്രാഫ് സേവനങ്ങൾ നിർത്തിവയ്ക്കാൻ ബി.എസ്.എൻ.എൽ തീരുമാനിച്ചിരിക്കുന്നു. വിവര വിനിമയത്തിന് ആധുനിക സാങ്കേതിക വിദ്യകൾ സർവ്വസാധാരണമായതിനാലാണ് ഇങ്ങനെ ഒരു തീരുമാനം എടുത്തത്. ഒരു കാലത്ത് 45000 ത്തിലധികം ഓഫീസുകൾ ടെലിഗ്രാഫ് സേവനങ്ങൾക്കായി രാജ്യത്ത് പ്രവർത്തിച്ചിരുന്നു. വൈദ്യുത കാന്ത തരംഗങ്ങൾ ഉപയോഗിച്ച് വിദൂര സ്ഥലങ്ങളിലുള്ളവർ അന്യോന്യം നടത്തുന്ന ഒരു ആശയവിനിമയ സംവിധാനമാണ് ടെലിഗ്രാം എന്നു പറയാം. സാമുവൽ എഫ്.ബി മോഴ്സ് എന്ന അമേരിക്കക്കാരനാണ് സന്ദേശ വിനിമയത്തിനാവശ്യമായ കോഡ് ആവിഷ്കരിച്ചത്. മോഴ്സ് കോഡ് എന്നാണ് ഇത് അറിയപ്പെടുന്നത്. 1901–ൽ പുതിയൊരു കോഡ് വികസിപ്പിക്കുകയുണ്ടായി. ഫൈവ് യൂണിറ്റ് കോഡ് എന്നാണിത് അറിയപ്പെടുന്നത്. പുതിയ സാങ്കേതിക വിദ്യയിൽ ഇതൊന്നും ആവശ്യമായി വരുന്നില്ലെങ്കിലും ടെലിഗ്രാം എന്ന കമ്പിയില്ലാ കമ്പി നമ്മുടെ മനസ്സിൽ ഒരു നൊസ്റ്റാൾജിയയായി അവശേഷിക്കും.

❖❖❖

കണക്കിനുത്തരം കണ്ടെത്തിയാൽ അഞ്ചരക്കോടി സമ്മാനം

"ബീൽകൺജക്ചർ" എന്നു പേരിട്ട സാംഖ്യ സിദ്ധാന്തക്കണക്കിനാണ് ഉത്തരം കണ്ടെത്തേണ്ടത്. സമ്മാന തുക 1 മില്യൻ യു.എസ് ഡോളർ, അമേരിക്കക്കാരനായ ഡി. ആൻഡ്രൂ ബീൽ എന്ന സമ്മാന ദാതാവിന്റെ പേരാണ് മത്സരത്തിനു നൽകിയിരിക്കുന്നത്. മോഡേൺ ആൾജിബ്രയിൽ ഉൾപ്പെടുന്ന പ്രത്യേകതരം സംഖ്യാവിഭാഗങ്ങളാണ് കൺജക്ച്വർ. 1990ൽ കണ്ടെത്താൻ അതീവ ബുദ്ധിമുട്ടുള്ള ഇതുപോലുള്ള ഒരു മത്സരം ആൻഡ്രൂ വൈൽസ്, റിച്ചാർഡ് ടെയ്ലർ എന്നിവർ ചേർന്ന് വിജയിച്ചിരുന്നു. ഇത്തരം മത്സരം 1977ലാണ് യു.എസിൽ തുടങ്ങിയത്. അന്നുമുതലേ വൻതുക സമ്മാനമായി പ്രഖ്യാപിച്ചിരുന്നെങ്കിലും മിക്കപ്പോഴും ആളുകൾ തോറ്റ് പിന്മാറുന്നതാണ് കണ്ടത്. അമേരിക്കൻ മാത്തമാറ്റിക്കൽ സൊസൈറ്റിയാണ് (എ.എം.എസ്) വർഷങ്ങളായി മത്സരം നടത്തുന്നത്.

❖❖❖

വെജിറ്റേറിയൻ കോഴിമുട്ട?

ഇനി മുതൽ മാംസ ഭോജികൾക്കുമാത്രമുള്ളതല്ല കോഴിമുട്ടകൾ. സസ്യഭോജികൾക്കും കോഴിമുട്ടയുടെ രുചി അറിയാനാകുമെന്ന വാഗ്ദാനവുമായി അമേരിക്കൻ കമ്പനി രംഗത്ത് വന്നു. അമേരിക്കയിലെ സാൻഫ്രാൻസിസ്കോ ആസ്ഥാനമായ ഹാംപ്റ്റൻ ക്രിക്ക് ഫുഡ്സ് കമ്പനിയാണ് പുതിയ അവകാശവാദവുമായി രംഗത്തു വന്നത്. തികച്ചും സസ്യജന്യമായ മുട്ട സൃഷ്ടിച്ചുവെന്നാണ് കമ്പനി അവകാശപ്പെടുന്നത്. കോഴിമുട്ടയുടെ സ്വാദുള്ള പലതരം സസ്യജന്യ പദാർത്ഥങ്ങൾ ദശാബ്ദങ്ങളായി ലോകമാകമാനം ഉപയോഗിക്കുന്നുണ്ടെങ്കിലും യഥാർത്ഥ രുചിയുള്ള സസ്യാഹാരം സൃഷ്ടിച്ചതായാണ് കമ്പനിയുടെ പുതിയ അവാകാശവാദം.

❖❖❖

തത്ത ചത്തു– വിമാന കമ്പനിക്ക് പിഴ

ബ്രിട്ടീഷ് വ്യാമസേനയുടെ വിമാനം താഴ്ന്ന് പറന്നപ്പോൾ ഉണ്ടായ അസഹ്യമായ ശബ്ദത്തെ തുടർന്ന് തത്ത ചത്തതിനെതിരെ ഉടമ പരാതിപ്പെട്ടതിനെ തുടർന്നാണ് 2200 യൂറോ (ഏകദേശം 162298 രൂപയ്ക്കു തുല്യം) നഷ്ട പരിഹാരമായി നല്കുന്നതിന് പ്രതിരോധ മന്ത്രാലയം തീരുമാനിച്ചത്. ഏതാനും നാളുകൾക്കു മുമ്പ് താഴ്ന്ന് പറന്ന സൈനീക വിമാനത്തിന്റെ ശബ്ദത്തിൽ ഭയന്നു വീണ് മറ്റൊരു തത്തയ്ക്ക് പരിക്ക് പറ്റിയിരുന്നു. ഇത്തരം അപകടങ്ങളുമായി ബന്ധപ്പെട്ട് 200 കേസുകളിലായി ലക്ഷക്കണക്കിന് യൂറോ ഇതിനകം വ്യോമസേന ചെലവഴിച്ചതായി പ്രതിരോധ മന്ത്രാലയം പറയുന്നു.

❖❖❖

പ:ന്യൂ:സർവ്വീസ്

ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിനു കീഴിൽ ആയുഷ് മുഖ്യധാരയിലേക്ക്

സമഗ്രമായ ആരോഗ്യപരിപാലനത്തിനായി എല്ലാത്തരം ചികിത്സാ പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ് ഇന്ത്യാ ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. അതുകൊണ്ടാണ് ഇന്ത്യയിൽ അലോപ്പതിയോടൊപ്പം ഭാരതീയ പാരമ്പര്യത്തിൽ വികസിച്ച ആയുർവേദ, സിദ്ധ ഔഷധങ്ങളും പേർഷ്യയിൽ നിന്നുവന്ന യുനാനിയും ജർമ്മനിയിൽ നിന്നുവന്ന ഹോമിയോപ്പതിയും എല്ലാം ഒരുപോലെ നിലനിന്നത്.

ആയുഷ് എന്നത് ആയുർവ്വേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി, സിദ്ധവൈദ്യം, സോവ–റിഗ്പ, ഹോമിയോപ്പതി എന്നിവയുടെയെല്ലാം കൂടി ചുരുക്കപ്പേരാണ്. ***ആയുഷ്*** ഒരു കൂട്ടം ഇന്ത്യൻ ചികിത്സാ രീതികളും ഹോമിയോപ്പതിയും ചേരുന്നതാണ്. 5000 വർഷങ്ങൾക്കുമുമ്പുതന്നെ പ്രചാരത്തിലായ ആയ്യുർവേദം ലോകത്തിലെ ഏറ്റവും പഴക്കമുള്ള ചികിത്സാ പദ്ധതിയാണ്. നൂറുവർഷം മുമ്പ് മാത്രം പ്രചാരത്തിലെത്തിയ ഏറ്റവും പുതിയ ചികിത്സാ രീതിയാണ് ഹോമിയോപ്പതി. ഈ ചികിത്സാ പദ്ധതികളെല്ലാം രാജ്യത്തിന്റെ വിവധ ഭാഗങ്ങളിൽ വിവിധതരം ആളുകളെ ഉദ്ദേശിച്ച് വ്യത്യസ്ത തരം അടിസ്ഥാന സൗകര്യങ്ങളുമായി പ്രവർത്തിച്ചുവരുന്നു. ആയുർവ്വേദത്തിന് കൂടുതൽ പ്രാമുഖ്യമുള്ളത് കേരളം, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ്, ഡൽഹി, ഹരിയാന, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഒറീസ്സ, ഗോവ എന്നിവിടങ്ങളിലാണ്. യുനാനിക്ക് പ്രാമുഖ്യമുള്ള സംസ്ഥാനങ്ങൾ അന്ധ്രാപ്രദേശിന്റെ ചില ഭാഗങ്ങൾ, കർണ്ണാടക, ജമ്മുകാശ്മീർ, ബീഹാർ, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഡൽഹി, രാജസ്ഥാൻ എന്നിവിടങ്ങളിലാണ്. ഹോമിയോപ്പതി ഏറ്റവുമധികം പ്രചരിച്ചിട്ടുള്ളത് ഉത്തർപ്രദേശ്, കേരളം, പശ്ചിമബംഗാൾ, ഒറീസ്സ, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, പഞ്ചാബ്, തമിഴ്നാട്, ബീഹാർ, ഗുജറാത്ത്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലാണ്. സിദ്ധവൈദ്യം കേരളം, തമിഴ്നാടിന്റെ ഭാഗങ്ങൾ, പോണ്ടിച്ചേരി എന്നിവിടങ്ങളിലാണ്.

> **_ആയുഷ്_ എന്നത് ആയുർവ്വേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി, സിദ്ധവൈദ്യം, സോവ – റിഗ്പ, ഹോമിയോപ്പതി എന്നിവയുടെയെല്ലാം കൂടി ചുരുക്കപ്പേരാണ്.**

ഈ അടുത്ത കാലത്ത് തിരിച്ചറിയപ്പെട്ട സോവയും -റിഗ്പയും ഏതാണ്ട് 2500 വർഷങ്ങൾക്കുമുമ്പു മുതലേ ഉണ്ടായിരുന്ന ചികിത്സാ പദ്ധതിയാണ്. ഇവ പർവ്വത മേഖലയായ ഹിമാലയപ്രദേശങ്ങളിലും പ്രത്യേകിച്ച് ലേ, ലഡാക്ക് (ജമ്മു കാശ്മീർ), ഹിമാചൽ പ്രദേശ്, അരുണാചൽ പ്രദേശ്, സിക്കിം, ഡാർജിലിംഗ് എന്നിവിടങ്ങളിലാണ് പ്രചരിച്ചത്. ക്രോണിക് രോഗങ്ങളായ ആസ്ത്മ, ബ്രോങ്കൈറ്റിസ്, ആർത്രൈറ്റിസ് തുടങ്ങിയവയുടെ ചികിത്സയിൽ സോവയും റിഗ്പയും വളരെ ഫലപ്രദമാണ്. ഈ ചികിത്സാ ശാഖയുടെ അടിസ്ഥാനതത്വങ്ങൾ 1) മനസ്സും ശരീരവും ചേർന്നുള്ള അവസ്ഥയാണ് ചികിത്സ. 2) ചികിത്സ പ്രതിരോധ മരുന്നുപയോഗിച്ചാണ്, 3) പ്രതിരോധ മരുന്നുപയോഗിച്ച് രോഗിയെ ചികിത്സിക്കുന്നു, 4) ഔഷധങ്ങൾ രോഗം സുഖപ്പെടുത്തും, 5) ഫാർമക്കോളജി.

മനുഷ്യശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്ന പഞ്ചഭൂതങ്ങളെയും ശരീര പ്രവർത്തനങ്ങളിലെ താളപ്പിഴകളെയും അവയ്ക്കുള്ള പ്രതിവിധികളെയും കേന്ദ്രീകരിച്ചുള്ള ചികിത്സാ രീതിയാണ് സോവ-റിഗ്പ. ഈ ചികിത്സ പഠിപ്പിക്കുന്ന ഏതാനും സ്ഥാപനങ്ങൾ ഉത്തർപ്രദേശിലും കർണ്ണാടകയിലുമുണ്ട്.

ആയുഷ് സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നത് പൊതു സ്വകാര്യ മേഖലകളിലുള്ള സന്നദ്ധ സംഘടനകളാണ്. അതിനാൽ ഓരോ സംസ്ഥാനങ്ങളിലും ***ആയുഷ്*** സേവനങ്ങൾ ലഭിക്കുന്നതിന്റെ തോത് വ്യത്യാസപ്പെട്ടിരിക്കും. ഈ ചികിത്സാ പദ്ധതികളെല്ലാം കേന്ദ്ര സർക്കാരിന്റെ ആരോഗ്യ പരിപാലന പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽ ആ സംസ്ഥാനത്ത് ***ആയുഷി***ലെ ഏത് വിഭാഗത്തിനാണോ സാദ്ധ്യത കൂടുതൽ അത് കൂടുതലായി പ്രചരിപ്പിക്കുന്നു. ആരോഗ്യം എന്നത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. അതിനാൽ കേന്ദ്ര ഗവൺമെന്റ് വൻതോതിലുള്ള സാമ്പത്തിക സഹായം, ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ നൽകിയുള്ള സഹായം, പദ്ധതികൾ നടപ്പാക്കാൻ ആവശ്യത്തിന് ആരോഗ്യ പ്രവർത്തകർ, അവർക്ക് പരിശീലനവും സാമ്പത്തിക സഹായവും തുടങ്ങിയവയെല്ലാം

എല്ലാ പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾക്കും വളർച്ചയും വികസനവും കൈവരുന്നതിനായി സുസ്ഥിര വികസന ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. 496 മെഡിക്കൽ കോളേജുകൾ, 37234 മെഡിക്കൽ ബിരുദ വിദ്യാർത്ഥികൾക്കും, 3311 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പഠന സൗകര്യമൊരുക്കുന്നു. 7,20,000 രജിസ്ട്രേഡ് ആയുഷ് ഡോക്ടർമാരാണ് ഇന്ത്യയിലുള്ളത്.

സംസ്ഥാന ഗവൺമെന്റുകൾക്ക് എത്തിച്ചുകൊടുക്കുന്നു. പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന സമൂഹത്തിലെ പ്രാന്തവൽക്കരിക്കപ്പെട്ടവർക്കും അവശത അനുഭവിക്കുന്നവർക്കുവേണ്ടി സമഗ്ര ആരോഗ്യ പരിപാലനത്തിന്റെ ഗുണഫലങ്ങൾ എത്തിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മനുഷ്യവിഭവശേഷി വികസനത്തോടൊപ്പം പ്രാദേശിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ആരോഗ്യ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതും ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങൾക്ക് പ്രോത്സാഹനം നൽകി ഉയർത്തുന്നതും എല്ലാം കേന്ദ്ര ഗവൺമെന്റ് സജീവ പരിഗണന നൽകി പരിപോഷിപ്പിക്കുന്നുണ്ട്.

മനുഷ്യശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്ന പഞ്ചഭൂതങ്ങളെയും ശരീര പ്രവർത്തനങ്ങളിലെ താളപ്പിഴകളെയും അവയ്ക്കുള്ള പ്രതിവിധികളെയും കേന്ദ്രീകരിച്ചുള്ള ചികിത്സാ രീതിയാണ് സോവ–റിഗ്പ. ഈ ചികിത്സ പഠിപ്പിക്കുന്ന ഏതാനും സ്ഥാപനങ്ങൾ ഉത്തർപ്രദേശിലും കർണ്ണാടകയിലുമുണ്ട്.

ഹോമിയോപ്പതി ഉൾപ്പെടെ ***ആയുഷി***നെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന്റെ ഒരു പ്രധാന നയമാണ്. സംസ്ഥാന–കേന്ദ്ര ഭരണ പ്രദേശങ്ങളിൽ ***ആയുഷി***നെ മുഖ്യധാരയിലെത്തിക്കുന്നതിനായി കഴിഞ്ഞ 4 വർഷങ്ങളിൽ ഗവൺമെന്റ് സഹായമായി ചെലവഴിച്ചത് 553 കോടി രൂപയാണ്. ഇതിന്റെ ഫലമായി 803 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 113 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, 24 ജില്ലാ ആശുപത്രികളിലും ***ആയുഷ്*** സൗകര്യങ്ങൾ ഏർപ്പെടുത്തി. എക്സ്ക്ലൂസീവ് ആയുഷ് ആശുപത്രികളായി 379 ആശുപത്രികളുടെയും 415 ഡിസ്പെൻസറികളുടെയും നിലവാരം ഉയർത്തി. മിസോറം, മണിപ്പൂർ, ത്രിപുര, ഹിമാചൽപ്രദേശ്, ജമ്മു-കശ്മീർ, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ 50 കിടക്കകളുള്ള 6 ആയുഷ് ആശുപത്രികൾ സ്ഥാപിക്കാൻ ആയുഷ് ഡിപ്പാർട്ട്മെന്റിന് പദ്ധതിയുണ്ട്. 10 കിടക്കകളുള്ള 5 സംയോജിത ആയുഷ് ആശുപത്രികൾ അസ്സം, അരുണാചൽപ്രദേശ്, മേഘാലയ, നാഗാലാൻഡ്, സിക്കിം എന്നിവിടങ്ങളിൽ സ്ഥാപിക്കുവാനും തീരുമാനമായിട്ടുണ്ട്. 11478 ആയുഷ് ഡോക്ടർമാരെയും, 4894 ആയുഷ് പാരാമെഡിക്കൽ സ്റ്റാഫുകളെയും രാജ്യമെമ്പാടുമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കരാറടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി നിയമിക്കും.

എല്ലാ പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾക്കും വളർച്ചയും വികസനവും കൈവരുന്നതിനായി സുസ്ഥിര വികസന ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. 496 മെഡിക്കൽ കോളേജുകൾ, 37234 മെഡിക്കൽ ബിരുദ വിദ്യാർത്ഥികൾക്കും, 3311 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും പഠന സൗകര്യമൊരുക്കുന്നു. 7,20,000 രജിസ്ട്രേഡ് ആയുഷ് ഡോക്ടർമാരാണ് ഇന്ത്യയിലുള്ളത്. ***ആയുഷ്*** വൈദ്യശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും, മരുന്നു നിർമ്മാണത്തിനും, ആരോഗ്യ പരിപാലനത്തിനും ഉള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ ***ആയുഷ്*** വിഭാഗം നടപ്പിലാക്കിവരുന്നു.

12–ാം പഞ്ചവത്സര പദ്ധതിയിൽ ***ആയുഷ്*** സമ്പ്രദായങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഗ്രാമീണാരോഗ്യ ദൗത്യത്തിൽ പ്രമുഖ പങ്കാളിയാക്കുക എന്നുള്ളതിനാണ് ഊന്നൽ നൽകുന്നത്. മനുഷ്യവിഭവ ശേഷിക്ക് ഒരു ദേശീയ കമ്മീഷനെ നിയോഗിക്കുക, ലോകനിലവാരത്തിൽ ചികിത്സാ സൗകര്യമുള്ള 8 ദേശീയ റഫറൽ ആശുപത്രികൾ സ്ഥാപിക്കുക, ഈ 8 ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഗവേഷണത്തിനും നിലവാര നിയന്ത്രണത്തിനും വേണ്ട ലബോറട്ടറികൾ സ്ഥാപിക്കുക, ഔഷധ സസ്യങ്ങൾക്കായി ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, ആയുഷ് മരുന്നുകളുടെ ഗുണനിലവാര നിയന്ത്രണത്തിനായി ഒരു കേന്ദ്ര ഔഷധ നിയന്ത്രണ സംവിധാനം ഏർപ്പാടാക്കുക, പ്രാദേശിക തലത്തിൽ 5 ഹൈടെക് ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുക, ഒരു ഹോമിയോപ്പതിക്ക് മെഡിസിൻസ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിച്ച് ഹോമിയോപ്പതി ഔഷധങ്ങൾ നിർമ്മിക്കുക, ഹോമിയോപ്പതിയിൽ ഗവേഷണത്തിനായി ഒരു ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി സ്ഥാപിക്കുക എന്നിവ 12–ാം പദ്ധതിയുടെ പരിഗണനയിൽ പെടുന്നു,

വ്യത്യസ്ത ആവശ്യങ്ങൾക്കായി ആസൂത്രണം ചെയ്യപ്പെട്ട രീതിയിൽ ഓരോ ചികിത്സാ സമ്പ്രദായവും അവയുടെ തനതു ശേഷി ഉപയോഗപ്പെടുത്തണം. മഹാത്മാഗാന്ധിയുടെ പ്രസ്താവനയായ ഹോമിയോപ്പതി....ഒരു വലിയ വിഭാഗം രോഗങ്ങൾ, മറ്റേതു ചികിത്സാ പദ്ധതിയെക്കാളും സുരക്ഷിതമായും സാമ്പത്തിക ബാധ്യത വരുത്താതെയും സുഖപ്പെടുത്തുന്ന ഒരു സമ്പൂർണ്ണ വൈദ്യശാസ്ത്രമാണ് എന്നതിനെ ആപ്തവാക്യമായി ഉൾക്കൊണ്ടാണ് പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളെ പരിപോഷിപ്പിച്ച് മുഖ്യധാരയിലെത്തിക്കുന്നത്. ■

തയ്യാറാക്കിയത്: പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം



എല്ലാവർക്കും ജീവിക്കാനാവശ്യമായതെല്ലാം ഈ ഭൂമിയിലുണ്ട്, അതു പക്ഷേ ഒരാളിന്റെ പോലും അത്യാർത്തിക്ക് തികയില്ല എന്ന മഹാത്മാ ഗാന്ധിയുടെ മുന്നറിയിപ്പ് രേഖപ്പെടുത്തി അര നൂറ്റാണ്ട് കഴിഞ്ഞാണ് 1972 ലെ സ്റ്റോക്ഹോം സമ്മേളനത്തിൽ നാം ഭൂമിയുടെ ഭാവിയെ ക്കുറിച്ച് ചിന്തിക്കാൻ ആരംഭിച്ചത്.

ജൈവവൈവിധ്യം
വെല്ലുവിളികളും സമ്മർദ്ദങ്ങളും

അജിത് വെണ്ണിയൂർ

2020 വരെയുള്ള ഒരു ദശകം ഐക്യരാഷ്ട്രസഭ ജൈവവൈവിധ്യ ദശകമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രകൃതിയോടിണങ്ങിയ ജീവിതം എന്നതാണ് പ്രമേയം. 2010 നാം അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായി ആഘോഷിച്ചു. 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വനം ചെയ്തു. 2011ലെ അന്താരാഷ്ട്ര ജൈവവൈവിധ്യദിനം വനജൈവവൈവിധ്യദിനമായി ആചരിച്ചു. 2011ലെ ലോക പരിസ്ഥിതിദിനവും വനജൈവവൈവിധ്യ ദിനമായാണ് ആചരിച്ചത്. ഇതെല്ലാം നൽകുന്ന സന്ദേശവും മുന്നറിയിപ്പും വിരൽ ചൂണ്ടുന്നത് ഭൂമിയിലെ ജൈവവൈവിധ്യ നാശത്തിന്റെ അടിസ്ഥാന കാരണങ്ങളിലേയ്ക്കാണ്.

ലോകമെമ്പാടും ഇന്ന് ഉയർന്നുകേൾക്കുന്ന ഏറ്റവും ആശങ്കാജനകമായ ചർച്ച മനുഷ്യവംശത്തിന്റേയും ഭൂമിയുടെ തന്നെയും നിലനിൽപ്പിനെക്കുറിച്ചുള്ളതാണ്. എല്ലാവർക്കും ജീവിക്കാനാവശ്യമായതെല്ലാം ഈ ഭൂമിയിലുണ്ട്, അതു പക്ഷേ ഒരാളിന്റെപോലും അത്യാർത്തിക്ക് തികയില്ല എന്ന മഹാത്മാഗാന്ധിയുടെ മുന്നറിയിപ്പ് രേഖപ്പെടുത്തി അരനൂറ്റാണ്ട് കഴിഞ്ഞാണ് 1972 ലെ സ്റ്റോക്ഹോംസമ്മേളനത്തിൽ നാം ഭൂമിയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കാൻ ആരംഭിച്ചത്. 1987, 1992, 2002 വർഷങ്ങളിലെ ഉച്ചകോടികൾ കഴിഞ്ഞപ്പോൾ ആശങ്കകൾ അങ്കലാപ്പായി മാറി.

ഭൂമിയിലെ ജീവന്റെ ഏറ്റവും വലിയ സവിശേഷത അതിലെ വൈവിധ്യമാണ്. ഭൂമിയിൽ ജീവൻ നിലനിൽക്കുന്ന മേഖലയാണ് ജൈവമണ്ഡലം (Biosphere). ഓരോ ജീവിയും ജൈവമണ്ഡലത്തിലെ പ്രത്യേക പ്രദേശത്ത് ജീവിതം നയിക്കാൻ അനുയോജ്യമായ രൂപഭാവങ്ങളും സിദ്ധിയും നേടിയവയാണ്. നൂറ്റാണ്ടുകളുടെ പരിണാമപ്രക്രിയയിലൂടെ

കടന്നുപോകുമ്പോൾ വരുന്ന ജനിതക മാറ്റങ്ങളാണല്ലോ ഓരോ ജീവിയുടെയും ഉത്ഭവത്തിന് കാരണമാകുന്നത്. ഒരു ജീവിക്കും ഒറ്റയ്ക്ക് നിലനില്പില്ല. ജീവസന്ധാരണത്തിന് അവ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടേ തീരൂ. ജീനുകളും ജൈവ ജാതികളും ആവാസവ്യവസ്ഥകളുമൊക്കെ യുൾപ്പെട്ട ജൈവ വൈവിധ്യമാണ് ഭൂമിയിൽ ജീവന്റെ നിലനില്പിന് ആധാരം.

പരിസ്ഥിതിയിൽ വന്നിട്ടുള്ള മാറ്റങ്ങളും അവയുടെ അനിയന്ത്രിതമായ ഉപയോഗവും നിമിത്തം ധാരാളം ജന്തുക്കളും സസ്യങ്ങളും അന്യംനിന്നുപോയിട്ടുണ്ട്. ഒരളവുവരെ പരിസ്ഥിതിക്ക് വരുന്ന മാറ്റങ്ങൾക്ക് പ്രധാന കാരണക്കാർ മനുഷ്യർ തന്നെയാണ്. മനുഷ്യന്റെ പലതരത്തിലുള്ള പ്രവർത്തനങ്ങൾ മൂലം ആഗോളതലത്തിൽ ഒരു മിനിറ്റിൽ ഏകദേശം 50 ഏക്കർ മഴക്കാട് നശിച്ചുകൊണ്ടിരിക്കുന്നു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ആഗോള താപനില വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഇതാണ്. ഈ അവസ്ഥ തുടർന്നുപോയാൽ ജൈവമണ്ഡലത്തിലെ മിക്ക ജന്തുസസ്യവർഗങ്ങളും കാലക്രമേണ അപ്രത്യക്ഷമാകും.

വിവിധതരം ജൈവവൈവിധ്യങ്ങൾ

ഭൂമിയിലെ വിവിധങ്ങളായ സസ്യങ്ങളും മൃഗങ്ങളും, സൂക്ഷ്മജീവികളും എല്ലാം ചേർന്ന ജൈവസമ്പന്നതയാണ് ജൈവവൈവിധ്യം (Biodiversity). ഇത് പ്രധാനമായും മൂന്നു തലങ്ങളിൽ പ്രകടമാകുന്നു ജനിതക വൈവിധ്യം,ജൈവ ജാതി വൈവിധ്യം, ആവാസവ്യവസ്ഥാ വൈവിധ്യം

ഭൂമിയിലെ ഓരോ ജൈവജാതിയിലും കാണുന്ന വ്യതിയാനങ്ങൾക്കു കാരണം അവയിലെ ജീനുകളുടെ വ്യത്യാസമാണ്. അതുകൊണ്ടുതന്നെ ജൈവവൈവിധ്യത്തിന്റെയും അടിസ്ഥാനം ജനിതക വൈവിധ്യമാണ്. ഓരോ ജീവിയുടെയും കോശങ്ങളിലെ ക്രോമസോമുകളിലും, അവയിൽ ഉൾപ്പെടുന്ന ജീനുകളിലും കാണുന്ന വൈവിധ്യമാണ് ജനിതക വൈവിധ്യം. ഈ ജനിതക വൈവിധ്യത്തെ വിവിധരീതികളിൽ ഉപയോഗപ്പെടുത്തി വർധിച്ച ഉല്പാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള ജൈവസമ്പത്തിനെ ഇക്കാലത്ത് വികസിപ്പിച്ചെടുക്കുന്നുണ്ട്. ജൈവസാങ്കേതിക വിദ്യ ഏറെ വികാസം പ്രാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ അനന്യമായ ജീനുകളുടെ ഒരു സങ്കേതമായും ജൈവവൈവിധ്യത്തെ കാണാൻ കഴിയും.

ജൈവമണ്ഡലത്തിലാകെയുള്ള ജീവജാലങ്ങളുടെ വൈവിധ്യമാണ് ജൈവജാതീ വൈവിധ്യം. ഇതിന്റെ അടിസ്ഥാന ഘടകം ഇനം അഥവാ സ്പീഷീസ് (species) ആണ്. തദ്ദേശീയവും വിദേശീയവുമായ ഇനങ്ങൾ അതിൽപ്പെടുന്നു. തെങ്ങ്, നെല്ല്, പശു, ആന മുതലായവ ജൈവവാതി വൈവിധ്യത്തിന് ഉദാഹരണങ്ങളാണ്. ഭൂമുഖത്തെ രേഖപ്പെടുത്തപ്പെട്ട ജൈവജാതി വൈവിധ്യം ഏതാണ്ട് 1.7 ദശലക്ഷം ആണത്രെ.

ഓരോ ജീവിയും അതിന്റെ ചുറ്റുപാടുമുള്ള മറ്റു സഹജീവികളുമായും പരിസ്ഥിതി ഘടകങ്ങളുമായും ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ജീവികളും ജൈവവും അജൈവവുമായ അവയുടെ ചുറ്റുപാടുകളും ഇവയൊക്കെ തമ്മിലുള്ള സങ്കീർണമായ ബന്ധപ്പെടലുമാണ് ആവാസവ്യവസ്ഥ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. വനങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ശുദ്ധജലാശയങ്ങൾ, കടൽ എന്നിങ്ങനെ അനേകതരം ആവാസവ്യവസ്ഥകൾ ഉണ്ട്. ഓരോ ആവാസവ്യവസ്ഥയും ഘടനാപരവും പാരിസ്ഥിതികവുമായ തലങ്ങളിൽ തനതായ വ്യത്യസ്തത പുലർത്തുന്നു. തൽഫലമായി അവിടെ കാണപ്പെടുന്ന സസ്യജന്തുജാലങ്ങളും ഒരളവു വരെ വ്യത്യസ്തമായിരിക്കും

വനജൈവവൈവിധ്യം: വെല്ലുവിളികളും സമ്മർദങ്ങളും

ജൈവവൈവിധ്യത്തിന്റെ ഈറ്റില്ലമാണ് വനങ്ങൾ. പക്ഷികളുടേയും മൃഗങ്ങളുടേയും സസ്യങ്ങളുടേയും അത്ഭുതകരമായൊരു നിര അധിവസിക്കുന്ന നമ്മുടെ ഭൂമിയിലെ ഊർജസ്വലമായ ആവാസ വ്യവസ്ഥകൾ വനങ്ങളിലാണ്. കരയിലെ വിവിധ വർഗം ജീവജാലങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം വനത്തിൽ ജീവക്കുകയോ നിലനില്പിനായി വനത്തെ ആശ്രയിക്കുകയോ ചെയ്യുന്നവയാണ്. ഇന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുള്ള സസ്യ-ജന്തു-പൂപ്പൽ ഇനങ്ങളുടെ എണ്ണം 1.75 ദശലക്ഷം വരും. 100 ദശലക്ഷം വ്യത്യസ്ത ഇനം സസ്യ-ജന്തു ജീവജാലങ്ങൾ ഉണ്ടാകാമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവയിലേറെയും ഉഷ്ണമേഖലാ മഴക്കാടുകളിലാണ്.

പച്ചിലകൾ വാറ്റിയെടുക്കുന്ന ആരോമാറ്റിക് ഓയിൽ മുതൽ ഹെർബൽ ഔഷധങ്ങൾ, ഇന്ധനം, ആഹാരം, ഫർണിച്ചർ, തുണിത്തരങ്ങൾ ഉൾപ്പെടെ 5000ത്തോളം ഉല്പന്നങ്ങൾക്കടിസ്ഥാനം വനങ്ങളാണ്. അവ മണ്ണൊലിപ്പ് തടയുകയും കാലാവസ്ഥയെ നിയന്ത്രിക്കുകയും ചെയ്യുന്നു. അവ ശുദ്ധജലം നൽകുന്നു. കലകൾ, ഗവേഷണം, മതം എന്നിവയിൽ അവ നിറഞ്ഞുനില്ക്കുന്നു. എവിടെയും ജനങ്ങളുടെ നിലനിൽപ്പിനും ജീവിതത്തിനും അവ അത്യന്താപേക്ഷിതമാണ്.

പ്രകൃതിദത്ത മൂലധനം

ഏററവും വിലപ്പെട്ട പ്രകൃതിദത്ത മൂലധനമാണ് വനം. ഒരു ഹെക്ടർ ഉഷ്ണമേഖലാവനം ആവാസവ്യവസ്ഥാസേവനങ്ങളിലൂടെ ഒരു വർഷം 6120 അമേരിക്കൻ ഡോളർ വരുമാനം തരുന്നു എന്നാണ് കണക്ക്. നീർമറിസംരക്ഷണം, കാലാവസ്ഥാ നിയന്ത്രണം, മണ്ണുസംരക്ഷണം, തീരസംരക്ഷണം, പോഷകചംക്രമണം, കാർബൺ സ്റ്റോറേജ്, തടി, ഭക്ഷ്യവസ്തുക്കൾ, റബ്ബർ, ഓയിൽ, നാരുകൾ തുടങ്ങി ഉഷ്ണമേഖലാ വനമുള്ള രാജ്യങ്ങളിൽ പ്രാദേശികമായും ദേശീയ തലത്തിലും പ്രാധാന്യമർഹിക്കുന്ന എല്ലാം മേല്പറഞ്ഞ വരുമാനത്തിൽ ഉൾപ്പെടുന്നു. എന്നാൽ വനങ്ങളുടെ ഭാവിയെ സംബന്ധിച്ച സാമ്പത്തിക തീരുമാനങ്ങളെടുക്കുമ്പോൾ ഈ മൂല്യത്തിന്റെ ചെറിയൊരംശം മാത്രമേ നാം കണക്കിലെടുക്കുന്നുള്ളു.

വനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി അന്താരാഷ്ട്ര രാഷ്ട്രീയ കാര്യപരിപാടിയിൽ സ്ഥാനം പിടിച്ചിരുന്നു. 1992-ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ചേർന്ന, പരിസ്ഥിതിയും വികസനവും സംബന്ധിച്ച ഐക്യരാഷ്ട്ര സമ്മേളനം (UNCED) മൂന്ന് ലക്ഷ്യങ്ങളോടെ ജൈവവൈവിധ്യ കൺവെൻഷ(CBD)ന് രൂപം നൽകുകയുണ്ടായി.

1. ജൈവവൈവിധ്യ സംരക്ഷണം,
2. അതിന്റെ ഘടകങ്ങളുടെ സുസ്ഥിര വിനിയോഗം,
3. ജനിതക വിഭവങ്ങളുടെ വിനിയോഗത്തിൽ നിന്നുള്ള പ്രയോജനങ്ങളുടെ തുല്യവും ന്യായവുമായ പങ്കിടൽ.

റിയോ ഉച്ചകോടിക്കുശേഷം വനജൈവവൈവിധ്യ സംരക്ഷണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2010-ലെ ആഗോള വനവിഭവ അവലോകന പ്രകാരം 1990 കളെ അപേക്ഷിച്ച് വനനശീകരണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും അതിപ്പോഴും ഭീതിജനകമാംവിധം ഉയർന്നുതന്നെ നില്ക്കുന്നു; കടുത്ത വെല്ലുവിളികളും സമ്മർദ്ദങ്ങളും നേരിടുന്നു.

നിർണായകമായ നഗോയ സമ്മേളനം

ജനിതക വിഭവങ്ങളുടെ വിനിയോഗത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ തുല്യമായി പങ്കിടുക എന്ന CBD യുടെ ലക്ഷ്യം യാഥാർഥ്യമാക്കുന്നതിന് ഇനിയും ഒട്ടേറെ കടമ്പകൾ അവശേഷിക്കുന്നു. ഔഷധ നിർമാണം, ജൈവ സാങ്കേതികവിദ്യ, സൗന്ദര്യവർധക ഉല്പന്നങ്ങൾ, ധാന്യ വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിലെ വാണിജ്യ ഉല്പന്നങ്ങളുടെ വികസനത്തിനായുള്ള ശാസ്ത്രീയ ഗവേഷണത്തിൽ ജനിതക വിഭവങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്.

മൃഗങ്ങൾ, സസ്യങ്ങൾ, സൂക്ഷ്മാണുക്കൾ എന്നിവയിൽ നിന്നും നിർമിച്ച ഔഷധങ്ങളുടെ വില്പനയിലൂടെ 2005 ൽ ആഗോളതലത്തിൽ ലഭിച്ച വരുമാനം 14 ബില്യൺ ഡോളറാണ്. ജനിതക സ്രോതസുകൾ ഉപയോഗപ്പെടുത്തുന്നവർ ജൈവവൈവിധ്യത്തിന്റെ ഗുണഗണങ്ങൾ സംബന്ധിച്ച പാരമ്പര്യവിജ്ഞാനം അറിയാനായി തദ്ദേശീയ-പ്രാദേശിക സമൂഹങ്ങളെ സമീപിക്കാറുണ്ട്.

ഇതു സംബന്ധിച്ച് 2010ൽ ജപ്പാനില നഗോയയിൽ ചേർന്ന CBD കക്ഷികളുടെ പത്താമത് സമ്മേളനം ജനിതക സ്രോതസുകൾ നൽകുന്നവരും ഉപയോഗിക്കുന്നവരും തമ്മിലുണ്ടായിരിക്കേണ്ട ധാരണ സംബന്ധിച്ച വിശദാംശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ജൈവവൈവിധ്യത്താൽ സമ്പന്നമായ വികസ്വര രാജ്യങ്ങളുമായി ഈ രംഗത്തെ നേട്ടങ്ങൾ സാങ്കേതികവിദ്യാ കൈമാറ്റത്തിലൂടെയും ഗവേഷണഫലങ്ങൾ, പരിശീലനം, ലാഭവിഹിതം എന്നിവയിലൂടെയും പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ച ഉറപ്പുകളും ഇതിലുണ്ട്.

ലോകത്തെ ഏറ്റവും വലിയ ജൈവവൈവിധ്യ ആവാസവ്യവസ്ഥ എന്ന നിലയിൽ ജനിതക സ്രോതസുകൾ കുടികൊള്ളുന്ന വനങ്ങളെ ഈ പുതിയ ധാരണകളും വ്യവസ്ഥകളും എങ്ങനെ ബാധിക്കും എന്ന് ഇനിയും വിലയിരുത്തേണ്ടിയിരിക്കുന്നു. ■

ജീവികളും ജൈവവും അജൈവവുമായ അവയുടെ ചുറ്റുപാടുകളും ഇവയൊക്കെ തമ്മിലുള്ള സങ്കീർണമായ ബന്ധപ്പെടലുമാണ് ആവാസവ്യവസ്ഥ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. വനങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ശുദ്ധജലാശയങ്ങൾ, കടൽ എന്നിങ്ങനെ അനേകതരം ആവാസവ്യവസ്ഥകൾ ഉണ്ട്. ഓരോ ആവാസവ്യവസ്ഥയും ഘടനാപരവും പാരിസ്ഥിതികവുമായ തലങ്ങളിൽ തനതായ വ്യത്യസ്തത പുലർത്തുന്നു.

റിപ്പോർട്ട്

ജോസ് മാത്യു

സമന്വയം – 2013

മലപ്പുറം ജില്ലയിലെ പഞ്ചായത്ത് ജീവനക്കാരുടെ സംഗമം

ഔദ്യോഗികമായ ജോലി ത്തിരക്കുകളും തദ്ദേശഭരണ സംവിധാനത്തിന്റെ ഭാഗമായുള്ള സമ്മർദ്ദങ്ങളും വളരെയേറെ അനുഭവിയ്ക്കുന്ന പഞ്ചായത്ത് ജീവനക്കാർക്ക് ജാതി, മത, കക്ഷി, രാഷ്ട്രീയ സംഘടന വ്യത്യാസമില്ലാതെ കൂടിച്ചേരുന്നതിനും ആശയ വിനിമയം നടത്തുന്നതിനും, അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്ന തിനുമുള്ള ഒരു വേദിയായാണ് ഇപ്രകാരം ഒരു പരിപാടി സംഘടിപ്പിച്ചത്.

മലപ്പുറം ജില്ലയിലെ 100 ഗ്രാമ പഞ്ചായത്തുകളിലും മറ്റ് ഓഫീസുകളിലുമായി ജോലി ചെയ്യുന്ന 1500 ൽപ്പരം ജീവനക്കാരുടെ സംഗമം മെയ് 11ന് 'സമന്വയം' എന്ന പേരിൽ മലപ്പുറത്ത് വെച്ച് നടന്നു. സംസ്ഥാനത്ത് ആദ്യമായി സംഘടിപ്പിക്കപ്പെട്ട ഈ പരിപാടിയിൽ ജില്ലയിലെ 1200 ൽപ്പരം ജീവനക്കാർ പങ്കെടുത്തു. ഔദ്യോഗികമായ ജോലിത്തിരക്കുകളും തദ്ദേശഭരണ സംവിധാനത്തിന്റെ ഭാഗമായുള്ള സമ്മർദ്ദങ്ങളും വളരെയേറെ അനുഭവിയ്ക്കുന്ന പഞ്ചായത്ത് ജീവനക്കാർക്ക് ജാതി, മത, കക്ഷി, രാഷ്ട്രീയ സംഘടന വ്യത്യാസമില്ലാതെ കൂടിച്ചേരുന്നതിനും ആശയ വിനിമയം നടത്തുന്നതിനും, അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള ഒരു വേദിയായാണ് ഇപ്രകാരം ഒരു പരിപാടി സംഘടിപ്പിച്ചത്.

സമന്വയം 2013 എന്ന് നാമകരണം ചെയ്യപ്പെട്ട സംഗമത്തിന്റെ ഉദ്ഘാടനംനിർവ്വഹിച്ചത് സംസ്ഥാന പട്ടികജാതി, പിന്നോക്കക്ഷേമ ടൂറിസം വകുപ്പ് മന്ത്രി എ.പി അനിൽ കുമാറാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹ്റ മമ്പാട് അധ്യക്ഷത വഹിച്ച ചടങ്ങിൽ പി. ശ്രീരാമകൃഷ്ണൻ എം.എൽ.എ, മുൻ തദ്ദേശ ഭരണ വകുപ്പ് മന്ത്രി കുട്ടി അഹമ്മദ്കുട്ടി,

പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസ്, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സി.കെ.എ റസാഖ്, സെക്രട്ടറി സി.കെ ജയദേവൻ, പി.സിദ്ദിഖ്, കെ.എൽ. അലക്സാണ്ടർ തുടങ്ങിയവർ സംബന്ധിച്ചു. ജീവനക്കാരുടെ കലാപരിപാടികളുടെ ഉദ്ഘാടനം പ്രശസ്ത കവി പി.കെ ഗോപി നിർവ്വഹിച്ചു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ സമന്വയം 2013ന് നല്കിയ ആശംസ സന്ദേശം ജീവനക്കാർക്ക് ഏറെ ആവേശം പകരുന്നതായിരുന്നു.

സംസ്ഥാനത്ത് ഏറ്റവുമധികം ഗ്രാമ പഞ്ചായത്തുകളുള്ളതും ഏറ്റവുമധികം ജനസംഖ്യയുള്ളതുമായ മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ രംഗത്തെ വിവധ മേഖലകളിലെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് ഒന്നാമതാണ്. പഞ്ചായത്ത് വകുപ്പ് തലത്തിലും ഗ്രാമ പഞ്ചായത്ത് ഭരണസമിതികൾ തമ്മിലും വിവധ വകുപ്പുകൾ തമ്മിലും പുലർത്തുവാൻ കഴിയുന്ന പരസ്പര ഐക്യവും സഹകരണവുമാണ് ഇപ്രകാരമൊരു നേട്ടത്തിലേക്ക് ജില്ലയെ എത്തിച്ചിട്ടുള്ളത്. ജില്ലയിലെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ.ബാബുവിന് ജില്ലയിലെ പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ വക സ്നേഹോപഹാരം മന്ത്രി എ.പി അനിൽകുമാർ നല്കി.

കൂടാതെ സംസ്ഥാനത്തെ 2011-12 വർഷത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തായി തെരെഞ്ഞെടുത്ത് സ്വരാജ് ട്രോഫിക്ക് അർഹമായ പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയേയും ജീവനക്കാരെയും, ജില്ലയിലെ മികച്ച ഗ്രാമപഞ്ചായത്തായി തെരെഞ്ഞെടുത്ത പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും, ജീവനക്കാരെയും ചടങ്ങിൽ ഉപഹാരം നല്കി ആദരിച്ചു.

2013-14 വാർഷിക പദ്ധതി പ്രവർത്തനം ഏപ്രിൽ 1 ന് തന്നെ ആരംഭിക്കണമെന്ന സർക്കാർ നിർദ്ദേശത്തിനനുസരിച്ച് വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം മാർച്ച് മാസത്തിൽ തന്നെ നേടി പദ്ധതി പ്രവർത്തനം ആരംഭിച്ച പുലാമന്തോൾ, ആനക്കയം, ഊരകം, എടരിക്കോട്, അങ്ങാടിപ്പുറം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും ജീവനക്കാർക്കും മുൻ തദ്ദേശ ഭരണ വകുപ്പ് മന്ത്രി കുട്ടി അഹമ്മദ്കുട്ടി ഉപഹാരങ്ങൾ നല്കി.

സംസ്ഥാനത്ത് ഏറ്റവുമധികം ഗ്രാമ പഞ്ചായത്തുകളുള്ളതും ഏറ്റവുമധികം ജനസംഖ്യയുള്ളതുമായ മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ രംഗത്തെ വിവധ മേഖലകളിലെ പ്രവർത്തനങ്ങളിൽ സംസ്ഥാനത്ത് ഒന്നാമതാണ്. പഞ്ചായത്ത് വകുപ്പ് തലത്തിലും ഗ്രാമ പഞ്ചായത്ത് ഭരണസമിതികൾ തമ്മിലും വിവധ വകുപ്പുകൾ തമ്മിലും പുലർത്തുവാൻ കഴിയുന്ന പരസ്പര ഐക്യവും സഹകരണവുമാണ് ഇപ്രകാരമൊരു നേട്ടത്തിലേക്ക് ജില്ലയെ എത്തിച്ചിട്ടുള്ളത്. ജില്ലയിലെ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ.ബാബുവിന് ജില്ലയിലെ പഞ്ചായത്ത് വകുപ്പ് ജീവനക്കാരുടെ വക സ്നേഹോപഹാരം മന്ത്രി എ.പി അനിൽകുമാർ നല്കി.

2011–12 സാമ്പത്തിക വർഷം ജില്ലയിൽ 100 ശതമാനം നികുതി പിരിച്ചെടുത്ത അമരമ്പലം, ചാലിയാർ, ചോക്കാട്, ചുങ്കത്തറ, പോത്തുകൽ, വണ്ടൂർ, അരിക്കോട്, പോരൂർ, താഴെക്കോട്, എടപ്പറ്റ, പുലാമന്തോൾ, തുവ്വൂർ, കോഡൂർ, മക്കരപ്പറമ്പ്, തേഞ്ഞിപ്പലം, പൊൻമുണ്ടം ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കും, ജീവനക്കാർക്കുമുള്ള ഉപഹാരങ്ങൾ പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക. ഐ.എ.എസ് വിതരണം ചെയ്തു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലയിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെച്ച് ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയ വഴിക്കടവ്, കാളികാവ് എന്നീ ഗ്രാമ പഞ്ചായത്തുകൾക്കുള്ള ഉപഹാരങ്ങൾ ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സി.കെ.എ റസാഖ് സെക്രട്ടറി സി.കെ. ജയദേവൻ എന്നിവർ വിതരണം ചെയ്തു.

ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആരോഗ്യകേരളം ജില്ലാതല അവാർഡ് നേടിയ വളാഞ്ചേരി, നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിക്കും ജീവനക്കാർക്കുമുള്ള ഉപഹാരവിതരണം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ജോസ് മാത്യു നിർവ്വഹിച്ചു.

സംസ്ഥാനത്തെ മികച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് നേടിയ പുലാമന്തോൾ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. സിദ്ധിഖ്, ജില്ലയിലെ മികച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള അവാർഡിന് അർഹനായ പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ. സദാനന്ദൻ എന്നിവർക്ക് പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഉപഹാരങ്ങൾ നല്കി ആദരിച്ചു.

പഞ്ചായത്ത് ജീവനക്കാരുടെ കുട്ടികളിൽ 2013 മാർച്ച് മാസത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ 8 കുട്ടികൾക്കുള്ള ഉപഹാരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ ബാബു വിതരണം ചെയ്തു. തുടർന്ന് സമന്വയം 2013 ന്റെ ഭാഗമായി പഞ്ചായത്ത് ജീവനക്കാരുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. ഗ്രാമപഞ്ചായത്തുകളിൽ കടുത്ത മാനസിക സമ്മർദ്ദം അനുഭവിച്ച് ജോലിയെടുക്കുന്ന ജീവനക്കാർക്ക് സമന്വയം 2013 വേറിട്ട ഒരനുഭവമായിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഇത്തരം കൂട്ടായ്മകൾ സംഘടിപ്പിക്കണമെന്ന ദൃഢനിശ്ചയവുമായാണ് ജീവനക്കാർ പിരിഞ്ഞുപോയത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ. ബാബു രക്ഷാധികാരിയും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ജോസ് മാത്യു ചെയർമാനായും പി. നവാസ് ജനറൽ കൺവീനറുമായ കമ്മിറ്റിയാണ് സമന്വയം 2013 ന് നേതൃത്വം നൽകിയത്. ■

തയ്യാറാക്കിയത് : (പഞ്ചായത്തു അസി: ഡയറക്ടർ, മലപ്പുറം)

ഗ്രാമപഞ്ചായത്തുകളിൽ കടുത്ത മാനസിക സമ്മർദ്ദം അനുഭവിച്ച് ജോലിയെടുക്കുന്ന ജീവനക്കാർക്ക് സമന്വയം 2013 വേറിട്ട ഒരനുഭവമായിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഇത്തരം കൂട്ടായ്മകൾ സംഘടിപ്പിക്കണമെന്ന ദൃഢനിശ്ചയവുമായാണ് ജീവനക്കാർ പിരിഞ്ഞുപോയത്.

പി.എൻ. പണിക്കർ അനുസ്മരണം

പി.എൻ. പണിക്കർ അനുസ്മരണാർഥം സംസ്ഥാന സർക്കാർ, വിദ്യാഭ്യാസം, പഞ്ചായത്ത്, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുകൾ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 18-ാമത് വായനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കനകക്കുന്ന് കൊട്ടാരത്തിലെ പ്രൗഢഗംഭീരമായ സദസ്സിനെ സാക്ഷിയാക്കി കേന്ദ്ര മാനവവിഭവശേഷി സഹമന്ത്രി ഡോ. ശശിതരൂർ നിർവ്വഹിച്ചു.

ഈ നൂറ്റാണ്ടിൽ വായനയില്ലാതെ ജീവിക്കാൻ കഴിയില്ല. വായന പ്രോത്സാഹിപ്പിക്കാനായി പി.എൻ. പണിക്കർ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങൾ രാജ്യം മുഴുവൻ ഏറ്റെടുത്തിരിക്കുകയാണ്. ഇൻഫർമേഷൻ യുഗത്തിലും പുസ്തകവായന അത്യാവശ്യമാണ്. ആധുനിക തലമുറ പുസ്തക വായനയിൽ നിന്നും ഇ-വായനയിലേയ്ക്ക് മാറിയിരിക്കുകയാണ് എന്ന് കേന്ദ്ര മന്ത്രി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ആൺ-പെൺ വ്യത്യാസമില്ലാതെ എല്ലാവരേയും സാക്ഷരരാക്കുവാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ സവിശേഷത. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശാസ്ത്ര രംഗത്തേയ്ക്ക് കേരളത്തിൽ പെൺകുട്ടികൾ കൂടുതലായി വരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സമൂഹം ദൃശ്യമാധ്യമങ്ങളുടെ സ്വാധീന വലയത്തിലേയ്ക്ക് ഉൾവലിഞ്ഞു കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പുതിയ തലമുറയെ വായനയോട് അടുപ്പിക്കുവാൻ കഴിയണമെന്നും പി.എൻ. പണിക്കർ അനുസ്മരണാർഥമുള്ള വായനോത്സവത്തിന്റെ ലക്ഷ്യം അതാണെന്നും ചടങ്ങിൽ അധ്യക്ഷം വഹിച്ച വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് പറയുകയുണ്ടായി.

വായിക്കുക, വായിച്ചു വളരുക എന്ന പി.എൻ.പണിക്കരുടെ സന്ദേശം പുതിയ തലമുറ ഉൾക്കൊള്ളണമെന്നും വായനയിൽകൂടി സംസ്കൃതചിത്തരായ സമൂഹത്തെ വാർത്തെടുക്കണമെന്നും ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ധനമന്ത്രി കെ.എം. മാണി പറയുകയുണ്ടായി.

മലയാളം ഒന്നാം ഭാഷയും ഭരണഭാഷയും ശ്രേഷ്ഠ ഭാഷയുമായി മാറിയ സാഹചര്യത്തിൽ കേരളത്തിൽ വായിച്ചു വളരുന്ന ഒരു തലമുറയെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയണമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് അഭിപ്രായപ്പെട്ടു.

വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സാക്ഷരതാ നിരക്ക് ഏറ്റവും മുൻപന്തിയിലാണ്. പലരാജ്യങ്ങളും കേരളത്തിന്റെ സാക്ഷരതാ പ്രവർത്തനങ്ങൾ മാതൃകയായി സ്വീകരിച്ചുവരികയാണ്. ഗ്രന്ഥശാലാ പ്രസ്ഥാനവും സാക്ഷരതാ പ്രസ്ഥാനവും കെട്ടിപ്പടുത്ത പി.എൻ. പണിക്കരുടെ സേവനങ്ങൾ ലോകത്തിന് മുഴുവൻ മാതൃകയാണെന്നും മുഖ്യപ്രഭാഷണം നടത്തിയ യുഎൻഡിപി കൺട്രി ഡയറക്ടർ ലിസി ഗ്രാന്റെ അഭിപ്രായപ്പെട്ടു.

സുസ്ത്യർഹമായ അധ്യാപക ജീവിതം നയിച്ച് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ ലഭിച്ച ശ്രേഷ്ഠരായ അധ്യപകരെ ഗുരുവന്ദനം നടത്തി കുട്ടികൾ ചടങ്ങിൽ ആദരിച്ചു.

വായനയുടെ സ്വാധീനത്തെക്കുറിച്ച് കാർമൽ സ്കൂളിലെ അനശ്വരയും ചിന്മയാ മിഷനിലെ സിദ്ധാർഥും ചടങ്ങിൽ വിവരിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽനിന്നും പങ്കെടുത്ത കുട്ടികൾ വായനയിൽകൂടി ജീവിതം ശക്തിപ്പെടുത്തുവാൻ വായിച്ചു വളരണമെന്നുള്ള പ്രതിജ്ഞ ഹൃദിസ്ഥമാക്കി.

പാലോട് രവി എം.എൽ.എ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു. ■

പ: ന്യൂസ് സർവ്വീസ്

സഹായിക്കാൻ ആരുമില്ലാത്ത 70 വയസ്സു കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ധനസഹായം

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതയുടെ തീരുമാന പ്രകാരം സഹായിക്കാൻ ആരുമില്ലാത്ത 70 വയസ്സു കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ സ്വന്തം പേരിലുള്ള സ്ഥലത്ത് വീട്, കുടിവെള്ളം, കക്കൂസ് എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നമ്പർ 42718/ഡിഎ1/2013/തസ്വഭവ. തീയതി 03.07.2013)

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയെങ്കിലും ഉൾപ്പെടുത്തണം

സംസ്ഥാനത്ത് വ്യാവസായിക മലിനീകരണത്തേക്കാൾ ശ്രദ്ധ അർഹിക്കുന്ന ഒരു പാരിസ്ഥിതിക വിപത്തായി മനുഷ്യജന്യ മലിനീകരണം വളർന്നിരിക്കുന്നു. പകർച്ചവ്യാധികളുടെ രൂപത്തിലും കുടിവെള്ള ദൗർലഭ്യമായും മറ്റും അതിന്റെ വിപത്തുകൾ സംസ്ഥാനത്ത് അനുഭവപ്പെടുന്നു. ഈ വിധ മലിനീകരണം, ഗ്രാമപഞ്ചായത്ത് തലം മുതൽ പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതികളിലൂടെ ഒഴിവാക്കാമെന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഇനി മുതൽ ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയെങ്കിലും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ (സാധാ)നം. 1834/2013/തസ്വഭവ തീയതി 11.07.2013)

വിമുക്ത ഭടന്മാർ/അവരുടെ ഭാര്യമാർ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ/എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വീട്ടുകരം സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിച്ചു.

1. തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതായ ഒരു വീടിന് മാത്രമേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. കര, നാവിക, വ്യോമ സേന വിഭാഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.
2. വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
3. മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.
4. മക്കളുടെ പേരിൽ ഉൾപ്പെടെ സ്ഥലവും വീടും കൈമാറ്റം ചെയ്താൽ പ്രസ്തുത സാമ്പത്തിക വർഷം മുതൽ നികുതിയിളവിനുള്ള അർഹത നഷ്ടപ്പെടുന്നതായിരിക്കും. കൈമാറ്റം ചെയ്യുന്ന സന്ദർഭത്തിൽ ആ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് ഉടമസ്ഥാവകാശം മാറ്റേണ്ടത് വിമുക്തഭടന്റെ/വിമുക്തഭടന്റെ ഭാര്യയുടെ/വിമുക്ത ഭടന്റെ വിധവയുടെ ഉത്തരവാദിത്തം ആയിരിക്കുന്നതാണ്. കൈമാറ്റം ചെയ്യപ്പെട്ടാൽ ഉടമസ്ഥാവകാശം മാറ്റാതെയിരിക്കുന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായാൽ വിമുക്തഭടന്മാർ/അവരുടെ ഭാര്യമാർ, അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരിൽ നിന്നും നഷ്ടം ഈടാക്കുന്നതാണ്.
5. പുതുതായി നികുതി ചുമത്തുമ്പോൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് അർഹത പരിശോധിച്ച് നികുതിയിളവ് അനുവദിക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിൽ നിന്നും കെട്ടിടം ഒഴിവാക്കുവാൻ പാടില്ലാത്തതാണ്.
6. നികുതിയിളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ് സർട്ടിഫിക്കറ്റിലോ സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്രവച്ച് നൽകേണ്ടതാണ്.
7. ഒരിക്കൽ നികുതിയിളവ് അനുവദിച്ചാലും നികുതിയിളവിനുള്ള അപേക്ഷ, എല്ലാ സാമ്പത്തിക വർഷങ്ങളിലും ഏപ്രിൽ 10ന് മുൻപ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾക്ക് നൽകേണ്ടതാണ്. (സ.ഉ (എം.എസ്) നമ്പർ 242/2013/തസ്വഭവ തീയതി 02.07.2013)

തിരുത്ത്

പഞ്ചായത്തരാജ് മാസികയുടെ 2013 മെയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച ഇറ്റ്ഫോക്ക് 2013 എന്ന ലേഖനം തയ്യാറാക്കിയത് കേരള സംഗീതാ നാടക അക്കാദമിയിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഇപ്പോൾ തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായ വി.കെ ശ്രീധരനാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി



പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012

അമ്മിണി എനർജി സിസ്റ്റംസിന്

മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.

The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)
- LED സ്ട്രീററ്ലൈററുകൾ (ERTL Certified)

അമ്മിണി എനർജി സിസ്റ്റംസ്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം– 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

BIS CERTIFIED

ലൈട്രോൺ

CFL വഴിവിളക്കുകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം

STQC Certification QMS — MGMT. SYS. RvA C 286 — ISO 9001: 2008

ONICRA We Secure Trust — NSIC - ONICRA CREDIT RATED:SE1B

एन. एस. आई. सी NSIC ISO 9001 : 2008 REGISTERED

SIDCO REGISTERED

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor, Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS